# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 ലക്കം - 10 കന്നി - 1192 ഒക്ടോബർ 2016







എറണാകുളം കരയോഗത്തിലും പ്രശാന്തി ഹോം ഫോർ ദ് ഏജ്ഡ് & വനിതാഹോസ്റ്റലിലും നടന്ന 2016 ലെ ഓണാഘോഷത്തിൽ നിന്ന്....





എറണാകുളം ജനറൽ ഹോസ്പിറ്റൽ, ഫോർട്ട്കൊച്ചി താലൂക്ക് ഹോസ്പിറ്റൽ, എന്നിവിടങ്ങളിലെ നിർദ്ധനരായ കിടപ്പുരോഗികൾക്കും കോതമംഗലം കുട്ടമ്പുഴയിൽ പൂയംകുട്ടി വനമേഖലയിൽ തലവച്ചപാറ കുടി കോളനിയിലെ ആദിവാസി കുടംബങ്ങൾക്കും ഭക്ഷ്യോല്പന്ന കിറ്റുകൾ പ്രസിഡൻറ് കെ.പി.കെ.മേനോൻ വിതരണം ചെയ്യുന്നു.



ടിഡിഎം ഹാളിൽ നടന്ന 'കാലാവസ്ഥാ റഡാറും പ്രവചനങ്ങളും' എന്ന സെമിനാറിൽ പ്രൊഫ. ഡോ.കെ.മോഹൻകുമാർ സംസാരിക്കുന്നു.....




എറണാകുളം കരയോഗം കഥകളി ക്ലബ്ബിൻെറ സെപ്റ്റംബർമാസ കഥകളി സീതാസ്വയംവരത്തിൽ നിന്ന്...




എറണാകുളം കരയോഗവും ബീമും സംയുക്തമായി സെപ്റ്റംബർമാസത്തിൽ നടത്തിയ 'ചരിത്രപുസ്തകത്തിലേക്കൊരേട്' എന്ന നാടകത്തിൽ നിന്ന്....



എഡിറ്റോറിയൽ

# എന്തേ ഇത്രയ്ക്ക് പക്ഷപാതപരമായ പെരുമാറ്റം

ഓണം മലയാളിയുടെ ഒരു വർഷത്തെ പ്രതീക്ഷയ്ക്ക് പൂവണിയിച്ചുകൊണ്ട് പൂവിളിയും, പൂക്കളുമായി നാടും നഗരവും ക്ഷേത്രങ്ങളും, വിദ്യാലയങ്ങളും വ്യവസായ സ്ഥാപനങ്ങളും ഓഫീസുകളും എന്നു വേണ്ടാ ജാതിമത വ്യത്യാസമില്ലാതെ ആബാലവൃദ്ധം ജനങ്ങളും അത്തം മുതൽ പൂക്കളമിട്ടും, കോടിയുടുത്തും തിരുവാതിരയും ആട്ടവും പാട്ടും നാടൻ കലാരൂപങ്ങളുമായി ആഘോഷതിമിർപ്പിൽ ആറാടുന്ന കാഴ്ചയായിരുന്നു നൂറ്റാണ്ടുകളായി നടന്നു വന്നിരുന്നത്. കാരണം ഓണം മലയാളിയുടെ ദേശീയോത്സവമാണ് എന്നുള്ളതിനപ്പുറം, അത് സഹവർത്തിത്വത്തിന്റെയും, സാഹോദര്യത്തിന്റെയും വിശാലമായ ലോകത്തേയ്ക്ക് നമ്മെ കൈപിടിച്ചുയർത്തുകയാണ് 'മാനുഷരെല്ലാരും ഒന്നു പോലെ' എന്ന മഹത്സ്വപ്നസാക്ഷാത്ക്കാരത്തിനായി. എന്നാൽ എന്തേ ഈ വർഷത്തെ ഓണപ്രസരിപ്പിന് മങ്ങലേറ്റു. എന്തേ പതിവുപോലുള്ള ഉത്സാഹതിമിർപ്പ് എങ്ങും കണ്ടില്ല? അതിവർഷമോ, വരൾച്ചയോ, മറ്റ് പ്രകൃതിക്ഷോഭങ്ങളോ, പകർച്ചവ്യാധിയോ, ദുരിതങ്ങളോ, ദാരിദ്രമോ ഒന്നും സംഭവിച്ചിട്ടുമില്ല. പിന്നെ എന്താണീ വിറങ്ങലിപ്പിന് കാരണം? ഈ മാന്ദ്യത്തിന് കാരണം? 'യഥാരാജാ തഥാ പ്രജാ' എന്നല്ലേ ചൊല്ല്. ജനമനസ്സുകളിൽ സന്തോഷത്തിന്റെ തിരി തെളിയിക്കേണ്ടവർ അത് കെടുത്തുവാൻ ശ്രമിച്ചാൽ പിന്നെ എങ്ങനെ പ്രകാശം പരക്കും ? എങ്ങനെ സന്തോഷം നിറയും? ഓർമ്മ വെച്ച നാളു മുതൽ കണ്ടു വരുന്നത് ഓണത്തിന് എല്ലാ ഗ്രഹങ്ങളിലും, എല്ലാ സ്ഥാപനങ്ങളിലും പൂക്കളം ഒരുക്കുന്നതാണ് അതിൽ ജാതിയില്ല, മതമില്ല രാഷ്ട്രീയ വ്യത്യാസങ്ങളില്ല, അരുണോദയത്തിന്റെ ഉത്സവമാണത്, വർണ്ണങ്ങളുടെ ഉത്സവമാണത്. അതിനാൽ തന്നെ അതിൽ എല്ലാവരും പങ്കെടുത്തിരുന്നു.

## ഉള്ളടക്കം

വാല്യം 9 | ലക്കം 10 | ഒക്ടോബർ 2016

1. എഡിറ്റോറിയൽ 3
2. ജനറൽ സെക്രട്ടറിയുടെ പംക്തി 5
3. ഒക്ടോബർ മാസ പരിപാടികൾ 6
4. ബാലലോകം 7
5. രാഗപരിചയം 8
6. വാസ്തു 9
7. ഭാരതത്തിലെ ഋഷികവികൾ 10
8. ക്ഷേത്രങ്ങളിലൂടെ 14
9. കവിത (മൊഴിയും വഴിയും) 17
10. ജന്മനാളിന്റെ മഹത്വം 18
11. വടക്കൻ കേരളത്തിലെ ക്ഷേത്രങ്ങളിലൂടെ... 21
12. വിയോഗം 23
13. ഭാവി എന്താകണം 26
14. ഗ്ലാൻസ് 28
15. ഒരപൂർവ്വ ഹസ്തദാനത്തിന്റെ കഥ 29
16. നായാടികൾ ശപിക്കുന്നവരോ ശപിക്കപ്പെട്ടവരോ 32
17. ഹൈന്ദവചാര വൈകല്യം 34
18.നെപ്പോളിയൻ പരാജയപ്പെട്ടതെങ്ങനെ 37
19. തീപിടുത്തം 39
20. മാനസിക പരിവർത്തനം ഭാരതീയ ...... 41
21. പാതഞ്ജല യോഗദർശനം 45
22. ദൗത്യം 47
23. കൊഴുപ്പും ശരീരഭാരവും 50
24. നവരാത്രി 52
25. മാസഫലം 55
26. മാട്രിമോണിയൽ 56-66

## പത്രാധിപസമിതി

**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)
**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)
**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**
**എ. മുരളീധരൻ**
**കെ. പ്രസന്നകുമാർ**

കള്ളവും ചതിയുമില്ലാതെ, സത്യത്തിന്റെയും, ധർമ്മത്തിന്റെയും, സമർപ്പണത്തിന്റെയും ഓർമ്മപ്പെടുത്തലായ ഓണം ഓഫീസുകളിൽ നിന്നകറ്റി നിർത്തിയതിന്റെ, ഓഫീസ് സമയത്ത് പൂക്കളം ഇടാൻ പാടില്ല എന്ന് പറഞ്ഞതിന്റെ പിന്നിലെ ചേതോവികാരം എന്താണെന്ന് മനസ്സിലാകുന്നില്ല. സത്യസന്ധതയോടുകൂടി അർപ്പണമനോഭാവത്തോടുകൂടി, ജോലി ചെയ്യേണ്ടുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് പ്രചോതനവും മാർഗ്ഗദർശകവുമല്ലേ ആ വീക്ഷണങ്ങൾ? ധർമ്മത്തിലധിഷ്ഠിതമായ കർമ്മത്തെയല്ലേ അത് ദൃഷ്ടാന്തികരിക്കുന്നത്. പിന്നെ എന്തുകൊണ്ട് ഈ വിലക്ക്? ആരെ പ്രീണിപ്പിക്കുവാൻ വേണ്ടിയാണീ ഉത്തരവുകൾ? അതോ സമന്വയമല്ല, സമരമാണ് യഥാർത്ഥ തത്ത്വശാസ്ത്രമെന്ന അപലപനീയമായ പഴഞ്ചൻ ചിന്താധാരയിലേക്കുള്ള മടങ്ങിപ്പോക്കാണോ ലക്ഷ്യമിടുന്നത്? എന്തായാലും സംസ്കാരസമ്പന്നനായ, എല്ലാവരേയും തുല്യരായി കാണേണ്ട ഒരു മുഖ്യമന്ത്രിയിൽ നിന്നും ഇത്രയ്ക്ക് ഇടുങ്ങിയ ചിന്താഗതി പ്രതീക്ഷിച്ചിരുന്നില്ല. ഈ വിലക്കുകൾ എല്ലാ വിഭാഗക്കാരുടേയും നേർക്ക് ഉണ്ടാകുമോ? ഓഫീസ് പ്രവർത്തന സമയത്ത് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ആർക്കും പ്രത്യേക സൗകര്യങ്ങൾ അനുവദിക്കാതിരിക്കാനും അങ്ങ് ശ്രദ്ധിക്കുമല്ലോ?

ഇനി മറ്റൊന്ന്, ഈ വർഷത്തെ മണ്ഡല മകര വിളക്ക് മഹോത്സവം ഭംഗിയാക്കുന്നതിനും, തീർത്ഥാടകർക്ക് എല്ലാവിധ സൗകര്യങ്ങളും ഒരുക്കുന്നതിനുമായി അങ്ങ് നേരിട്ട് ശബരിമലയലെത്തി വേണ്ട നിർദ്ദേശങ്ങൾ നല്കിയത് നന്നായി. പക്ഷേ ചരിത്രത്തിലൊരിക്കലും സംഭവിച്ചിട്ടില്ലാത്ത വിധത്തിൽ പൂജാദ്രവ്യങ്ങൾ വരെ സന്നിധാനത്ത് എത്തിക്കുന്നതിനെതിരെ ഉണ്ടായ സമരം, ഇതിന്റെ പിന്നിൽ ആരുടെ പ്രതികാരമാണ്, എന്തുദ്ദേശമാണ് എന്നുള്ളത് ചോറുണ്ണുന്ന മലയാളിക്കറിയാം. ഒന്നു തീർച്ച. പരിപാവനമായ ശബരീശ സന്നിധിയെ സ്വാമി മന്ത്രങ്ങൾക്കു പകരം സമരമുദ്രാവാക്യങ്ങൾകൊണ്ട് മലീമസമാക്കിയവരെ ജനം തിരിച്ചറിയും. മറ്റ് പല ആരാധനാലയങ്ങളിലും ഇതുപോലെ സാധനങ്ങൾ കൊണ്ടെത്തിക്കാറുണ്ട്. അവിടെയൊന്നും എന്തേ സമരം ചെയ്യാത്തത്? അപ്പോൾ ഇതിന്റെ പിന്നിൽ അപകടകരമായ അജണ്ട പതിയിരിക്കുന്നു എന്ന് സംശയിക്കുന്നതിൽ തെറ്റുണ്ടോ? എല്ലാം കാണുമ്പോൾ ഒന്നു ചോദിച്ചു പോവുന്നു. എന്തേ ഒരു വിഭാഗത്തോടു മാത്രം ഇത്ര പക്ഷപാതപരമായ പെരുമാറ്റം? ഉത്തരം വായനക്കാർക്ക് വിടുന്നു.

# എറണാകുളം കരയോഗം

## കുടംബക്ഷേമ കേന്ദ്രം

വൈവാഹിക പ്രശ്നങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തിൽ സർവ്വ സാധാരണയായിരിക്കുന്നു. പഴയകാല കൂട്ടുകുടുംബങ്ങളിലെ അമ്മൂമ്മമാരും അമ്മാവൻമാരും പ്രശ്നങ്ങളിൽ ഇടപെടുന്നതുപോലെ അണു കുടംബങ്ങളിൽ ഇടപെടുവാൻ ആളില്ലാതായിരിക്കുന്നു. ഇന്ന് ഒരു കുട്ടിയോ, രണ്ടു കുട്ടികളോ ഉള്ള നമ്മുടെ കുടുംബങ്ങളിൽ അല്ലലില്ലാതെ, അഥവാ ഒരു പ്രശ്നങ്ങളും അവരെ അറിയിക്കാതെ മാതാപിതാക്കൾ സ്വയം കൈകാര്യം ചെയ്യുകയും ബുദ്ധി മുട്ടുകളും പ്രയാസങ്ങളും അറിയിക്കാതെ വളർത്തുകയും ചെയ്യുന്നു.

ഈ അവസ്ഥയിൽ വളരുന്ന കുട്ടികൾ വൈവാഹിക ജീവിതത്തിൽ ഉണ്ടാകുന്ന നിസ്സാരപ്രശ്നങ്ങൾപോലും കൈകാര്യം ചെയ്യുവാൻ കഴിയാതെ വിവാഹമോചനത്തിൽ എത്തിച്ചേരുന്നു. സമൂഹം നേരിടുന്ന ഒരു വലിയ പ്രതിസന്ധിയായി ഈ വിവാഹബന്ധം വേർപ്പെടുത്തൽ വളർന്നു കഴിഞ്ഞിരിക്കുന്നു.

ഇതിന് പരിഹാരം കാണുക എന്നതാണ് എറണാകുളം കരയോഗത്തിന്റെ വലിയ ലക്ഷ്യം. അതിനായി ഒരു സ്ഥിരം കൗൺസലിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധരും പരിശീലനം സിദ്ധിച്ചവരുമായ കൗൺസിലേഴ്സ് നിങ്ങളുടെ കുട്ടികൾക്ക് വേണ്ട മാർഗ്ഗ നിർദ്ദേശം നല്കുന്നു. സ്വകാര്യത പൂർണ്ണമായും സൂക്ഷിച്ചുകൊണ്ട് വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്ന യുവതി യുവാക്കൾക്കും , വിവാഹിതർക്കും അവരുടെ പ്രശ്നങ്ങൾ പരസ്പരം ഉള്ളു തുറന്ന ചർച്ചയിലൂടെ പരിഹരിക്കാൻ സഹായിക്കുകയും ചെയ്യുന്നു.

കൺവീനർ

**ശ്രീമതി. മാലിനി മേനോൻ** (മൊബൈൽ : 9447015649)





# ജനറൽ സെക്രട്ടറിയുടെ പംക്തി

2016 ലെ നവരാത്രി ആഘോഷ പരിപാടികളും മത്സരങ്ങളും 11-ാം തീയതി സമാപിക്കുയാണ്. കരയോഗസൗഹൃദം നിങ്ങളുടെ കയ്യിലെത്തുമ്പോഴേയ്ക്കും നവരാത്രി ആഘോഷം പൂർത്തിയായിട്ടുണ്ടാവും. കേരളത്തിൽ വിജയദശമി നാളിൽ നടത്തുന്ന വിദ്യാരംഭത്തിനാണ് കൂടുതൽ പ്രാധാന്യം നാം കല്പിക്കുന്നത്. കൂടാതെ തന്നെ തൊഴിൽ മേഖലയിലെ പണിയായുധങ്ങൾ വെച്ചുള്ള ആയുധ പൂജയായും, എല്ലാം പ്രപഞ്ചസൃഷ്ടിയിലെ ഈശ്വര സങ്കല്പത്തിൽ അർപ്പിച്ചുകൊണ്ട്, നമ്മുടെ സംസ്ക്കാരത്തിൻെറ തനിമ നിലനിർത്തികൊണ്ട്, ഇന്നും ജാതിമതഭേദമെന്യേ കേരളത്തിലെ മറ്റ് ആഘോഷങ്ങൾ പോലെ തന്നെ നവരാത്രി ആഘോഷം പൊതുജനങ്ങൾ ഏറ്റെടുക്കുന്നു.

പത്രദൃശ്യമാധ്യമസ്ഥാപനങ്ങളും ക്രൈസ്തവ ദേവാലയങ്ങളും ഉൾപ്പെടെ പലരും വിദ്യാരംഭം ഈശ്വര കർമ്മമായി ഏറ്റെടുത്തുകൊണ്ട് ഭക്തിയോടെ ആചരിച്ചുവരുന്നു എന്നത് കേരളത്തെപ്പോലെയുള്ള മതസൗഹാർദ്ദ ഭൂമിയ്ക്ക് ആശ്വാസം പകരുന്നു. ഭാരതത്തിൻെറ വിവിധ ഭാഗങ്ങളിൽ വിവിധ വിശ്വാസങ്ങളുടെയും പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ നവരാത്രി ആഘോഷം/ദുർഗ്ഗാ പൂജ നടന്നുവരുന്നു. അശ്വിനത്തിലെ (കന്നിതുലാം) ശുക്ലപക്ഷ പ്രഥമ മുതൽ ഒൻപതു ദിവസങ്ങളിലായി ഈ ആഘോഷം ഭാരതത്തിൽ വിവിധ ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും അനുസൃതമായി ആഘോഷിക്കുന്നു. എറണാകുളം കരയോഗം നവരാത്രി ആഘോഷത്തോടനുബന്ധിച്ചുള്ള മത്സരപരിപാടികൾ 14.08.2016 മുതൽ ആരംഭിക്കുകയും 11.10.2016, വൈകുന്നേരം 5 മണിക്ക് നടക്കുന്ന സമ്മാനദാന ചടങ്ങോടെ രണ്ടു മാസം നീണ്ടു നിന്ന നവരാത്രി ആഘോഷ പരിപാടികൾ സമാപിക്കുകയാണ്.

കരയോഗത്തിൻെറ നവതി പദ്ധതിയുടെ ഭാഗമായി ഗുരുവായൂർ ഗസ്റ്റ്ഹൗസ് നിർമ്മാണത്തിനായി എഞ്ചിനീയർ/ആർക്കിടെക്റ്റ്സ് എന്നിവരെ തിരഞ്ഞെടുക്കുന്നതിനായി 22.09.2016 ൽ മലയാള മനോരമ, മാതൃഭൂമി, ഹിന്ദു, ഇൻഡ്യൻ എക്സ്പ്രസ്സ് എന്നീ ദിനപത്രങ്ങളിൽ പത്രപരസ്യം നൽകുകയും കരയോഗത്തിലെ എഞ്ചിനീയേഴ്സ് ഫോറം ഇതു സംബന്ധിച്ച് തുടർനടപടികൾ നടത്തി വരികയും ചെയ്യുന്നു.

തൃക്കടക്കാപ്പിള്ളി ശ്രീദുർഗ്ഗാഭഗവതി ക്ഷേത്രത്തിൻെറയും അതിനോടനുബന്ധിച്ചുള്ള ഭൂമിയുടെയും ചുറ്റുമതിൽ നിർമ്മാണത്തിന് 11.08.2016 ൽ പത്രപരസ്യം നൽകി ലഭിച്ച 19 ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന് വർക്ക് നൽകികൊണ്ടുള്ള അനന്തര നടപടികൾ ഭരണസമിതി സ്വീകരിച്ചു പോന്നിട്ടുണ്ട്.

എറണാകുളം കരയോഗം ജീവകാരുണ്യ സ്ഥിരം ഫണ്ടിൻെറ ധനശേഖരണാർത്ഥം നടത്തിയ 2016 ലെ ഓണവിപണന മേള പൂർവ്വാധികം ഭംഗിയായി നടത്താൻ സഹകരിച്ച എല്ലാ അംഗങ്ങളോടും കരയോഗം ജീവനക്കാരോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഓണത്തോടനുബന്ധിച്ച് ഫോർട്ട്കൊച്ചി താലൂക്ക് ഹോസ്പിറ്റൽ, എറണാകുളം ജനറൽ ഹോസ്പിറ്റൽ എന്നിവിടങ്ങളിലെ 150ഓളം നിർദ്ധനരായ പാലിയേറ്റീവ് രോഗികൾക്കുള്ള ഭക്ഷ്യോല്പന്ന കിറ്റുകൾ ടിഡിഎം ഹാളിൽ വിതരണം ചെയ്തു. കൂടാതെ കോതമംഗലം കുട്ടമ്പുഴയിലെ പൂയംകുട്ടി വനമേഖലയിൽ തലവച്ചപാറകുടിയിൽ ആദിവാസി കോളനിയിലെ 75 കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുകയുണ്ടായി.

എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗത്തിൻെറ നേതൃത്വത്തിൽ സെപ്റ്റംബർ 24ന് കാലാവസ്ഥാ പ്രവചനങ്ങളും റഡാറും എന്ന വിഷയത്തിൽ കൊച്ചി യൂണിവേഴ്സിറ്റി കാലാവസ്ഥാ കേന്ദ്രം ഡയറക്ടർ പ്രൊഫ. ഡോ.കെ. മോഹൻകുമാർ പ്രഭാഷണം നടത്തി.

ഒക്ടോബർ 17-ാം തീയതി കേരള സാമൂഹ്യസുരക്ഷ മിഷൻ വയോമിത്രം പരിപാടിയിൽ ലോകവയോജനദിനത്തോടനുബന്ധിച്ച് കരയോഗം നവതി മെമ്മോറിയൽ പോളിക്ലിനിക്കിൽ വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒക്ടോബർ മാസം 18-ാം തീയതി കേരള വനിതാ കമ്മീഷനും എറണാകുളം കരയോഗവും സംയുക്തമായി ടിഡിഎം ഹാളിൽ അദാലത്ത് നടത്തുന്നു. ഒക്ടോബർ 28-ാം തീയതി കരയോഗം

സാമൂഹ്യസേവന വിഭാഗമായ ചൈത്രത്തിൻെറ ഒൻപതാമത് വാർഷികം ടി.ഡി.എം.ഹാളിൽ നടത്തുന്നു.

എറണാകുളം കരയോഗം എല്ലാ മാസങ്ങളിലും നടത്തുന്ന വിവിധ പരിപാടികൾ കരയോഗ അംഗങ്ങളെ കരയോഗത്തിൻെറ മുഖപത്രമായ സൗഹൃദം മുഖേനയും എസ്എംഎസ് വഴിയും പത്രദൃശ്യമാധ്യമങ്ങളിലൂടെയുള്ള അറിയിപ്പ് വഴിയും അറിയിക്കുന്നുണ്ടെങ്കിലും പ്രേക്ഷകരുടെ കുറവ് സംഘാടകർക്കും പരിപാടി അവതരിപ്പിക്കുന്നവർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എന്നുള്ളത് പറയേണ്ടതില്ലല്ലോ. കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് പ്രേക്ഷക സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. എല്ലാ അംഗങ്ങളും എറണാകുളം കരയോഗം സംഘടിപ്പിക്കുന്ന പരിപാടികളിൽ നിർബന്ധമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം

### 2016 ഒക്ടോബർ മാസ പരിപാടികൾ - 12.10.2016 മുതൽ12.11.2016 വരെ

| | | | |
|---|---|---|---|
| 12.10.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 13.10.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 15.10.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 17.10.2016 | തിങ്കൾ | 2.00 p.m. | വയോമിത്രം മെഡിക്കൽ ക്യാമ്പ് ; പോളിക്ലിനിക് |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം ആരംഭം |
| 18.10.2016 | ചൊവ്വ | 10.00 a.m. | അദാലത്ത് (കേരള വനിത കമ്മീഷൻ) |
| | ചൊവ്വ | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 19.10.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 20.10.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 21.10.2016 | വെള്ളി | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 22.10.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 23.10.2016 | ഞായർ | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 24.10.2016 | തിങ്കൾ | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 25.10.2016 | ചൊവ്വ | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 26.10.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 27.10.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം |
| 28.10.2016 | വെള്ളി | 2.00 p.m. | ചൈത്രം : ഒൻപതാമത് വാർഷികാഘോഷം |
| | | 6.00 p.m. | ഉപനിഷത്ത് വിചാര യജ്ഞം സമാപനം |
| 29.10.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 2.11.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 3.11.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 5.11.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 9.11.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 10.11.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 12.11.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |





# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

നിങ്ങൾക്കറിയാമോ കുട്ടിക്കാലം മുതൽക്കു തന്നെ നാം കൂടുതൽ ശ്രദ്ധ പുലർത്തുന്നത് ബാഹ്യമായ കാര്യങ്ങളിലാണ്. നമുക്കു ചുറ്റും എന്തെല്ലാം ആകർഷണ വലയങ്ങളാണ് പുതിയ പുതിയ വസ്തുക്കൾ വിപണികളിൽ എത്തുമ്പോൾ ആർക്കാണ് അത് ലഭിക്കാൻ ആഗ്രഹം തോന്നാത്തത്. അത് സ്വാഭാവികമാണ്. പക്ഷെ ആവശ്യം അനുസരിച്ചു മാത്രം വാങ്ങുന്നതല്ലേ ബുദ്ധി. പഴയ കാലത്ത് ഒരു കളിപ്പാട്ടം കിട്ടുമ്പോൾ എന്തുമാത്രം സന്തോഷമാണ് കുട്ടികൾക്ക് തോന്നിയിരുന്നത്. ഇന്ന് അങ്ങിനെയല്ല. എന്തു കിട്ടിയാലും ഒന്നോ രണ്ടോ ദിവസത്തേക്ക്. പെട്ടെന്നു തന്നെ അതിനെ ഒഴിവാക്കി പുതിയത് കൈക്കലാക്കാനുള്ള ആവേശമായി. അതുകൊണ്ടു എന്താണ് സംഭവിക്കുന്നത് എന്ന് കൂട്ടുകാർക്കറിയാമോ? അർഹതപ്പെട്ടവർക്ക് ഒന്നും കിട്ടുന്നില്ല. എന്ത് കിട്ടുമ്പോഴും അത് മറ്റുള്ളവർക്കും കൂടി അവകാശപ്പെട്ടതാണ് എന്ന് ഓർമ്മ വേണം കേട്ടോ കൂട്ടുകാരെ. എല്ലാ തലത്തിലും നിങ്ങൾ ചിന്തിക്കണം യാഥാർത്ഥ്യങ്ങളെ തിരിച്ചറിയാതെ മുന്നോട്ടു പോകരുത്. എല്ലാറ്റിലും ഒരു പുരോഗമനഭാവം വേണം എന്നർത്ഥം. സ്വന്തം ദൗർബല്യങ്ങളെ തിരിച്ചറിയാനുള്ള വിവേകം കൂട്ടുകാർക്കുണ്ടാവണം. എന്തിനോടും സത്യസന്ധമായ മനോഭാവം നിങ്ങളെ നന്മയിലേക്ക് നയിക്കും. ആൽബർട്ട് ഐൻസ്റ്റീൻ ഒരിക്കൽ പറഞ്ഞിട്ടുണ്ട്. വിഷമതകൾക്കിടയിലാണ് അവസരങ്ങൾ കിടക്കുന്നത്. ഇതിൽ നിന്നെന്താ മനസ്സിലായത്? അല്പമൊക്കെ ശ്രമം ഏതു കാര്യത്തിനും ആവശ്യമാണ് എന്നർത്ഥം.

ആത്യന്തികമായി മനുഷ്യന്റെ സ്വാഭാവം എല്ലാം ഒന്നാണ്. പക്ഷെ ജീവിതശൈലിയാണ് അതിനെ മാറ്റി മറിക്കുന്നത്. നല്ല ജീവിതശൈലിയും, സത്യസന്ധതയും രാജ്യസ്നേഹവും മനുഷ്യത്വവും ഉള്ള ഒരു വ്യക്തിയായി തീരാനാണ് കൂട്ടുകാർ ശ്രമിക്കേണ്ടത് കേട്ടോ. ബാഹ്യവിഷയങ്ങൾക്കു കീഴ്പ്പെടരുത് എന്നർത്ഥം. അവനവനിലുള്ള ആത്മവിശ്വാസം നഷ്ടപ്പെടാതെ സൂക്ഷിക്കയും വേണം കേട്ടോ.

കേരളത്തിലെ ചില വിനോദ സഞ്ചാരകേന്ദ്രങ്ങൾ ഏതൊക്കെയാണ്?

കോവളം, കുമരകം, സൈലന്റ്വാലി, ആതിരപ്പള്ളി, മൂന്നാർ, വാഴച്ചാൽ, ബേപ്പൂർ, ബേക്കൽ.

ഇനി കുഞ്ചൻനമ്പ്യാരുടെ ചില വരികൾ ആസ്വദിച്ചോളൂ.

മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോടുക പാരം ദണ്ണം
മദ്ദളമൊരുദിശി കാട്ടിലെറിഞ്ഞി
ട്ടദ്ദിക്കിന്നഥ ധാവതി ചെയ്തു
ഒരു ഭാഗത്തെത്തോല് പിളർന്നി-
ട്ടൊരുവൻ ചെണ്ടക്കമേ പൂക്കാൻ
പെരുവഴി തന്നിലുരുണ്ടു തിരിച്ചാൻ
പെരുതായീടിന ചെണ്ടക്കാരൻ •

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗാംഗങ്ങളിൽ 55 വയസ്സ് കഴിഞ്ഞവരുടെ കൂട്ടായ്മയാണ് എൽഡർ സിറ്റിസൺ ഫോറം. എല്ലാ വ്യാഴാഴ്ചകളിലും 4 മണി മുതൽ 6 മണി വരെ കരയോഗത്തിൽ ഒത്തു ചേർന്ന് തങ്ങളുടെ ജീവിതാനുഭവങ്ങളിലൂടെയും ഔദ്യോഗിക നിർവ്വഹണത്തിലൂടെയും ആർജിച്ച അറിവുകളും, കഴിവുകളും, സമകാലീന സാമൂഹിക, സാമ്പത്തിക, ആദ്ധ്യാത്മിക, കലാസാംസ്കാരികവിഷയങ്ങളെക്കുറിച്ച് സജീവചർച്ചകളും സംവാദങ്ങളും നടത്തി വരുന്നു. ഇതിൽ അംഗമാകുന്നതിന് പ്രത്യേക ഫീസ്സോ നടപടി ക്രമങ്ങളോ ഇല്ല. ആയതു കൊണ്ട് 55 വയസ്സു കഴിഞ്ഞ എല്ലാ കരയോഗാംഗങ്ങളും ഇ.സി.എഫിൽ അംഗ ങ്ങളാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് കൺവീനർ
എസ്. ശ്രീകുമാർ, ഫോൺ: 94465 17644

രാഗപരിചയം

# ധർമ്മവതി



ഡോ. ജയലക്ഷ്മി നന്ദകുമാർ

കർണ്ണാടക സംഗീതത്തിലെ എഴുപത്തി രണ്ടു മേളകർത്താ രാഗങ്ങളിൽ 59-ാമത്തെ രാഗമാണ് ധർമ്മവതി. ഇത് ഒരു സമ്പൂർണ്ണ രാഗമാണ്. മേളകർത്താ പട്ടികയിൽ 10-ാമത്തെ ചക്രമായ 'ദിശി' യിൽ 5 ാമത്തെ രാഗമാണിത്. അതിനാൽ ധർമ്മവതിയുടെ സാങ്കേതിക നാമം ദിശി മ എന്നാകുന്നു. ദീക്ഷിതർ സമ്പ്രദായത്തിൽ ധർമ്മവതി രാഗത്തെ 'ധാമവതി' എന്നു വിളിക്കുന്നു. ദീക്ഷിതരുടെ ഈ രാഗത്തിലുള്ള കൃതിയിൽ 'പരം ധാമവതി ജയതി' എന്നതു കൊണ്ട് ഇക്കാര്യം സ്പഷ്ടമാകുന്നു.

ആരോഹണം : സ രി ഗ മ പ ധ നി സ
അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി ഋഷഭം, സാധാരണ ഗാന്ധാരം, പ്രതിമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കാകളി നിഷാദം.

ധർമ്മവതി രാഗത്തിന്റെ ശുദ്ധമദ്ധ്യമ രാഗമാണ് 23-ാമത്തെ മേളകർത്താ രാഗമായ ഗൗരിമനോഹരി. ധർമ്മവതിയുമായി സാമ്യത പുലർത്തുന്ന ഹിന്ദുസ്ഥാനി രാഗമാണ് തോഡി ഥാട്ടിന്റെ ജന്യരാഗമായ മധുവന്തി.

രഞ്ജനി, വിജയനാഗരി തുടങ്ങിയവ ധർമ്മവതി രാഗത്തിന്റെ ജന്യരാഗങ്ങളാണ്. ഭക്തിഭാവമാണ് ഈ രാഗത്തിൽ നിന്നും ഉളവാകുന്നത്. സായാഹ്ന സമയം ധർമ്മവതി രാഗം ആലപിക്കുന്നതിന് അനുയോജ്യം.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. | പരംധാമവതി | രൂപകം | മുത്തുസ്വാമി ദീക്ഷിതർ |
| 2. | ഓടോടി വന്തേൻ കണ്ണാ | ആദി | അംബുജം കൃഷ്ണ |
| 3. | ഭജനസേയറാദാ | രൂപകം | വാസുദേവാചാര്യർ |
| 4. | രാമചന്ദ്രസ്യ ദാസോഹം | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 5. | വാസമാ നീ അതിശയ | ആദി | ബാലമുരളീകൃഷ്ണ |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. | കാറ്റേ നീ വീശരുതിപ്പോൾ | കാറ്റു വന്നു വിളിച്ചപ്പോൾ |
| 2. | ചില്ലുജാലക വാതിലിൽ | ക്ലാസ്സ്മേറ്റ്സ് |
| 3. | അരപ്പവൻ പൊന്നു കൊണ്ടു | വാസ്തവം |
| 4. | ശാരദേന്ദു പാടി | കളിയൂഞ്ഞാൽ |
| 5. | ഓ ദിൽരുബാ | അഴകിയ രാവണൻ |
| 6. | സ്വാഗതം ഓതുമീ | ജനുവരി ഒരു ഓർമ്മ |
| 7. | ഇന്ദീവരങ്ങളിമ തുറന്നു | ഇരുമ്പഴികൾ |
| 8. | വരചന്ദ്രലേഖ | കിലുകിൽ പമ്പരം |
| 9. | എന്റെ മൗനരാഗമിന്നു | കൊട്ടാരം വീട്ടിലെ അപ്പൂട്ടൻ |
| 10. | ഇളം ചോലൈ പൂത്തതാ | ഉനക്കാകവേ വാഴ്കിറേൻ (തമിഴ്) |
| 11. | ഒട്ടകത്തെ കട്ടിക്കോ (ആദ്യപകുതി) | ജെന്റിൽമാൻ ● |

### നീതിസാരം


വൃശ്ചികസ്യവിഷം പുച്ഛം മക്ഷികായാ വിഷം ശിര ഃ
തക്ഷകസ്യവിഷം ദന്തം സർവ്വാംഗം ദുർജ്ജനസ്യച

തേളിന് വാലിൻമേൽ വിഷം. ഈച്ചയ്ക്കു തലയിൽ വിഷം. സർപ്പത്തിന് പല്ലിന്മേൽ വിഷം. ദുഷ്ടർക്കു സർവാംഗം വിഷമെന്നറിക.





# വാസ്തു



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദഗ്ദ്ധൻ

അടുത്ത കാലത്ത് ഒരു വിധം സാമ്പത്തികശേഷിയുള്ള ഒരു വീട്ടിൽ പോകാനിടയായി. സാമ്പത്തികമായി വളരെ ഉയർന്ന നിലയായതുകൊണ്ട് പുതിയതായി ഈയിടെ ഇറങ്ങിയിട്ടുള്ള എല്ലാ ആഡംബര വാഹനങ്ങളും അവിടെയുണ്ടായിരുന്നു. ഇന്ത്യയിലും വിദേശത്തുമായി ധാരാളം ബിസിനസ്സ് ചെയ്യുന്നു.

അവിടുത്തെ പ്രശ്നം, ദിവസവും മനസ്സമാധാനം കെടുത്തുന്ന ഓരോ പ്രശ്നങ്ങൾ ഉണ്ടാകും. പലരുടെയും അഭിപ്രായം മാനിച്ച് , കേരളത്തിലെ പല ജ്യോതിഷൻമാരെയും, തച്ചുശാസ്ത്ര വിദഗ്ദ്ധരെയും വീട്ടിൽ വിളിച്ച് അവരുടെ ഉപദേശപ്രകാരം പല തരത്തിലുള്ള പൂജകൾ നടത്തുകയും, മുറികളുടെ അളവുകൾ ശരിയാക്കുകയും ചെയ്തു. ഇതിൽ നിന്ന് ഒന്നും തന്നെ കാര്യമായ ഗുണങ്ങൾ കിട്ടിയില്ല. വളരെ അധികം മനോവിഷമം കാരണം വിഷമിക്കുന്ന സമയത്താണ് ഒരു സ്നേഹിതൻ വഴി ഞാൻ അവിടെ ചെല്ലാൻ ഇടയായത്.

സാമാന്യം വലിയ പറമ്പാണ്. ഈ വീടിന്റെ തെക്കു ഭാഗത്ത് പടിഞ്ഞാട്ട് വീഴ്ചയായി ഒരു റോഡ് ഉണ്ട്. തെക്ക് പടിഞ്ഞാറെ ഭാഗത്ത് ഗേറ്റും, കിഴക്കു ഭാഗത്ത് വടക്കോട്ട് സ്ളോപ്പും ആയി റോഡും, കിഴക്കു മദ്ധ്യത്തിലായി ഗേറ്റും ഉണ്ട്. കിഴക്കുള്ള റോഡ് വടക്കോട്ട് ചെരിവായതുകൊണ്ടും ഗേറ്റ് മദ്ധ്യത്തിലായതുകൊണ്ടും വലിയ കുഴപ്പമില്ല. തെക്കുള്ള ഗേറ്റ് റോഡ് പടിഞ്ഞാട്ട് വീഴ്ചയായതു കൊണ്ടും അത്ര നല്ലതല്ല. ഈ പറമ്പിന്റെ തെക്ക് കിഴക്കേ മൂല ഉയർന്നാണ് ഇരിക്കുന്നത് അത് നല്ലതല്ല.

ഒരു വീടിന്റെ തെക്കുഭാഗം ഗേറ്റ് നില്ക്കുകയാണെങ്കിൽ ആ ഗേറ്റ് തെക്കു കിഴക്കോട്ട് മാറ്റി വരണം. തെക്കു ഭാഗത്ത് ഗേറ്റ് വെക്കുകയാണെങ്കിൽ മറ്റൊരു ഗേറ്റ് ആ പറമ്പിലേക്ക് വെയ്ക്കാൻ പാടില്ല.

മേൽ പറഞ്ഞ വീട്ടിൽ തെക്കോട്ടുള്ള ഗേറ്റ് അടച്ച് തെക്കു കിഴക്കു ഭാഗത്ത് ഉയർന്നു നില്ക്കുന്ന അധിക മണ്ണ് തെക്കു പടിഞ്ഞാറെ മൂലയിലേക്ക് മാറ്റി കഴിഞ്ഞാൽ എല്ലാ പ്രശ്നങ്ങളും തീരുന്നതായിരിക്കും●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 94470 32434 എന്ന നമ്പറിൽ വിളിക്കാ വുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## എറണാകുളം കരയോഗം
## എൽഡർ സിറ്റിസൺസ് ഫോറം
### 2016 ഒക്ടോബർ / നവംബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 20.10.2016 | എ.ആർ.പണിക്കർ | ലക്ഷ്മിദേവി. പി. നായർ | കവിതാലാപനം സോപാന രീതിയിൽ | 890 |
| 27.10.20116 | | ഡോ. സുന്ദരി.ജി. മേനോൻ | യൂറിൻ തെറാപ്പി | 891 |
| 3.11.2016 | | എ.ആർ. പണിക്കർ | കുടുംബഭദ്രതയും മൂല്യച്യുതിയും | 892 |
| 10.11.2016 | | ടി.എൻ. ടി. നായർ | യാത്രാസ്മരണകൾ | 893 |

തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം



ശ്രീകുമാരി രാമചന്ദ്രൻ

### 6) നമ്മാഴ്‌വാർ

വൈകാശി മാസം (ഇടവം മെയ് / ജൂൺ) വിശാഖം രാശിയിൽ തിരുനെൽവേലി ജില്ലയിലെ ആഴ്‌വാർ തിരുനഗരിയിലാണ് നമ്മാഴ്‌വാർ ജനിച്ചത്. മാതാപിതാക്കൾ പുത്രനെ മാറൻ എന്നു പേർ വിളിച്ചു. ബാല്യം മുതൽക്കേ മാറന് വിഷ്ണുവിൽ അചഞ്ചലമായ ഭക്തിയുണ്ടായിരുന്നു. ആഴ്‌വാർ തിരുനഗരിയിലെ വിഷ്ണുക്ഷേത്രത്തിൽ അദ്ദേഹം മുടങ്ങാതെ നിർമ്മാല്യം തൊഴുതു പോന്നു. സന്ധ്യാവേളകളിൽ ക്ഷേത്രാങ്കണത്തിലെ പുളിമരച്ചുവട്ടിലിരുന്നു ധ്യാനിക്കുക മാറന്റെ ശീലമായിരുന്നു. ഈ സാധന വർഷങ്ങളോളം നീണ്ടു. ഒരുനാൾ മരച്ചുവട്ടിൽ ധ്യാനത്തിൽ മുഴുകിയിരിക്കെ അദ്ദേഹത്തിനു ഭഗവദ്ദർശനം ലഭിച്ചു. (ഈ മരച്ചുവട്ടിൽ പിൽക്കാലത്ത് ഭക്തജനങ്ങൾ നമ്മാഴ്‌വാരുടെ വിഗ്രഹം പ്രതിഷ്ഠിച്ചു). ക്രമേണ 'നമ്മുടെ ആഴ്‌വാർ' എന്ന അർത്ഥത്തിൽ ജനങ്ങൾ മാറനെ 'നമ്മാഴ്‌വാർ' എന്നു സംബോധന ചെയ്യാൻ തുടങ്ങി. ശഠകോപൻ, പരാങ്കുശൻ, വകുളാഭരണൻ തുടങ്ങിയ പേരുകളിലും അദ്ദേഹം അറിയപ്പെട്ടു.നമ്മാഴ്‌വാരെ വൈഷ്ണവകുലപതിയായി കരുതിവരുന്നു. അദ്ദേഹം നാലുകൃതികൾ രചിച്ചിട്ടുണ്ട്. അവ തമിഴ്‌വേദം, ദ്രാവിഡവേദം, പഞ്ചമവേദം എന്നീ നിലകളിൽ ആദരിക്കപ്പെട്ടുപോരുന്നു .ഈ കൃതികളടങ്ങിയതിനാൽ നാലായിരം പ്രബന്ധത്തിനും അതേ ആദരണീയത ലഭിച്ചു.

നൂറു പാസുരങ്ങളടങ്ങിയ തിരുവിത്തമാണ് നമ്മാഴ്‌വാരുടെ ആദ്യകൃതി. പിൽക്കാലത്ത് ഈ കൃതി ആയിരത്തിഒരുനൂറ്റി രണ്ടു പാസുരങ്ങളായി വിപുലീകരിക്കപ്പെടുകയും'തിരുവായ്മൊഴി' എന്നറിയപ്പെടുകയും ചെയ്തു. നമ്മാഴ്‌വാരുടെ ഏറ്റവും ശ്രേഷ്ഠമായ കൃതിയും ഇതു തന്നെ. ഏറെക്കാലങ്ങൾക്കുശേഷം പന്ത്രണ്ടാം നൂറ്റാണ്ടിൽ വിശിഷ്ടാദ്വൈതപ്രചാരകനായ ശ്രീരാമാനുജാചാര്യർ തിരുവായ്മൊഴിക്ക് വ്യാഖ്യാനം രചിച്ചു. ഏഴു പാസുരങ്ങളടങ്ങിയ തിരുവാചിരിയാം, എൺപത്തേഴു പാസുരങ്ങളടങ്ങിയ പെരിയതിരുവന്താദി എന്നിവയും നമ്മാഴ്‌വാരുടെ രചനകളാണ്. ഈ കൃതികൾ സാധനയിലൂടെ മുക്തി എന്ന ദർശനത്തെ ഉദാത്തവൽക്കരിയ്ക്കുന്നു. കേരളത്തിലെ തിരുകാട്കരൈ (തൃക്കാക്കര), തിരുമൂഴിക്കുളം, തിരുച്ചെങ്കന്റൂർ (ചെങ്ങന്നൂർ), തിരുവൺവണ്ടൂർ, തിരുവാറൻവിള (ആറൻമുള), തിരുക്കടിത്താനം (തൃക്കൊടിത്താനം) എന്നീ ക്ഷേത്രങ്ങളെ നമ്മാഴ്‌വാരുടെ പാസുരങ്ങളിൽ പ്രകീർത്തിച്ചു കാണാം.

### 7) മധുരകവിയാഴ്‌വാർ

ചിത്തിരമാസത്തിലെ (മേടം -ഏപ്രിൽ / മെയ്) ചിത്തിരനാളിൽ, പാണ്ഡ്യനാട്ടിലെ തിരുക്കോളൂരിൽ ചോഴിയ ബ്രാഹ്മണവംശത്തിലാണ് മധുരകവിയാഴ്‌വാരുടെ ജനനം. ബാല്യകാലത്തുതന്നെ വിഷ്ണുഭക്തിയിൽ മനമുറച്ചു. ഒരു ഗുരുവിനെ തേടിയുള്ള അന്വേഷണം അദ്ദേഹത്തെ തിരുനഗരി ക്ഷേത്രത്തിലെത്തിച്ചു. അവിടെ പടർന്നു പന്തലിച്ചു നിൽക്കുന്ന ഒരു പുളിമരം അദ്ദേഹത്തിന്റെ ശ്രദ്ധയാകർഷിച്ചു. മരച്ചുവട്ടിൽ ഏകാന്തതപസ്സിൽ മുഴുകിയിരുന്ന നമ്മാഴ്‌വരെ കണ്ടതും ഓടി അടുത്തുചെന്ന് ആ പാദങ്ങളിൽ വീണു നമസ്കരിച്ചു. 'അടിയനെ ശിഷ്യനായി സ്വീകരിക്കണം' അദ്ദേഹം കൂപ്പുകൈകളോടെ അഭ്യർത്ഥിച്ചു. നമ്മാഴ്‌വാർ സസന്തോഷം ഈ അപേക്ഷ കൈക്കൊണ്ടു. മധുരയിലെ കവി എന്നും മാധുര്യമുള്ള കവി എന്നുമുള്ള അർത്ഥത്തിലാണ് മറ്റുള്ളവർ ഇദ്ദേഹത്തെ മധുരകവിയാഴ്‌വാർ എന്നു സംബോധന ചെയ്യാൻ തുടങ്ങിയത്. പതിനൊന്നു പാസുരങ്ങളടങ്ങിയ 'കണ്ണിനൂൺ ചിറുത്താമ്പ്' എന്ന ഒരു കൃതി മാത്രമാണ് ഇദ്ദേഹത്തിന്റേതായി വീണ്ടെടുക്കപ്പെട്ടിട്ടുള്ളത്. ഇതിൽ ഈശ്വരനെയല്ല, അവിടുത്തെ ഭക്തരെയാണ് സ്തുതിക്കുന്നത്. കണ്ണിനൂൺ ചിറുത്താമ്പിൽ നമ്മാഴ്‌വാരെ അങ്ങേയറ്റം സ്തുതിച്ചുകാണാം.

### 8) പെരിയാഴ്‌വാർ

ആടിമാസത്തിലെ (മിഥുനം - ജൂൺ/ജൂലൈ) സ്വാതിരാശിയിൽ ഒരു ബ്രാഹ്മണകുടുംബത്തിൽ പെരിയാഴ്‌വാർ ജനിച്ചു. രാമനാഥപുരം ജില്ലയിലെ ശ്രീവില്ലിപുത്തൂർ എന്ന സ്ഥലത്താണ് ഈ കുടുംബം സ്ഥിരമായി താമസിച്ചിരുന്നത്. പിതാവിന്റെ നാമം മുകുന്ദപട്ടരെന്നും മാതാവിന്റെ പേര് പത്മാവതിയെന്നുമായിരുന്നു. നവജാതശിശുവിനെ അവർ വിഷ്ണുസിദ്ധൻ എന്നു പേർ വിളിച്ചു. മുകുന്ദപട്ടർ ശ്രീവില്ലിപുത്തൂർ ശിവ ക്ഷേത്രത്തിലെ മാലകെട്ടുകാരനായിരുന്നു. ബാല്യത്തിൽത്തന്നെ വിഷ്ണുസിദ്ധൻ പിതാവിനെ ക്ഷേത്രക്കഴകത്തിൽ സഹായിച്ചുതുടങ്ങി. ക്ഷേത്രാങ്കണത്തിൽ തുളസിച്ചെടികൾ നട്ടുനനച്ചു വളർത്തിയും, തുളസിക്കതിരുകൾ നുള്ളിയെടുത്ത് മാലകൾ കൊരുത്തും അദ്ദേഹം ഈശ്വരനെ സേവിച്ചു. ഇതിനിടെ തുളസിത്തടത്തിൽനിന്ന് അദ്ദേഹത്തിന് ഒരു പെൺകുഞ്ഞിനെ ലഭിച്ചു. വിഷ്ണുസിദ്ധൻ ആ കുഞ്ഞിനെ എടുത്തു വളർത്തി. അവൾക്ക് ആണ്ടാൾ എന്ന പേരും നൽകി. വിഷ്ണുസ്തുതിയായ തിരുപ്പല്ലാണ്ട് എന്ന കൃതി രചിച്ചുകൊണ്ട് വിഷ്ണുസിദ്ധൻ ജനഹൃദയങ്ങളിലിടം നേടി. ഭക്തജനങ്ങൾ ആദരപൂർവ്വം അദ്ദേഹത്തെ പെരിയാഴ്‌വാർ എന്നു സംബോധന ചെയ്യാൻ തുടങ്ങി. തിരുപ്പല്ലാണ്ട് എന്ന കൃതിയിൽ പന്ത്രണ്ടു പാസുരങ്ങളുണ്ട്. ആറാമത്തെ പാസുരത്തിൽ തിരുവോണത്തെക്കുറിച്ചൊരു പാസുരം കാണുന്നതിങ്ങനെ- 'തിരുവോണത്തിരുവിഴാവിൽ അത്തിയാംപോതിൽ അരിയുരുവാകി അരിയെ അരിഞ്ഞവനേ....'

പെരിയാഴ്‌വാർ തിരുമൊഴി എന്ന കൃതിയിൽ 461 പാസുരങ്ങളുണ്ട്. ഇവയിൽ നാൽപത്തിനാലു ക്ഷേത്രങ്ങളെക്കുറിച്ചുള്ള സ്തുതിഗീതങ്ങൾ അടങ്ങിയിരിക്കുന്നു.

പെരിയാഴ്‌വാരുടെ തിരുമൊഴികൾ ഇന്നും വിഷ്ണുക്ഷേത്രങ്ങളിൽ തുയിലുണർത്തുപാട്ടായി ആലപിച്ചു പോരുന്നു.

നാലായിരം പ്രബന്ധത്തിന്റെ ആദ്യതാളുകളിൽത്തന്നെ പെരിയാഴ്‌വാരുടെ രണ്ടു കൃതികളും ഏറെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയിരിക്കുന്നു. പാണ്ഡ്യമന്നനായ വല്ലഭദേവൻ 'പട്ടർപീരാൻ' എന്ന ബിരുദം നൽകി പെരിയാഴ്‌വാരെ ആദരിച്ചു.

### 9) ആണ്ടാൾ

ആഴ്‌വാർമാരുടെ ഗണത്തിൽ അംഗീകാരം ലഭിച്ച ഏകവനിതയാണ് ആണ്ടാൾ. ഇവരുടെ ജീവിതകാലം എ.ഡി. ഏഴാംശതകമാണെന്ന് ചില ഗവേഷകർ കണക്കാക്കുന്നു. എ.ഡി. ഒമ്പതാംശതകത്തിലാണ് ആണ്ടാൾ ജീവിച്ചിരുന്നത് എന്ന് മറ്റു ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. മധുരെക്കു സമീപമുള്ള ശ്രീവില്ലിപുത്തൂരിൽ വിഷ്ണുചിത്തർ എന്നൊരു ഭക്തനുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ഭക്തിപുരസ്സരം പെരിയാഴ്‌വാർ എന്നു വിളിച്ചുപോന്നു. തുളസിച്ചെടികൾ നിറഞ്ഞ ഉദ്യാനത്തിൽനിന്നു കണ്ടെത്തിയ പെൺകുഞ്ഞിനെ ഗോദ എന്നു നാമകരണം ചെയ്ത് അദ്ദേഹം വളർത്തി. ബാല്യത്തിൽത്തന്നെ അവളിൽ വിഷ്ണുപ്രേമം അങ്കുരിച്ചു. വളരുംതോറും ഈ പ്രേമഭക്തി ഏറിയേറി വന്നു. തനിക്കുവേണ്ടി വരനെ അന്വേഷിച്ച വളർത്തുപിതാവിനോട് അവൾ ഒരു കാര്യം തീർത്തു പറഞ്ഞു. 'ശ്രീരംഗനാഥനെയല്ലാതെ മറ്റാരെയും ഞാൻ ഭർത്താവായി സ്വീകരിക്കില്ല!' ഒരുനാൾ ശ്രീരംഗനാഥസ്വാമി വിഷ്ണുചിത്തർക്ക് സ്വപ്നദർശനം നൽകി. 'ഗോദയെ ശ്രീരംഗത്തേക്കു കൊണ്ടുപോരുക' എന്നായിരുന്നു 'ഭഗവാന്റെ കൽപ്പന! ആനന്ദതുന്ദിലനായ വിഷ്ണുചിത്തർ പുത്രിയെ അണിയിച്ചൊരുക്കി ശ്രീരംഗത്തേക്കു പുറപ്പെട്ടു. ഭക്തജനങ്ങൾ ഒരു ഘോഷയാത്രയായി അവരെ അനുഗമിച്ചു. ക്ഷേത്രത്തിലെത്തിയ ആണ്ടാൾ രംഗനാഥസ്വാമിയുടെ വിഗ്രഹം കൺകുളിർക്കെ നോക്കിനിന്നു. ആവേശഭരിതയായ അവൾ ഗർഭഗൃഹത്തിലേക്കു പ്രവേശിച്ചു. തന്റെ ഇഷ്ടദേവനു തൊട്ടരികിൽ പ്രാർത്ഥനാനിരതയായി, കൈകൂപ്പി നിന്നു. പെട്ടെന്ന് അവളുടെ ശരീരത്തിൽനിന്ന് ഒരപൂർവ്വ തേജസ്സ് നിർഗമിച്ചു. അതു നേരെ രംഗനാഥസ്വാമിയുടെ വിഗ്രഹത്തിൽ വിലയം പ്രാപിക്കുകയും ചെയ്തു. ശ്രീകോവിലിനുപുറത്ത് കൂപ്പുകൈകളോടെ നിന്നിരുന്ന ഭക്തജനങ്ങൾ ഈ അൽഭുത ദൃശ്യം കണ്ട് സ്തബ്ധരായിത്തീർന്നു. പെട്ടെന്ന് ഒരശരീരി മുഴങ്ങി - 'ശ്രീവില്ലിപുത്തൂരിൽ രംഗനാഥസ്വാമിയുടെയും ആണ്ടാളുടെയും വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ച് ആരാധന നടത്തുക!' 'ഭഗവാന്റെ കല്പന വിധിയാംവണ്ണം നടപ്പിലാക്കപ്പെട്ടു.ഈശ്വരനെ പ്രിയതമനായി സങ്കൽപിച്ചുകൊണ്ട് ആണ്ടാൾ നിരവധി ഗാനങ്ങൾ രചിച്ചു. നായികാനായക ഭാവത്തിലുള്ള ഈ ഗാനങ്ങളുടെ മുഖമുദ്ര ഭക്തിരസമായിരുന്നു. ആണ്ടാളിന്റേതായി ഏതാനും തമിഴ്ഗാനങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ തിരുപ്പാവൈയും നാച്ചിയാർതിരുമൊഴിയും ഗാനപ്രബന്ധങ്ങളാണ്. നിത്യഹരിതസുന്ദരങ്ങളായ ആണ്ടാൾ കൃതികൾ തമിഴ്സാഹിത്യത്തിനു വലിയ മുതൽക്കൂട്ടാണ്.

### 10) തൊണ്ടരടിപ്പൊടിയാഴ്‌വാർ

മാർകഴിമാസത്തിൽ (ധനു - ഡിസംബർ /ജനുവരി) തൃക്കേട്ട നക്ഷത്രത്തിൽ ചോളദേശത്തെ തിരു

മണ്ടങ്കൂടിയിൽ ഒരു ബ്രാഹ്മണ കുടുംബത്തിൽ ജനിച്ച വിപ്രനാരായണനാണ് പിന്നീട് തൊണ്ടരടിപ്പൊടിയാഴ്‌വാർ എന്ന നാമധേയത്തിൽ പ്രസിദ്ധനായത്. വിഷ്ണുവിന്റെ മാറിടത്തെ അലങ്കരിക്കുന്ന വൈജയന്തി എന്ന വനമാലയാണ് തൊണ്ടരടിപ്പൊടിയാഴ്‌വാരായി അവതരിച്ചത് എന്നത്രേ വിശ്വാസം! ഭക്തജനങ്ങളുടെ പാദരേണുക്കൾ അണിയുന്നയാൾ എന്ന അർത്ഥത്തിലാണ് തൊണ്ടരടിപ്പൊടിയാഴ്‌വാർ എന്ന പേര് ലഭിച്ചത്. അമ്പലത്തിൽ മാലകെട്ടായിരുന്നു വിപ്രനാരായണന്റെ കുലത്തൊഴിൽ. ബാല്യം മുതൽക്കേ ശ്രീരംഗനാഥ ഭക്തനായിരുന്ന അദ്ദേഹം തമിഴിലും തെലുങ്കിലും പാണ്ഡിത്യം നേടി. പ്രായം തികഞ്ഞപ്പോൾ ശ്രീരംഗത്തു ചെന്നു. അവിടെ കാവേരീനദിക്കരയിൽ അൽപം സ്ഥലം വാങ്ങി ഒരു ദ്യാനമുണ്ടാക്കി. അതിൽ നിറയെ പൂജാപുഷ്പങ്ങൾ വിരിയുന്ന ചെടികൾ നട്ടു വളർത്തി. ഈശ്വരഭജനവും കവിതാസപര്യയുമായി കഴിയുന്നതിനിടെ ദേവദേവി എന്നൊരു സ്ത്രീ സഹായിയായി അടുത്തുകൂടി. അതോടെ അദ്ദേഹത്തിന്റെ ഏകാഗ്രത നശിച്ചു. ദേവദേവിയിൽ അനുരക്തനായ വിപ്രനാരായണൻ ഈശ്വരചിന്തയിൽ നിന്ന് അകന്നു പോയി. എങ്കിലും അൽപകാലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു ബോധോദയമുണ്ടായി. പശ്ചാത്താപവിവശനായ അദ്ദേഹം ലൗകികമോഹങ്ങൾ വെടിഞ്ഞ് വീണ്ടും ഭഗവദ്സേവയിൽ മുഴുകി. പ്രായശ്ചിത്തമെന്നോണം ഭക്തരുടെ പാദരേണുക്കൾ വാരിയെടുത്ത് നെറ്റിയിലും ശരീരത്തിലും അണിഞ്ഞുപോന്നു. അതോടെ വിപ്രനാരായണൻ തൊണ്ടരടിപ്പൊടിയാഴ്‌വാർ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. ഇദ്ദേഹത്തിന്റെ രണ്ടു രചനകളാണ് വീണ്ടെടുക്കപ്പെട്ടിരിക്കുന്നത്. 45 പാസുരങ്ങളടങ്ങിയ തിരുമാലൈയും 10 പാസുരങ്ങളടങ്ങിയ തിരുപ്പള്ളി എഴിച്ചിയും !എന്തുപ്രശ്നമുണ്ടായാലും ഈശ്വരനെ പ്രാർത്ഥിക്കാൻ അമാന്തിയ്ക്കരുത് എന്നുദ്ഘോഷിക്കുന്ന കൃതിയാണ് തിരുമാലൈ. ഇതിന്റെ പതിനാറാമത്തെ പാസുരത്തിൽ ദേവദേവി മൂലം വഴിതെറ്റിപ്പോയ തന്നെ ശ്രീരംഗനാഥൻ നേർവഴി നടത്തിച്ചതായി സൂചിപ്പിച്ചിരിക്കുന്നു. സംഗീതാത്മകമായ ഒരുൽകൃഷ്ട കൃതിയാണ് തിരുമാലൈ.തിരുപ്പള്ളി എഴുച്ചി എന്ന കൃതി വിഷ്ണുസുപ്രഭാതകീർത്തനമാണ്. ഇന്നും ഈ കൃതി വിഷ്ണുക്ഷേത്രങ്ങളിൽ തുയിലുണർത്തുപാട്ടായി ആലപിച്ചു വരുന്നു.

## 11) തിരുപ്പാണാഴ്‌വാർ

പഞ്ചമവർഗത്തിലൊന്നായ പാണർവംശത്തിലാണ് തിരുപ്പാണാഴ്‌വാർ അവതരിപ്പിച്ചത്. കാർത്തിക മാസത്തിലെ (വൃശ്ചികം -നവംബർ /ഡിസംബർ) രോഹിണി രാശിയിൽ ജനിച്ച അദ്ദേഹം ബാല്യം മുതൽക്കേ വിഷ്ണുവിനെ ഭജിച്ചുപോന്നു. ചെറുപ്പത്തിൽത്തന്നെ വീണാവാദനത്തിൽ വൈദഗ്ദ്ധ്യം നേടി. കീഴാളനായതിനാൽ ക്ഷേത്രത്തിനകത്തേക്കു പ്രവേശനമുണ്ടായിരുന്നില്ല. ഇതിൽ ഖിന്നനായ പാണർ മനസിൽ രംഗനാഥസ്വാമിയെ പ്രതിഷ്ഠിച്ചുകൊണ്ടു ജീവിച്ചു. രംഗനാഥക്ഷേത്രത്തിനു സമീപം ,കാവേരീനദിക്കരയിലിരു ന്ന് വീണവായിച്ചുകൊണ്ട് അദ്ദേഹം സ്വാമിയെ ആരാധിച്ചുപോന്നു. ഒരുനാൾ പാണർ നദിക്കരയിൽ ധ്യാനം പൂണ്ടിരിക്കെ ഒരു മുനി അതുവഴി വന്നു. ധ്യാനനിരതനായിരുന്ന പാണർ മുനിയെ കണ്ടില്ല. താണജാതിക്കാരനായ ഒരാൾ തന്നെക്കണ്ടിട്ട് എണീറ്റുമാറാനോ തലകുനിഞ്ഞു വണങ്ങാനോ കൂട്ടാക്കാഞ്ഞതിൽ കുപിതനായ മുനി കല്ലെടുത്തു പാണർക്കുനേരെ വലിച്ചെറിഞ്ഞു. കല്ല് പാണരുടെ നെറ്റിയിൽച്ചെന്നു തറച്ചു. ചോര ഒഴുകി മുഖം നനഞ്ഞപ്പോൾ പാണർ ഞെട്ടിയുണർന്നു. അദ്ദേഹം മുനിയോടു ക്ഷമാപണം നടത്തിയശേഷം വഴിമാറിപ്പോയി. അന്നു രാത്രി രംഗനാഥസ്വാമി മുനിയുടെ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ടു. പാണരെ കല്ലെറിഞ്ഞത് മഹാപരാധമായെന്നും പ്രായശ്ചിത്തമായി പാണരെ തോളിലെടുത്തുകൊണ്ട് ക്ഷേത്രത്തിനകത്തേക്ക് പ്രവേശിക്കണമെന്നും ഭഗവാൻ കൽപിച്ചു. പശ്ചാത്താപവിവശനായ മുനി ഞെട്ടിയുണർന്നു. നേരം പുലർന്നയുടൻ മുനി ഭഗവാന്റെ കൽപന അനുസരിച്ചു.

അത്രയും കാലം ഗോപുരത്തിനു വിളിപ്പാടകലെ നിന്നുകൊണ്ടു മാത്രം ഭഗവാനെ ദർശിച്ചിരുന്ന പാണർക്ക് ജീവിതത്തിലാദ്യമായി സോപാനത്തിങ്കൽ നിന്ന് രംഗനാഥസ്വാമിയെ വണങ്ങാൻ സാധിച്ചു. ഈ ദർശനസായൂജ്യത്തോടെ ഉള്ളുണർന്ന അദ്ദേഹത്തിന്റെ കണ്ഠത്തിൽ നിന്ന് ഭഗവദ്സ്തുതികൾ അനർഗളമൊഴുകി. ഭക്തജനങ്ങൾ പാണരെ മുനിവാഹനൻ എന്നു സംബോധന ചെയ്തു. അദ്ദേഹത്തിന്റെ ഈശ്വരസ്തുതികൾ കേട്ട് ഭക്തിസാഗരത്തിലാറാടിയ അവർ പാണരെ കവീശ്വരൻ എന്നും വിളിച്ചു. ഭഗവാനെക്കുറിച്ച് പാടിപ്പാടി സ്വയം മറന്ന പാണർ ദീപാരാധന കഴിഞ്ഞു നടതുറന്ന വേളയിൽ ഭഗവദ്‌വിഗ്രഹത്തിൽ വിലയംപ്രാപിച്ചു.

രംഗനാഥ ദർശനവേളയിൽ പാണർ സ്വയം മറന്നാലപിച്ച പത്തു സ്തുതികൾ അദ്ദേഹത്തിന്റെ പത്തു പാസുരങ്ങളായി അറിയപ്പെടുന്നു. അതിമധുരമാണ് ഈ കൃതികൾ. പിൽക്കാലത്ത് പണ്ഡിതന്മാർ ഈ പാസുരങ്ങളെ പലവിധത്തിൽ വ്യാഖ്യാനിച്ചു.






പാദാദികേശ വർണ്ണനയോടുകൂടിയ ആദ്യത്തെ മൂന്നു പാസുരങ്ങൾ യഥാക്രമം പ്രണവമന്ത്രാക്ഷരങ്ങളായ ‘ആ’, ‘ഇ’, ‘മ’ എന്നീ അക്ഷരങ്ങൾകൊണ്ടു തുടങ്ങുന്നു.

## 12) തിരുമങ്കൈ ആഴ്‌വാർ

കാർത്തിക മാസത്തിലെ (തുലാം - ഒക്ടോബർ / നവംബർ) കാർത്തിക നക്ഷത്രത്തിൽ, ചോള സാമ്രാജ്യത്തിന്റെ സാമന്ത രാജ്യമായ തിരുവാലിയിലെ തിരുക്കുറയലൂരിലാണ് തിരുമങ്കൈയാഴ്‌വാർ ജനിച്ചത്. ഇദ്ദേഹം മഹാവിഷ്ണുവിന്റെ ശാർങ്ഗം എന്ന വില്ലിന്റെ അവതാരമാണെന്നത്രേ ഐതിഹ്യം!നീലൻ എന്നായിരുന്നു ബാല്യകാല നാമം. കൗമാരമെത്തും മുമ്പുതന്നെ നീലൻ സകലവിദ്യകളും അഭ്യസിച്ചു. നീലന്റെ കഴിവുകളെക്കുറിച്ചു കേട്ടറിഞ്ഞ ചോളരാജാവ് അദ്ദേഹത്തെ കൊട്ടാരത്തിലേക്കു വിളിച്ചു വരുത്തി. നീലന്റെ അനിതരസാധാരണമായ ധൈര്യവും ഗംഭീരമായ രൂപഭാവങ്ങളും രാജാവിനെ സ്വാധീനിച്ചു; അപ്പോൾതന്നെ രാജൻ ‘നാർകവി പെരുമാൻ’ എന്ന ബിരുദം നൽകി നീലനെ ആദരിക്കുകയും ചെയ്തു. ആലിനാടിന്റെ തലസ്ഥാനമായിരുന്നു തിരുമങ്കൈ. പിൽക്കാലത്ത് തിരുമങ്കൈമന്നൻ, ആഴ്‌വാർ, ആലിനാടൻ, കലിയൻ, കലികന്റ്രി, പരകാലൻ, കലിധ്വംസി തുടങ്ങിയ നാമങ്ങളിൽ നീലൻ അറിയപ്പെട്ടു. അതുല്യപ്രതിഭാശാലിയായ ഒരു കവികൂടിയായിരുന്നു തിരുമങ്കൈ ആഴ്‌വാർ. അദ്ദേഹം ആറു കൃതികൾ രചിച്ചു. ഇവയിൽ 1084 പാസുരങ്ങളടങ്ങിയ പെരിയതിരുമൊഴിയാണ് ഏറ്റവും പ്രധാനപ്പെട്ട കൃതി. ദക്ഷിണേന്ത്യയിലെ പ്രമുഖ വിഷ്ണു ക്ഷേത്രങ്ങളെ പ്രകീർത്തിക്കുന്ന വിപുലമായ രചനയായതിനാലാണ് ഇതിനെ പെരിയതിരുമൊഴി എന്നു വിശേഷിപ്പിക്കുന്നത്. ഈ കൃതി രചിക്കുന്നതിന്റെ മുന്നോടിയായി അദ്ദേഹം ദക്ഷിണേന്ത്യയിലെ പ്രമുഖ ക്ഷേത്രങ്ങളിലെല്ലാം ദർശനം നടത്തി. ദണ്ഡകവൃത്തത്തിൽ രചിക്കപ്പെട്ടിരിക്കുന്ന തിരുക്കുറുന്താടകം എന്ന കൃതിയിൽ 20 പാസുരങ്ങളുണ്ട്. കാമുകീകാമുക വിരഹത്തിന്റെ തീവ്രത അവതരിപ്പിക്കാൻ ‘മടൽസങ്കേതം’ എന്നൊരു ശൈലിയാണ് സംഘകാല സാഹിത്യത്തിൽ അവലംബിച്ചിരുന്നത്. ഈ ശൈലിയിൽ തിരുമങ്കൈ ആഴ്‌വാർ രചിച്ച രണ്ടു കൃതികളുണ്ട് - ചെറിയ തിരുമടൽ, പെരിയ തിരുമടൽ എന്നിവയാണ് ഈ കൃതികൾ. കലിവെൺപാ വൃത്തത്തെ അവലംബിച്ചുകൊണ്ടാണ് ഇവയുടെ രചന നിർവ്വഹിച്ചിട്ടുള്ളത്. മറ്റൊരു കൃതിയായ ‘തിരുവെഴുക്കൂറ്റിരുക്കൈ’ ആശിരിയപ്പാ വൃത്തത്തിൽ രചിച്ചിരിക്കുന്നു.

തിരുമങ്കൈ ആഴ്‌വാരുടെ പാസുരങ്ങളിൽ തിരുപ്പുലിയൂർ, തിരുവല്ലവാഴ് (തിരുവല്ല), തിരുനാവാ എന്നീ കേരളീയ ക്ഷേത്രങ്ങളെക്കുറിച്ചുള്ള പരാമർശങ്ങൾ കാണാം. ● (തുടരും)

# അഭിനന്ദനങ്ങൾ




കഴിഞ്ഞ സി. ബി. എസ്. ഇ 12-ാം ക്ലാസ്സ് പരീക്ഷയിൽ 492/500 മാർക്കു നേടി സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും, നാഷണൽ ലവലിൽ ആറാം സ്ഥാനവും കരസ്ഥമാക്കിയ കുമാരി വി. പാർവ്വതി. ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ MBBS ന് പഠിച്ചുകൊണ്ടിരിക്കുന്ന കുമാരി പാർവ്വതിക്ക് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ ആയിരമായിരം അഭിനന്ദനങ്ങൾ. നമ്മുടെ കരയോഗാംഗമായ ഡോ. ഗിരിജയുടെയും എസ്. രാജേന്ദ്രന്റെയും മകളായ കുമാരി പാർവ്വതിക്ക് ഇതുപോലെയുള്ള നേട്ടങ്ങൾ ഇനിയുമിനിയും കൈവരിക്കുവാൻ കഴിയട്ടെയെന്നും, അമ്മയെപോലെതന്നെ വേദനിക്കുന്നവരുടെ കണ്ണീരൊപ്പുന്ന സേവനസന്നദ്ധയായ ഒരു മാതൃകാഡോക്ടറായി തീരട്ടെയെന്നും ആശംസിക്കുന്നു. ജഗദീശ്വരന്റെ എല്ലാ അനുഗ്രഹങ്ങളും ഈ കൊച്ചു മിടുക്കിയിൽ എപ്പോഴും വർഷിക്കുമാറാകട്ടെയെന്നും പ്രാർത്ഥിക്കുന്നു.

ക്ഷേത്രങ്ങളിലൂടെ

# കാലാന്തകനായ തൃപ്രങ്ങോട്ടപ്പൻ



ഇന്ദിരാഭായി



തൃപ്രങ്ങോട്ടു മഹാശിവക്ഷേത്രം അതിപുരാതനവും ചരിത്രപരമായും ഐതിഹ്യപരമായും വളരെ പ്രസിദ്ധമായതുമായ ഒരു ക്ഷേത്രമാണ്. മറ്റൊരു ക്ഷേത്രത്തിനും അവകാശപ്പെടാനാവാത്ത ഐതിഹ്യപ്പെരുമയാണ് തൃപ്രങ്ങോട്ടു മഹാശിവക്ഷേത്രത്തിനുള്ളത്. തിരൂർ നഗരത്തിൽ നിന്ന് പത്തുകിലോമീറ്റർ തെക്കുകിഴക്കും തിരുനാവായിൽ നിന്ന് നാലു കിലോമീറ്റർ പടിഞ്ഞാറുമാണ് തൃപ്രങ്ങോട്ടു മഹാശിവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. നിളാനദീതീരത്തെ ഗ്രാമീണഭംഗി ഒട്ടും നഷ്ടപ്പെട്ടിട്ടില്ലാത്ത വെള്ളോട്ടു പാടശേഖരത്തിന്റെ കരയായ വെള്ളോട്ടിൻ കരയിലാണ് ഈ മഹാദേവക്ഷേത്രം നിലക്കൊള്ളുന്നത്. കോഴിക്കോടു സാമൂതിരിപ്പാടിന്റെ അധികാരപരിധി വ്യാപിപ്പിച്ചപ്പോൾ വെട്ടത്തു രാജാവിന്റെ ഭരണത്തിൻ കീഴിലായിരുന്ന തൃപ്രങ്ങോട്ടുക്ഷേത്രം നെടിയിരിപ്പു സ്വരൂപത്തിന്റെ ക്ഷേത്രമായി മാറി. ഭാരതപ്പുഴയുടെ തീരത്ത് തിരുനാവായ മണപ്പുറത്ത് വെച്ചു നടന്നിരുന്ന മാമാങ്കം അവസാനിച്ചശേഷം സാമൂതിരിപ്പാട് കോഴിക്കോട്ടേയ്ക്കു മടങ്ങുന്നതിനുമുമ്പ് പരിവാരസമേതം ഘോഷയാത്രയായി തൃപ്രങ്ങോട്ടു വന്ന് ദർശനം നടത്തണം എന്നത് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ചടങ്ങായിരുന്നു. മഹാദേവന്റെ ഭക്തോത്തമനായ മാർക്കണ്ഡേയന്റെ കഥയുമായി ബന്ധപ്പെട്ടതാണ് തൃപ്രങ്ങോട്ടു മഹാശിവക്ഷേത്രത്തിന്റെ ഐതിഹ്യം. ശിവപുരാണത്തിലെ മാർക്കേണ്ഡയ കഥയുമായി ബന്ധപ്പെട്ട സ്ഥലമാണ് തൃപ്രങ്ങോട്ട്.

നിളാനദീ തീരത്തെ ക്ഷേത്രങ്ങളാണ് തിരുനാവാമുകുന്ദക്ഷേത്രവും വെള്ളോട്ടിൻകര ക്ഷേത്രവും. കൗശികൻ എന്നു പേരായ മുനി ആത്മജ്ഞാനം നേടുവാനായി പരമശിവനെ തപസ്സു ചെയ്തു. കൗശികമുനി തപസ്സു ചെയ്തിരുന്നത് കണ്ടിയൂർ പ്രദേശത്തായിരുന്നു എന്നു വിശ്വസിക്കുന്നു. കണ്ടിയൂർ പ്രദേശം അക്കാലത്ത് വന്യമൃഗങ്ങളെകൊണ്ടു നിറഞ്ഞ കൊടും കാടായിരുന്നു. ഏകാഗ്രതയോടെ ഇരുന്നു തപസ്സു ചെയ്തിരുന്ന മുനിയെ മൃഗങ്ങൾ കൊമ്പുകൊണ്ടും ദേഹം കൊണ്ടുരസിയും ശല്യപ്പെടുത്തിയിരുന്നു. ഈ ഉപദ്രവങ്ങളെല്ലാം സഹിച്ചുകൊണ്ട് അദ്ദേഹം തപസ്സു തുടർന്നു. ഒടുവിൽ പരമശിവൻ പ്രത്യക്ഷപ്പെട്ട് അദ്ദേഹത്തെ മൃഗങ്ങളാൽ ദണ്ഡിക്കപ്പെടുവാൻ അഥവാ വൃണപ്പെട്ടവനായതിനാൽ ഇനി മുതൽ മൃഗണ്ഡു എന്ന പേരിലറിയപ്പെടട്ടെ എന്നനുഗ്രഹിച്ചു. കൗശികമുനി എന്ന മൃഗണ്ഡു മഹർഷി പൂജിച്ചാരാധിച്ചിരുന്ന ശിവലിംഗമാണ് കണ്ടിയൂരെ ശിവപ്രതിഷ്ഠ എന്നും വിശ്വസിക്കുന്നു. നാവാമുകുന്ദക്ഷേത്രത്തിനടുത്താണ് മൃഗണ്ഡുമഹർഷി വസിച്ചിരുന്നത് എന്നാണ് ഐതിഹ്യം. അനേകകാലം സന്താനങ്ങളില്ലാതിരുന്ന മൃഗണ്ഡു മഹർഷി മഹാദേവനെ തപസ്സു ചെയ്തു. സംപ്രീതനായ ഭഗവാൻ അദ്ദേഹത്തിനു പുത്രഭാഗ്യം നൽകി. എന്നാൽ ദീർഘായുസ്സായ ബുദ്ധിയില്ലാത്ത മകനെ വേണോ അല്പായുസ്സായ പതിനാറു വയസ്സുവരെ മാത്രം ജീവിച്ചിരിക്കുന്ന സൽപുത്രനെ വേണോ എന്ന് ഭഗവാൻ അദ്ദേഹത്തോടു ചോദിച്ചു. അല്പായുസ്സായാലും സൽപുത്രൻ മതി എന്നദ്ദേഹം ഭഗവാനോടു പ്രാർത്ഥിച്ചു. അപ്രകാരം ഭവിക്കട്ടെ എന്നു ഭഗവാൻ അനുഗ്രഹിച്ചതിന്റെ ഫലമായി മൃഗണ്ഡു മഹർഷിക്ക് മാർക്കണ്ഡേയൻ എന്നു പേരായ 16 വയസ്സു വരെ മാത്രം ആയുസ്സുള്ള മകൻ ജനിച്ചു. മകൻ വളരുന്തോറും മാതാപിതാക്കളുടെ ദുഃഖവും വർദ്ധിച്ചു. മാർക്കണ്ഡേയൻ കുട്ടിയായിരിക്കുമ്പോഴേ നല്ല പാണ്ഡിത്യമുണ്ടായിരുന്നു. തന്റെ മാതാപിതാക്കളുടെ ദുഃഖ ഹേതുവെന്തെന്ന് മാർക്കണ്ഡേയൻ മനസ്സിലാക്കി. നാവാമുകുന്ദനെ ശരണം പ്രാപിച്ച മാർക്കണ്ഡേയൻ മരണദിവസമടുക്കുന്തോറും മുകുന്ദപാദങ്ങളിൽ തന്നെ മനസ്സർപ്പിച്ചു പ്രാർത്ഥിച്ചു. ഒടുവിൽ 16 വയസ്സു തികയുന്ന ദിവസം ഭഗവാൻ പ്രത്യക്ഷപ്പെട്ട് 'മൂർത്തികൾ മൂവരും ഒരുപോലെ ശക്തരാണെങ്കിലും ശിവന്റെ ധർമ്മമാണ് സംഹാരം, അതുകൊണ്ട് വേഗം പരമശിവനെ അഭയം പ്രാപിച്ചുകൊള്ളു അതുവരെ ഞാൻ കാത്തു രക്ഷിച്ചുകൊള്ളാം 'എന്നു പറഞ്ഞ് ഭഗവാൻ കുറച്ചു കല്ലുകൾ മാർക്കണ്ഡേയനു കൊടുത്തു. കാലൻ അടുത്തെത്തിയെന്നു തോന്നുമ്പോൾ ഒരു കല്ലെടുത്തെറിയണം, അല്പനേരത്തേയ്ക്ക് തരിച്ചു നില്കും. ആ തക്കത്തിന് ഓടിക്കൊള്ളണം. ശിവക്ഷേത്രമതിൽ കടന്നാൽ ബാക്കിയുള്ള കല്ലുകളും പുറത്തേക്കെറിഞ്ഞു കൊള്ളുക. ഇത്രയും പറഞ്ഞ് ഭഗവാൻ അപ്രത്യക്ഷമായി. മാർക്കണ്ഡേയനു ഭഗവാൻ കൊടുത്ത കല്ലുകളുടെ എണ്ണവും ദ്വാദശാക്ഷരി മന്ത്രത്തിന്റെ കണക്കും ഒന്നു തന്നെയായിരുന്നു. പന്ത്രണ്ടു കല്ലുകളായിരുന്നു ഭഗവാൻ മാർക്കേണ്ഡയനു കൊടുത്തത്. അടഞ്ഞു കിടന്ന ക്ഷേത്ര വാതിൽ മാർക്കണ്ഡേയനു മുന്നിൽ തനിയെ തുറന്നു കൊടുത്തു. പടിഞ്ഞാറു ഭാഗത്തേയ്ക്ക് മാർക്കണ്ഡേയൻ ഓടാൻ തുടങ്ങി. കാലനും മാർക്കണ്ഡേയനു പിന്നാലെയെത്തി. കാലൻ അടുത്തെത്തുമ്പോൾ കല്ലുകൾ എറിഞ്ഞെറിഞ്ഞ് മാർക്കണ്ഡേയൻ തൃപ്രങ്ങോട്ടെ കിഴക്കെ നടയിലെത്തി. മുന്നിലതാ കുറ്റൻ ആൽമരം നില്ക്കുന്നു. ആൽമരത്തെ ചുറ്റിയോടിയാൽ കാലന്റെ കയ്യിൽപ്പെടുമല്ലോ എന്നു വിചാരിക്കുമ്പോഴേക്കും ആൽമരത്തിന്റെ തടി രണ്ടായി പിളർന്ന് നടുവിലൂടെ വഴികാട്ടിക്കൊടുത്തു. മതില്ക്കകത്തു കടന്നയുടൻ മാർക്കണ്ഡേയൻ തന്റെ കയ്യിലവശേഷിച്ച ഒരു കല്ലും കാലനു നേരെയെറിഞ്ഞ ശേഷം ഓടിച്ചെന്ന് ശിവലിംഗത്തിൽ കെട്ടിപ്പിടിച്ച് പഞ്ചാക്ഷരി മന്ത്രം ജപിക്കാൻ തുടങ്ങി. കോപാകുലനായ കാലൻ ശ്രീകോവിലിനുള്ളിലിരിക്കുന്ന മാർക്കണ്ഡേയന്റെ കഴുത്തിലേക്ക് പാശം ചുഴറ്റി എറിഞ്ഞു. മാർക്കണ്ഡേയനേയും പരമശിവനേയും ചുറ്റുമാറു കാലപാശം ചെന്നു വീണു. യമന്റെ ധിക്കാരം പരമശിവനു സഹിച്ചില്ല. ശിവൻ പ്രത്യക്ഷപ്പെട്ട് തെക്കു ഭാഗത്തേക്ക് മൂന്നു ചുവടുകൾ വച്ച് തൃശൂലത്തിൽ കാലനെ കോർത്തെറിഞ്ഞു. അങ്ങനെ തൃപ്രങ്ങോട്ടെ മഹാദേവൻ മൃത്യുഞ്ജയമൂർത്തിയായി. കാലാന്തകനായി. കാലൻ കാലം ചെയ്തു. പരമശിവന് മൃത്യുഞ്ജയൻ എന്നു പേരുമുണ്ടായി. ബുദ്ധിമാനായ മാർക്കണ്ഡേയൻ ഭയപ്പെട്ടെങ്കിലും ഭഗവാനെ പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു. ഭഗവാൻ മാർക്കണ്ഡേയനെ എന്നും പതിനാറു വയസ്സുള്ള ചിരഞ്ജീവി ആയി ഭവിക്കട്ടെയെന്നനുഗ്രഹിക്കുകയും ചെയ്തു. പിന്നീട് മഹാദേവൻ ക്ഷേത്രക്കുളത്തിൽ പോയി ത്രിശൂലത്തിലെ ചോര കഴുകി കളഞ്ഞ് തന്റെ ക്രോധം ശമിക്കുവാൻ വേണ്ടി കുളത്തിൽ നിന്നും വീണ്ടും വീണ്ടും വെള്ളം കോരി തലയിലൊഴിച്ചു കൊണ്ടിരുന്നു. വൃദ്ധനായ ഒരാൾ കുളത്തിൽ നിന്ന് പ്രയാസപ്പെട്ട് വെള്ളം കോരി തലയിലൊഴിക്കുന്നത് ഒരു ബാലൻ കണ്ടു. ആ ബാലൻ അദ്ദേഹത്തെ സഹായിച്ചു. സംപ്രീതനായ മഹാദേവൻ തന്നെ സഹായിച്ച ആ ബാലനോട് തനിക്ക് എന്നും ഇതുപോലെ വെള്ളം ഒഴിച്ചു തരണമെന്നും തന്നെ തീർത്ഥക്കുളക്കരയിൽ കണ്ടില്ലെങ്കിൽ ശ്രീകോവിലിലെ സ്വയംഭൂ വിഗ്രഹത്തിൽ അഭിഷേകം ചെയ്താൽ മതിയെന്നും ഭഗവാൻ നിർദ്ദേശിച്ചു. അങ്ങനെ അഭിഷേകം ചെയ്യുമ്പോൾ ജപിക്കുന്നതിനുള്ള മൂലമന്ത്രവും ആ ബാലന് ഉപദേശിച്ചശേഷം ഭഗവാൻ മറഞ്ഞു. ഭഗവാനു വെള്ളമൊഴിച്ചു കൊടുത്ത ആ ബാലൻ കല്പുഴ ഇല്ലത്തെ അംഗമായിരുന്നു. ഇന്നും താന്ത്രികച്ചുമതല കല്പുഴ ഇല്ലത്തെ തിരുമേനിമാർക്കാണ്. തൃപ്രങ്ങോട്ടപ്പന് ശംഖാഭിഷേകമാണ് പ്രധാനം. ഇത് തന്ത്രിമാർ മാത്രമേ ചെയ്യുകയുള്ളൂ. മഹാദേവന്റെ നിർദ്ദേശപ്രകാരമാണ് ക്ഷേത്രത്തിൽ ശംഖാഭിഷേകം തുടങ്ങിയതെന്ന് വിശ്വസിക്കുന്നു. ശംഖാഭിഷേകത്തിന്റെ പ്രാധാന്യം ഈ ഐതിഹ്യത്തിൽ നിന്നും മനസ്സിലാക്കാം. പരമശിവൻ ത്രിശൂലത്തിൽ കോർത്തെറിഞ്ഞ കാലന്റെ ജഡം വീണ സ്ഥലത്ത് ഒരു ശിവലിംഗം ആവിർഭവിച്ചു എന്നും ഈ ക്ഷേത്രം കാലൻ ചാടി അമ്പലം എന്ന പേരിൽ കാലക്കേടുമാറാതെ ഇന്നും കുമരനല്ലൂരിനടുത്തുണ്ടെന്നുമാണ് ഐതിഹ്യം.

മാർക്കണ്ഡേയൻ കെട്ടിപ്പിടിച്ച വിഗ്രഹം കരണയിൽ ശിവനാണെന്നാണ് വിശ്വസിക്കുന്നത്. ഇന്നും ഇവിടെയെത്തിയാൽ ഒരു ഗൗരവമുള്ളതായി തോന്നും. ഇവിടുത്തെ ശ്രീകോവിലിന്റെ ചുമരിൽ നിറയെ കാലത്തിന്റെ മങ്ങലേറ്റ ചിത്രങ്ങളുണ്ട്. കാലനെ ത്രിശൂലത്തിൽ കോർത്തെറിഞ്ഞ സമയം മൂന്നു ചുവടുകൾ വച്ച സ്ഥാനങ്ങളിൽ ഭഗവാന്റെ മൂന്നു തൃപ്പാദമുദ്രകളിലും ശിവലംഗങ്ങൾ പ്രതിഷ്ഠിച്ചിട്ടുണ്ട്. ഭഗവാന്റെ തൃപ്പാദം പതിഞ്ഞ സ്ഥലം തൃപ്പാദംകോട് ആയി എന്നും പിന്നീട് തൃപ്രങ്ങോടായി എന്നും വിശ്വസിക്കുന്നു. പടിഞ്ഞാറു ദർശനമായിട്ടാണ് ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ആൽത്തറ കടന്നാൽ ക്ഷേത്രാക്രമണ കാലത്ത് നശിപ്പിക്കപ്പെട്ടതായ വലിയ ഗോപുരമുണ്ടായിരുന്നതിന്റെ അവശിഷ്ടങ്ങളാണ് കാണുക. അകത്തു കടന്നാൽ 16 കോലുള്ള നമസ്കാരമണ്ഡപത്തിൽ

സാമാന്യം വലിയ ഋഷഭ വിഗ്രഹമുണ്ട്. നന്ദികേശ്വരന് നിത്യവും പൂജയും നിവേദ്യവുമുണ്ട്. അപൂർവ്വം ക്ഷേത്രങ്ങളിൽ മാത്രമാണ് നന്ദികേശ്വരന് പൂജയും നിവേദ്യവുമുള്ളത്. തിരുനടയുടെ തെക്കു ഭാഗത്ത് പാർവ്വതിദേവിയും തെക്കു പടിഞ്ഞാറ് ഗണപതിയും ദക്ഷിണാമൂർത്തിയും ഉണ്ട്. വടക്കേ നടയിൽ വിളക്കുമാടത്തറയ്ക്കും പ്രദിക്ഷിണ വഴിക്കും ഇടയിൽ നാവാമുകുന്ദന്റെ ചതുർബാഹു വിഗ്രവുമുണ്ട്. പങ്കജത്തിനു പകരം അഭയഹസ്തമാണ്. മാർക്കണ്ഡേയനോടൊപ്പം വന്ന ഭഗവാന്റെ സാന്നിദ്ധ്യം കാലവധ സന്ദർഭം തൊട്ടുള്ളതാണെന്നു വിശ്വസിക്കുന്നു. കരണയിൽ ശിവന്റെ കിഴക്കേ മതിലിനടുത്തായി വേട്ടയ്ക്കൊരു മകനേയും ഭദ്രകാളിയേയും കാണാം. തെക്കു ഭാഗത്തെ പ്രദിക്ഷിണ വഴിയിൽ അയ്യപ്പനും തെക്കു പടിഞ്ഞാറ് ഗോശാലകൃഷ്ണനേയും കാണാം. അയ്യപ്പന്റെ പ്രദിക്ഷിണ വഴിയോടു ചേർന്ന് തെക്കു ഭാഗത്തേക്കു ദർശനമായി അപസ്മാര മൂർത്തി ചവുട്ടി നില്ക്കുന്ന ഒരു ശില്പമുണ്ട്. ക്ഷേത്രധ്വംസനകാലത്ത് അപസ്മാര യക്ഷൻ എന്ന ഈ മൂർത്തിയുടെ രണ്ടു തൃക്കൈകളും തൃശൂലവും തല്ലി തകർത്ത് വികൃതമാക്കിയ രൂപമാണ് ഇന്നു കാണുന്നത്. വടക്കു കിഴക്കു ഭാഗത്ത് ആൽത്തറയിൽ മാർക്കണ്ഡേയ സങ്കല്പത്തിൽ വിളക്കു വെച്ചു പ്രാർത്ഥിക്കാറുണ്ട്. കാലവധത്തിനു ശേഷം ഭഗവാൻ തൃശൂലത്തിലെ ചോര കഴുകിയതെന്നു വിശ്വസിക്കുന്ന രുധിരക്കുളം ക്ഷേത്രത്തിന്റെ തെക്കു പടിഞ്ഞാറു ഭാഗത്താണ്. കരണയിൽ ശിവന്റെ നടയ്ക്കു നേരെയുള്ള ശാന്തിക്കുളവും വെള്ളോട്ടു കുളവും തമ്മിൽ ഒരു ചെറുമൺതിട്ടയുടെ വ്യത്യാസമേയുള്ളൂ. ശാന്തിക്കാർ വടക്കേ കുളത്തിൽ കുളിച്ച് പിന്നെ വെള്ളോട്ടു കുളത്തിൽ കുളിച്ചു വേണം ശ്രീകോവിലിൽ കടക്കാൻ. ശംഖാഭിഷേക ജലം തുരങ്കത്തിലൂടെ വടക്കേ കുളത്തിലെത്തുന്നു. വെള്ളോട്ടു കുളത്തിൽ ഒരു നന്ദി വിഗ്രഹമുണ്ട്. ഈ കുളങ്ങളെല്ലാം ഏതോ കാലത്തെ മഹർഷിമാരുടെ യജ്ഞകുണ്ഡങ്ങളായിരുന്നു എന്നു കരുതുന്നു. ഈ രണ്ടു കുളങ്ങളുടേയും പടിഞ്ഞാറ് ചതുരവാൽകണ്ണാടിയുടെ ആകൃതിയിൽ ദിവ്യമായ ഒരു കുളമുണ്ട്. ശംഖാഭിഷേകത്തിനും നിവേദ്യത്തിനുമുള്ള ജലം ഈ കുളത്തിൽ നിന്നാണ് എടുക്കുന്നത്. ധനുമാസത്തിലെ തിരുവാതിരനാളിൽ ഈ കുളത്തിൽ ഗംഗാസംഗമമുണ്ടാകുമെന്നും അപ്പോൾ തിരയിളക്കമുണ്ടാകുമെന്നും വിശ്വസിക്കുന്നു. അഞ്ചു പൂജയും മൂന്നു ശീവേലിയുമുള്ള മഹാക്ഷേത്രമാണ് തൃപ്രങ്ങോട്ടുമഹാദേവക്ഷേത്രം. ഇടവമാസത്തിലെ പുണർതം നക്ഷത്രമാണ് പ്രതിഷ്ഠാദിനം. കാലവധം നടന്നത് ഈ ദിവസമാണെന്നു വിശ്വസിക്കുന്നു. ശിവരാത്രിയാണ് പ്രധാനവിശേഷദിവസം. ശിവരാത്രി കഴിഞ്ഞ് പുണർതം നക്ഷത്രത്തിലാറാട്ടു വരത്തക്കവിധം എട്ടു ദിവസത്തെ ഉത്സവമുണ്ട്. പണ്ട് നാവാമുകുന്ദൻ മാർക്കണ്ഡേയനു പന്ത്രണ്ടു കല്ലുകൾ കൊടുത്തതിന്റെ സ്മരണയിൽ പന്ത്രണ്ടു ചരൽ കല്ലുകൾ ക്ഷേത്ര ജീവനക്കാർ തന്ത്രിയെ ഏല്പിക്കുന്ന ചടങ്ങ് ഇന്നും നടന്നു വരുന്നു. ആയുർവർദ്ധനക്കും ശിരോരോഗ നിവാരണത്തിനും വേണ്ടി കരണയിൽ ശിവന് ധാര നടത്തുന്നതും മാർക്കണ്ഡേയനെ അമരനാക്കിയ ഭഗവാനെ ആയുർസൂക്തം കൊണ്ടർച്ചിക്കുന്നതും ദീർഘായുസ്സിനുത്തമമാണ്. കാലവധത്തിനുശേഷം ദേവകളുടെ അപേക്ഷപ്രകാരം പരമശിവൻ കാലനെ പുനർജീവിപ്പിച്ചു. തൃപ്രങ്ങോട്ടപ്പന്റെ ഭക്തരെ കാലൻ ഭയപ്പെടുത്താതെ കൊണ്ടു പോകുമെന്നാണ് ഭക്തരുടെ വിശ്വാസം. തൃപ്രങ്ങോട്ടു കഥകളെ നമുക്കും വിശ്വസിക്കാം. ആയുസ്സിനും മരണഭയം അകറ്റി നിർത്തുവാനും തൃപ്രങ്ങോട്ടു ഭക്തരുടെ പ്രാർത്ഥനയെ നമുക്കും ഏറ്റു ചൊല്ലാം.

തൃപ്രങ്ങോട്ടമരുമപ്പാ
തിങ്കൾ ചൂടും തമ്പുരാനേ
കാലൻ വന്നുതടുത്തീടിൽ
കത്തിച്ചായുസ്സു നൽകണേ.

ഒരിക്കൽ ചിരം ജീവിയായ മാർക്കണ്ഡേയൻ നരനാരായണ സ്മരണയിൽ സമാധിയിലിരിക്കവേ പരമശിവനും പാർവ്വതി ദേവിയും പരിവാരങ്ങളോടൊപ്പം ആകാശമാർഗ്ഗേ പോകുമ്പോൾ പാർവ്വതിദേവി ആ മഹർഷിയെ ഒന്നനുഗ്രഹിക്കുവാൻ പരമശിവനോടു പറഞ്ഞു. അവർ മാർക്കണ്ഡേയനു മുന്നിൽ പ്രത്യക്ഷപ്പെട്ടു. ഭഗവാനും ഭഗവതിയും തന്റെ മുന്നിൽ വന്നതറിഞ്ഞപ്പോൾ അതിരറ്റ ആഹ്ലാദത്തോടെ എല്ലാവരേയും സ്വാഗതം ചെയ്തു കൊണ്ട് മാർക്കണ്ഡേയമഹർഷി ഭഗവാന്റെ പാദങ്ങളിൽ വീണു നമസ്കരിച്ചു. നരനാരായണനിൽ അങ്ങേയ്ക്ക് കറ തീർന്ന ഭക്തിയുള്ളതിനാൽ എല്ലാ വിധത്തിലുമുള്ള സിദ്ധിയും ഇതാ ഞാൻ തരുന്നു. സർവ്വ മായയും കാണുവാനുള്ള ശക്തിയും ചിരഞ്ജീവിയായി വസിക്കുവാനുള്ള ശക്തിയും പുരാണാചാര്യനെന്ന ഖ്യാതിയും അങ്ങേയ്ക്കു ലഭിക്കും. അങ്ങുപദേശിക്കുന്ന കഥകൾ കേൾക്കുന്നവർക്ക് മോക്ഷം ലഭിച്ച് ധന്യരായിത്തീരും. ഇത്രയും പറഞ്ഞ് മഹാദേവനും ദേവിയും മടങ്ങിപ്പോയി. ഭഗവാന്റെ അനുഗ്രഹം ഏറ്റു വാങ്ങിയ മാർക്കണ്ഡേയൻ തനിക്കുള്ള അനിതര സാധാരണമായ അനുഭവത്തെപ്പറ്റി വീണ്ടും വീണ്ടും ചിന്തിച്ച് മഹാപ്രളയവും കാത്ത് ആലിലകൃഷ്ണന്റെ രൂപവും ധ്യാനിച്ച് അദ്ദേഹത്തിന്റെ സമയം കഴിച്ചു കൂട്ടി.





പണ്ടൊക്കെ എല്ലാ ഹിന്ദുവീടുകളിലും സന്ധ്യയ്ക്ക് നിലവിളക്കു കൊളുത്തി സന്ധ്യനാമം ചൊല്ലുന്ന പതിവുണ്ടായിരുന്നു. മൃത്യുഞ്ജയ സ്തോത്രവും നിത്യം ചൊല്ലിയിരുന്നു. ഇന്ന് കാലം ഒരു പാടു മാറി , ഒപ്പം ശീലങ്ങളും. എങ്കിലും ആയുരാരോഗ്യസൗഖ്യം ആഗ്രഹിക്കാത്തവരാരുമില്ല. പഴയ നല്ല ശീലങ്ങളെ തിരിച്ചുകൊണ്ടു വരാനും അതുവഴി വരും തലമുറയ്ക്കും ആയുരാരോഗ്യ സൗഖ്യം ലഭ്യമാക്കുവാനും നമുക്കു ശ്രമിക്കാം.

ഹസ്താം ഭോജയുഗസ്ഥ കുംഭയുഗളാ
ദുർദ്ധ്യതൃതോയംശിര
സിഞ്ചന്തം കരയോർയുഗേന ദധതം സ്വാംകേ
സകുംഭൗകരൗ
അക്ഷസ്രങ് മൃഗഹസ്തമഗ്ന ജഗതം
മൂലസ്ഥചന്ദ്രസ്രവത്
പിയൂഷോന്നതനും ഭജേ സഗിരിജാം
മൃത്യുഞ്ജയംത്ര്യംബകം.

(പത്മാസനത്തിലിരിക്കുന്നവനും ഒരു കയ്യിലെ കുംഭത്തിൽ നിന്ന് സ്വശിരസ്സിലേക്ക് ജലധാര നടത്തുന്നവനും മറ്റു കൈകളിൽ പൂർണ്ണകുംഭം, രുദ്രാക്ഷമാല, മാൻ ഇവ ധരിച്ചവനും ശിരസ്സിലെ ചന്ദ്രക്കലയിൽ നിന്ന് ഒഴുകുന്ന അമൃതധാരകൊണ്ട് കുളുർക്കുന്നവനും സമീപത്ത് പാർവ്വതി ദേവിയോടു കൂടിയവനും ത്രിനേത്രനുമായ മൃത്യുഞ്ജയമൂർത്തിയെ ഞാൻ ഭജിക്കുന്നു.)●

കുറുങ്കവിതകൾ

# മൊഴിയും വഴിയും



പറവൂർ രാജഗോപാൽ

ഭക്തി,
ഭജനാനന്ദ
രസത്താൽ
തുടക്കം മുതൽ
മധുരം.
മോക്ഷം
തീർത്ഥം
പട്ടു വിരിച്ച വഴി.
മുന്നിലും പിന്നിലും
ഇടവും വലവും
മേലും കീഴും
ബ്രഹ്മം തന്നെയെന്ന
അറിവ് ശ്രേഷ്ഠം.
തസ്യത്തെ
തൊടുന്നതാണ്
ആനന്ദം.
ശുദ്ധമായ
ചിന്തകളാണ്
അനുഗ്രഹം.
വാക്കുകൾക്കിടയിലെ
മൗനമാണ് ആരാധന.
കൊടുത്തതിന്റെ
വലിപ്പമല്ല,
ഭാവമാണ് കാര്യം.
പ്രാണികളോടുള്ള
പ്രേമമാണ് പൂജ.
നാമം
നാവിൽനിന്നു പുറപ്പെട്ടാൽ
പാപം
മൂലത്തോടെ നശിക്കും.
വിശ്വാസം
അനുഷ്ഠാനം
മൃത്യുപോലും
മാറിനിൽക്കും
ഭാഗവതം രക്ഷിക്കും.
ഒറ്റദർശനത്താൽത്തന്നെ
പെട്ടുപോകുന്ന
ആകർഷണമാണ്
ഗുരുപവനേശന്
കുന്തി
വലിയൊരു കണ്ണുനീർതുള്ളി
സ്വന്തം ശരശയ്യപോലും
പാണ്ഡവശരമേറ്റല്ലോ
കർമ്മഫലമെന്ന്
ധീരനായ ഭീഷ്മർ.
കുണ്ടിൽക്കിടക്കുന്ന ജനത്തിനേണി
കേറിക്കഴിഞ്ഞോനൊരു
പൊന്നുഴിഞ്ഞാൽ
ആടിത്തളർന്നോനു മിനുത്ത മെത്ത
വാതാലയേശന്റെ പദാരവിന്ദം!
ഈശ്വരീയമായ
നന്മയാണ്
ഐശ്വര്യം.

# ജൻമനാളിന്റെ മഹത്വം



ഗീതാറാണി

വളരെ പഴയ ഒരു കഥയാണിത്. പണ്ട് തലയിലെഴുത്തു വായിക്കാൻ അറിയാവുന്ന ഒരു ജ്യോത്സൻ ജീവിച്ചിരുന്നു. അദ്ദേഹത്തിന് ഒരിക്കൽ ഒരു തലയോട്ടി കിട്ടി. അതിൽ

'ജൻമപ്രഭൃതി ദാരിദ്ര്യം
ദശ വർഷാണി ബന്ധനം
സമുദ്രതീരേ മരണം
കിഞ്ചിച്ഛേഷം ഭവിഷ്യതി'

എന്ന സംസ്കൃതശ്ലോകം എഴുതിയിരുന്നു. തലയിലെഴുത്ത് വായിക്കാൻ അറിയാവുന്ന ജ്യോത്സ്യൻ ഈ ശ്ലോകം കണ്ടാശ്ചര്യപ്പെട്ടു. സമുദ്രതീരെയുള്ള മരണം കഴിഞ്ഞിട്ടും ഇനിനെന്തോ സംഭവിക്കാനുണ്ടെന്നു കാണിക്കുന്ന ചതുർത്ഥപാദമായിന്നു ആശ്ചര്യത്തിനു കാരണം.

ഏതായാലും മരണത്തിനു ശേഷമുള്ള ആ ഭവിഷ്യത്ത് എന്തെന്നറിയണമെന്നു കരുതി തലയോട്ടിയും കൊണ്ട് ജ്യോത്സ്യൻ വീട്ടിലെത്തി. ആരും കാണാതെ രഹസ്യമായി അത് ഒരിടത്ത് സൂക്ഷിച്ചു വച്ചു. ദിവസവും രാവിലെ അതെടുത്ത് പരിശോധിച്ച് എന്തെങ്കിലും വ്യതിയാനം സംഭവിച്ചിട്ടുണ്ടോയെന്ന് നോക്കുന്നത് അയാൾക്കൊരു പതിവായി. ഭർത്താവിനു വന്ന മാറ്റം ഭാര്യയും ശ്രദ്ധിക്കുന്നുണ്ടായിരുന്നു. എത്ര ചോദിച്ചിട്ടും അദ്ദേഹം ഒന്നും പറയുന്നുമില്ല. ഭർത്താവിന് അരുതാത്ത എന്തോ ബന്ധമുണ്ടെന്ന സംശയം അതോടെ ബലപ്പെട്ടു. രഹസ്യമെന്തന്നറിയണമെന്നവളുറച്ചു. ഭർത്താവ് വെളിയിൽപോയ അവസരത്തിൽ അവൾ ആ അമൂല്യവസ്തു വച്ചിരിക്കുന്ന മുറിയിൽ ചെന്നു നോക്കി. തലയോടു കണ്ടപ്പോൾ അതു തന്റെ ഭർത്താവിന്റെ കാമുകിയുടേതാണെന്ന് അവൾ തീരുമാനിച്ചു അതായിരിക്കണം ആദ്ദേഹത്തിനു ഇത്ര വലിയ ശ്രദ്ധയെന്നും അവൾ കരുതി. ഇനിയൊരു നിമിഷം പോലും വൈകിക്കൂടെന്നു നിശ്ചയിച്ച് അവൾ തലയോടെടുത്ത് അരച്ചു പൊടിച്ച് ഭർത്താവിനുള്ള കറിയിൽ ചേർത്തു കൊടുത്തു. പിന്നീട് വിവരം അറിഞ്ഞപ്പോഴാണ് തലയോട്ടിയിൽ എഴുതിയിരുന്ന കിഞ്ചിച്ഛേഷമെന്തന്നു ജ്യേത്സ്യനു മനസ്സിലായത്. (ശ്ലോകത്തിന്റെ ചതുർത്ഥപാദത്തിന്റെ പരിഭാഷയാണ് 'ചത്താലും കുത്തും ചെമ്മീൻ' എന്ന പഴമൊഴി.)

തലയിലെഴുത്ത് തേച്ചാലും മാച്ചാലും പോവില്ലയെന്നു പറയുന്നത് ഇതുകൊണ്ടാണോയെന്നറിയില്ല... നിരവധി ജ്യേതിഷ പുസ്തകങ്ങൾ വായിക്കുകയും, ഇഷ്ടപ്പട്ട ഭാഗങ്ങൾ കുറിച്ചു വയ്ക്കുകയും ചെയ്യുന്നതിൽ സദാ തൽപരയായ എന്റെ പ്രിയപ്പെട്ട അമ്മ രാജമ്മ അമ്മയുടെ പുസ്തകതാളിലെ ജ്യോത്സ്യശാസ്ത്രത്തിൽ നിന്നൊരേടാണിത്. അതിൽ നക്ഷത്ര ചൊല്ലുകളും, പുറമെ ഒട്ടേറെ കാര്യങ്ങൾ വിശ്വാസങ്ങൾക്ക് അധിഷ്ഠിതവും എന്നാൽ ജ്യോതിഗ്രന്ഥങ്ങളിൽ ദോഷത്തെക്കുറിച്ച് പരാമർശിച്ചിട്ടില്ലാത്തതും ഒപ്പം പലരിലും രൂഢമൂലമായിട്ടുള്ളതുമായ വിശ്വാസങ്ങളുമുണ്ട്. ആയില്യം അയൽ ദോഷി എന്ന ചൊല്ലു തന്നെ എടുക്കാം. നമ്മൾ സ്വന്തം അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്വീകരിക്കുകയോ തിരസ്കരിക്കുകയോ ചെയ്യേണ്ട അടിസ്ഥാനരഹിതമായിട്ടുള്ള ഒരു വിശ്വാസം. നാം ഇത്തരം അന്ധവിശ്വാസങ്ങളെ വിമർശന ബുദ്ധിയോടെ ഉൾക്കൊള്ളണമെന്നു മാത്രം. ചില നക്ഷത്രങ്ങൾക്ക് ദോഷങ്ങൾ പറയാറുണ്ടെങ്കിലും ആ നക്ഷത്രത്തോടൊപ്പം മറ്റു ചില ഘടകങ്ങളും ഒത്തുവന്നാൽ മാത്രമേ ദോഷം സംഭവിക്കുകയുള്ളൂ.

ഇനി നമുക്ക് നക്ഷത്ര ചൊല്ലുകളിലേക്ക് കടക്കാം ..

അശ്വതി നക്ഷത്രത്തിന് അച്ചി പിറക്കണമെന്നാണ് നാൾ മൊഴി. അശ്വതി നാളിൽ സ്ത്രീ ജനനം നന്ന്.

ഭരണി ധരണിയാളുമെന്നാണ് ചൊല്ല്. അതായത് ഭരണി നാളിൽ ജനിച്ചവർ ശ്രേഷ്ഠരായിത്തീരും. ആ നക്ഷത്ര ജാതരുടെ കീർത്തി ഭൂമിയിലൊതുങ്ങാത്തതാണ്.

## കാർത്തിക കീർത്തികേൾക്കും.

നേരത്തെ സൂചിപ്പിച്ച ആയില്യത്തിനെക്കുറിച്ചുള്ള നാൾമൊഴി ഇങ്ങനെ ആയില്യം അയലുമുടിക്കുമെന്ന് പറഞ്ഞിട്ട് ആ നക്ഷത്ര ജാതർ താമസിക്കുന്നതിനു ചുറ്റും നമുക്ക് ശ്രദ്ധിച്ചാൽ കാണാൻ സാധിക്കുക അംബരചുംബിളായ ഫ്ളാറ്റുകളും, മെഡിക്കൽ കോളേജുകളും, മണിമന്ദിരങ്ങളും മാത്രമായിരിക്കും.

മകം പിറന്ന മങ്ക മകം നാളിലെ സ്ത്രീ ജനനം ഉത്കൃഷ്ടവും ഐശ്വര്യ സമൃദ്ധിയുമാണ്.

പൂരം പിറന്ന പുരുഷൻ ആൺ പൂരം അരശാളും പൂരം നാളിലെ പുരുഷ ജനനം അതിവിശിഷ്ടമാണ്. പക്ഷേ അത്തരം ജനനം വളരെ വിരളമാണ്.

അത്തം അത്തത്തപ്പൻ അര വരെ. അത്തം മകൻ പിറന്നാല് അപ്പൻ തിണ്ണയില്, അത്തം നാളിലെ ആൺപിറവി പിതാവിനു ദോഷം ചെയ്യുമത്രേ...

പെണ്ണത്തം പൊന്നത്തം അത്തം നാളിലെ സ്ത്രീ ജനനം നന്ന്. ചില തമിഴ് മൊഴികൾ ഇങ്ങനെയും...

അത്തപൊണ്ണ് അടുപ്പുകിട്ടേൻപൊന്ന്. അത്തകൈയാലേ വാങ്കിറത് പെരുകിറത്...

ചിത്തിരയെപ്പറ്റിയുള്ള നാൾമൊഴി ചിത്തിര ചെക്കൻ പിന്നാൽ അക്കുടി നാശം.ചിത്തിര നാളിൽ പുരുഷ ജനനം നന്നല്ല. ചിത്തിരയ്ക്കപ്പൻ പുറത്ത് .ചിത്തിര നാളിലുള്ള ജനനം ശിശുവിന്റെ പിതാവിന് ദോഷമാണെന്ന് സാരം. എന്നാൽ ചിത്തിര നാളിലെ സ്ത്രീ ജനനം ഉത്കൃഷ്ടമാണ്. പെൺ ചിത്തിര പൊൻ ചിത്തിരയത്രേ...

ചോതി ചോദിക്കണ്ട... ചോതി നാളിലെ ജനനത്തിന്റെ വൈശിഷ്ട്യം ആ നാളിലാണ് ജനിച്ചെതെങ്കിൽ ആളിന്റെ മറ്റു കാര്യങ്ങളൊന്നും അന്വേഷിക്കേണ്ടെന്നു സാരം. ചോതിപ്പെണ്ണിനു ചോദ്യമില്ല. ചോതി നക്ഷത്രത്തിൽ പിറന്ന സ്ത്രീ ഐശ്വര്യവതിയാണ്. തമ്പ്രാനും ചോതി, അടിയനും ചോതിയെന്ന് പറഞ്ഞിരുന്നിട്ട് ഒരു കാര്യവുമില്ല. തമ്പ്രാന് രാജ്യം തന്നെ ലഭിക്കുമ്പോൾ അടിയന് ഒരു കാരാമയായിരിക്കും കിട്ടുക. എന്നുവച്ചാൽ ഓരോ വ്യക്തികളുടെയും സാമൂഹിക സ്ഥാനവും, പാരമ്പര്യവും, അധികാര സ്ഥാനത്തെയും നിശ്ചയിക്കുന്നതാണെന്ന് ചുരുക്കം.

വിശാഖം വിചാരം വിശാഖം നാളിൽ ജനിച്ചവർ പൊതുവെ ചിന്താകുലരായിരിക്കുമത്രേ.

കേട്ടയ്ക്ക് ഏട്ടനാകാ...

മൂലം മൂപ്പേല്ക്കും. വലിയ സ്ഥാനത്തെത്തും. ആൺ മൂലം മുടി ചൂടും. മൂലം നാളിലെ ജനനം പുരുഷന് നല്ലത്. അമ്മ മൂലം അറവയ്ക്കും. അമ്മയാണ് കുടുംബത്തിന് ഐശ്വര്യവും സമൃദ്ധിയുമുണ്ടാക്കുന്നത്. 'മൂലത്തിൻ മാമിയാർ മുക്കിലെ അല്ലമ്മാ രൊമ്പ രൊമ്പ മുന്നാലെ' യെന്ന തമിഴ് മൊഴി...

പൂരാടത്തപ്പൻ ഊരാടൻ പൂരാടം നാളിൽ ജനിക്കുന്നവൻ പിതാവിന് ദോഷം ചെയ്യുമെന്ന ഒരു വിശ്വാസം.

തിരുവേണം തിരുതകൃതി. എന്നും നല്ലകാലമായിരിക്കുന്ന അവസ്ഥ.

അവിട്ടം തവിട്ടിലും നേടും. ഒട്ടും വിലയില്ലാത്ത വസ്തുവാണ് തവിട്. പക്ഷേ അവിട്ടം നാളിൽ ജനിച്ചവർക്ക് അതിലുമുണ്ടാകും നേട്ടം. അവിട്ടം ഭാഗ്യ നക്ഷത്രമാണെന്ന് താൽപര്യം.

ചതയം ചതഞ്ഞു കിടക്കും. ചതയം നാളിൽ ജനിച്ചവർക്ക് ഓജസ്സും, ഉത്സാഹവും, പ്രസരിപ്പും കുറയുമെന്ന വിശ്വാസം. എന്നാൽ ദ്വിമുഖ പ്രതിഭകളായ ചതയം നാളുകാർ ഒട്ടുമിക്കവരും ഈ പറഞ്ഞതൊന്നും പുറത്തെടുക്കാതെ തന്നെ വലിയ വലിയ പ്രതിഭശാലികളായി ഉന്നത നിലയിൽ പേരെടുക്കുന്നത് നമ്മൾ കണ്ടിട്ടുണ്ട്...

ഇനി പൂരുരുട്ടാതിയേക്കുറിച്ച് എന്താണ് പറയുന്നതെന്ന് നോക്കാം. പൂരുരുട്ടാതി പുരുഷൻ ഭൂമി തലയ്ക്കലിരിക്കും. വിശിഷ്ടജനനം.

പൂരം, പൂരാടം, പൂരുരുട്ടാതി മുപ്പൂരം പിറക്കാത്ത പുരുഷൻ പുരുഷനല്ല. ഈ നാളുകളിലെ പുരുഷ ജനനത്തിന് ശ്രേഷ്ഠത പരാമർശിക്കുന്ന നാൾമൊഴിയാണിത്...

രേവതി നക്ഷത്രം വിശ്വസിച്ചാലും, ഇല്ലെങ്കിലും രേവതിയെക്കുറിച്ച് പറയുന്നത് തന്നെ രേവതിക്ക് എഴുപത് ശീലം എന്നാണ്. അതായത് വിശാലമായ കാഴ്ചപ്പാടുള്ള, ശുഭാപ്തി വിശ്വാസികളായ രേവതി നാളിൽ ജനിച്ചവർക്ക് അഭിപ്രായ സ്ഥിരതയോ, ഉണർവ്വും, ഊർജസ്വലതയുമില്ലാത്ത തണുപ്പൻ സ്വഭാവമോയെന്നൊക്കെ പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതിനുമുമ്പു തന്നെ പറയട്ടെ. ഇവർ ബഹുമുഖപ്രതിഭകളാണെന്ന കാര്യത്തിൽ ഒട്ടും തർക്കം വേണ്ടെന്നു മാത്രമല്ല, അവരുടെ കൈകളിൽ ഓരോരോ വിദ്യകളായി പുറത്തെടുക്കാൻ ദൈവം അനുഗ്രഹിച്ചു നൽകിയ ഏറെ കലാവിരുതും കാണും...

അടുത്തത് നമ്മുടെ വിശ്വാസങ്ങളാണ്. ഒന്നിൽ പിഴച്ചാൽ മൂന്ന് എന്ന് കേട്ടിട്ടില്ലേ? അതും വിശ്വാസത്തിൽപെടുന്നു. രണ്ടൊത്താൽ മൂന്നൊക്കും. നല്ലതായാലും, ചീത്തയായാലും രണ്ടു തവണ ഒത്താൽ മൂന്നാമതൊന്നു കൂടി പ്രതീക്ഷിക്കണമെന്നു വിശ്വാസം.

ഇരട്ടച്ചുഴിയൻ ഇരുന്നുണ്ണും തലയിൽ രണ്ടു

ചുഴിയുള്ളവൻ ഭാഗ്യവാനും ദീർഘായുസ്സു മായിരിക്കും. എന്നാൽ മുച്ചുഴി മുടി ചൂടും. തലയിൽ മൂന്നു ചുഴിയുള്ളവൻ രാജപദവിയിലെത്തുമെന്നു വിശ്വാസം. മറ്റൊന്ന് , മൂന്നാമത്തെ പെണ്ണു മുടി വച്ചു വാഴും. അതായത് മൂന്നാമതായി ജനിക്കുന്ന സ്ത്രീ സന്താനം അഭിവൃദ്ധിപ്പെടും. വേറൊന്ന്, മുന്നാളു മുടി പിടിക്കും. അതിനർത്ഥം ഒരുവന് അവന്റെ മൂന്നാം നാളുകാരൻ ദോഷം ചെയ്യുമത്രേ. ഉദാഹരണത്തിന് അശ്വതി നാളിൽ ജനിച്ചവന്, കാർത്തിക നാളിൽ പിറന്നവൻ ദോഷം ചെയ്യുമെന്ന ഒരു വിശ്വാസം.

ഇരുനാൾ ഇരുന്നു വാഴും ഒരു വിശ്വാസം അടുത്തടുത്ത നാളുകളിൽ ജനിച്ചവർ ഒത്തൊരുമിച്ചു ദീർഘകാലം ജീവിക്കും..

മൂന്നാളുകൂടി പടിയിറങ്ങരുത് മൂന്നുപേർകൂടി വീട്ടിൽ നിന്ന് ഇറങ്ങുന്നത് നന്നല്ല.. അശുഭമാണെന്ന് വിശ്വാസം. അത്തം കറുത്താൽ ഓണം വെളുക്കും ചിങ്ങമാസത്തിലെ അത്തം നാളിൽ കാർമേഘവും മഴയുമുണ്ടായാൽ തിരുവോണനാളിൽ നല്ല വെയിലായിരിക്കുമെന്ന വിശ്വാസം.

അത്താഴാനന്തരം ആലോചനയരുത് അത്താഴം കഴിഞ്ഞൊരു കാര്യം ആലോചിച്ച് തീരുമാനിക്കരുത്. അപ്രകാരം തീരുമാനിക്കപ്പെടുന്ന കാര്യം നടപ്പിൽ വരികയില്ലെന്ന് വിശ്വാസം.

വടക്കോട്ട് തല വച്ചു കിടക്കുന്നത് ദോഷമാണെന്ന് വിശ്വാസം. രാത്രിയിൽ യാത്രയില്ല അങ്ങനെ രത്രിയിൽ യാത്ര പറയരുതെന്നു വിശ്വാസം. കാക്ക കരഞ്ഞാൽ വിരുന്നു വരും. ഈ വിശ്വാസം പണ്ടു മുതൽക്കേ നമുക്കിടയിലുണ്ട്. പഴയ ഒരു ഗാനം ഓർമ്മ വരുന്നു. 'കദളി വാഴക്കൈയിലിരുന്ന് കാക്കയൊന്നു വിരുന്നു വിളിച്ചു' എന്ന ഗാനശകലം വിശ്വാസത്തിന്റെ ആക്കം കൂട്ടി.

പൂച്ച വിലങ്ങനെ ചാടിയാൽ അശുഭം യാത്രാമദ്ധ്യേ, പൂച്ച വിലങ്ങനെ ചാടുന്നത് ശുഭകരമല്ലായെന്ന് വിശ്വാസം. നിഴലു കണ്ടു കളിക്കരുത്. കുട്ടികളോട് മുതിർന്നവർ പറയുന്നത് കേട്ടിട്ടില്ലേ? നിഴലു നോക്കി കളിക്കുന്നത് നല്ലതല്ലയെന്ന വിശ്വാസം. ശിശുക്കൾ തള്ള വിരൽ കുടിച്ചാൽ തള്ളയ്ക്ക് കേട്.കുഞ്ഞുങ്ങൾതള്ളവിരൽകുടിക്കുന്നത്അമ്മയ്ക്ക് കേടാണെന്ന് വിശ്വാസം. കൊള്ളിക്കതിർ പോയാലും വെള്ളിക്കതിർ പോവരുത്. തീക്കൊള്ളിയും വെണ്ണീറും മറ്റും ദുശ്ശകുനമാണെങ്കിലും അവയെക്കാൾ ചീത്തയാണ് വെള്ളിയാഴ്ച യാത്ര പുറപ്പെടുന്നത്. വെള്ളിയാഴ്ച യാത്രയ്ക്ക് അശുഭമാണെന്ന് വിശ്വാസം.

കുളിക്കാക്കുറിയിട്ടാ കൊള്ളാക്കടം വീട്ടണമത്രേ. കുളിക്കാതെ കുറിയിട്ടാൽ വാങ്ങാത്ത കടം വീട്ടേണ്ടി വരും. കുളിക്കാതെ കുറിയിടരുതെന്ന് ഒരു വിശ്വാസം. കരിനാക്ക് ഫലിക്കും കരിനാക്കുള്ളവർ പറയുന്നത് ഫലിക്കുമെന്ന വിശ്വാസം. കടുക് ചിന്നിയാൽ കലഹം. കടുക് നിലത്തു ചിതറി വീഴുന്നത് കലഹത്തിനു കാരണമാകുമെന്ന്

ഒരു വിശ്വാസം. അതുപോലെ കേട്ടിരിക്കുന്നത് ചതുർത്ഥി കണ്ടാൽ അനർത്ഥം വിനായക ചതുർത്ഥി നാൾ ചന്ദ്രനെ കണ്ടാൽ അനർത്ഥമുണ്ടാകുമെന്ന വിശ്വാസം. കേതുവിന് ഹേതു വേണ്ട. കേതുവിന്റെ ദശയിൽ ആളുകൾക്കു കുഴപ്പവും വിഷമവുമുണ്ടാവാൻ കാരണമൊന്നും വേണ്ടായെന്ന വിശ്വാസം. കണ്ടകൻ കൊണ്ടേ പോകൂ. മനുഷ്യരെ സ്വസ്ഥാനത്തു നിന്നു സ്ഥാനഭ്രംശം, അലച്ചിൽ വരുത്തിയിട്ടേ അടങ്ങൂ എന്ന വിശ്വാസം.

ഇത്തരം ഒട്ടനവധി വിശ്വാസങ്ങൾ നമുക്ക് ചുറ്റിനുമുണ്ട്. ഓരോന്നും നാം അടിയുറച്ച് വിശ്വസിക്കുകയും ചെയ്യുന്നു. കാരണം, വിശ്വാസം ആശ്വാസം. ദൈവവിശ്വാസം മനുഷ്യർക്ക് ആശ്വാസം പകരും. നിന്റെ വിശ്വാസം നിന്നെ രക്ഷിക്കട്ടെ എന്ന ബൈബിൾ വചനം പ്രസിദ്ധമാണ്...

'അലംഘനീയാ കമലാസനാജ്ഞ' എന്നല്ലേ പറയാറ്? ബ്രഹ്മാവിന്റെ വിധി അലംഘനീയമാണ്. സൃഷ്ടി കർത്താവായ ബ്രഹ്മാവ് സൃഷ്ടിസമയത്ത് മനുഷ്യർക്കു വിധിച്ചിട്ടുള്ളതു പോലെ കാര്യം നടക്കുമെന്നും അതിനെ തടുക്കാൻ ആർക്കും സാധിക്കയില്ലെന്നും നാമെല്ലാം അടിയുറച്ച് വിശ്വസിക്കുന്നു. വിശ്വാസം അതല്ലേയെല്ലാം !!! ●

ചൈത്രം

● മാനസിക സംഘർഷമനുഭവിക്കുന്നവർ
● ഏകാന്തതയനുഭവിക്കുന്നവർ
● ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
● നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ





യാത്രാ വിവരണം

# വടക്കൻ കേരളത്തിലെ ക്ഷേത്രങ്ങളിലൂടെ ഒരു യാത്ര

ശോഭ



ഇന്ന് ജൂലൈ 7 വ്യാഴാഴ്ച ഞങ്ങൾ നാലു സുഹൃത്തുക്കൾ എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷനിൽ നിന്നും ജനശതാബ്ദി എക്സ്പ്രസിൽ രാവിലെ 9.20 ന് ഒരു യാത്ര ആരംഭിച്ചു. കുറേ നാളായി ആഗ്രഹിക്കുന്നതാണ് ക്ഷേത്രങ്ങളിൽ മാത്രമായി ഒരു യാത്ര. അത് ഇത്ര പെട്ടെന്ന് സാധിക്കും എന്നു കരുതിയില്ല. നല്ല മഴയുള്ള ഒരു പ്രഭാതത്തിൽ ഞങ്ങൾ നാൽവർ സംഘം യാത്ര തുടങ്ങി. വലിയ തിക്കും തിരക്കമൊന്നും ഇല്ലായിരുന്നു. തൃശൂരെത്തിയപ്പോഴേക്കും മിക്കവാറും സീറ്റുകൾ ഒഴിഞ്ഞു കിടക്കുകയായിരുന്നു. 1.30 ആയപ്പോൾ ഞങ്ങൾ കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ എത്തി. അവിടെ നിന്നും താമസിക്കുന്ന ഹോട്ടൽ മുറിയിലേക്ക്. രണ്ടു മണിക്കൂർ വിശ്രമത്തിനുശേഷം ഞങ്ങൾ കാറിൽ യാത്ര ആരംഭിച്ചു. ആദ്യം പോയത് അഴകൊടി ദേവിക്ഷേത്രത്തിലേക്കാണ്. തിരുത്തിയാട് എന്ന ശാന്തസുന്ദരമായ സ്ഥലത്തു സ്ഥിതി ചെയ്യുന്ന മഹാക്ഷേത്രങ്ങളിലൊന്നാണ് അഴകൊടി ദേവിക്ഷേത്രം.

ശാന്തസ്വരൂപിണിയായ ഭദ്രകാളിയാണ് ഇവിടുത്തെ പ്രതിഷ്ഠ. ഇവിടുത്തെ വിഗ്രഹം സാമൂതിരിയാണ് നല്കിയതെന്നാണ് പറയപ്പെടുന്നത്. അരിക്കൊടികാവ് ലോപിച്ചാണത്രെ പിന്നീട് അഴകൊടി ആയത്. ക്ഷേത്രത്തിനു വലംവെച്ച് ഉപദേവതകളെയും നാഗങ്ങളേയും തൊഴുതു വരാൻ കുറേ സമയം എടുക്കും. വിശാലമായ മതിൽകെട്ടും ക്ഷേത്രക്കുളവും നന്നായി സംരക്ഷിക്കപ്പെടുന്നുണ്ട്.

പിന്നീട് ഞങ്ങൾ ഒല്ലൂർ ശിവക്ഷേത്രത്തിലേയ്ക്കാണ് പോയത്. നെല്ലിക്കോട് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം വളരെ പുരാതനമാണ്.

അവിടെ നിന്ന് ഞങ്ങൾ തൃക്കൈപ്പറ്റ് സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിലെത്തി. കോഴിക്കോട് സൈബർ പാർക്കിനു സമീപം പൊന്നങ്കോടു കുന്നിൽ സഹസ്രാബ്ദങ്ങൾക്കു മുൻപ് നിലനിന്നിരുന്ന ക്ഷേത്രമാണ് ഇത് എന്ന് വിശ്വസിക്കപ്പെടുന്നു. പുനർനിർമ്മാണം നടന്നു വരുന്ന ക്ഷേത്രമാണ്. കേരളത്തിലെ ഗജപുഷ്പാകൃതിയിലുള്ള സുബ്രഹ്മണ്യ സ്വാമിക്ഷേത്രങ്ങളിൽ ഏറ്റവും വലിയ ത്രിതല പ്രാസാദത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നതേയുള്ളൂ.

അവിടെ നിന്നും ഞങ്ങൾ വളയനാട് ദേവി ക്ഷേത്രത്തിലാണ് എത്തിച്ചേർന്നത്. ഭഗവതിയാണ് പ്രതിഷ്ഠ. സപ്തമാതൃക്കളും ശിവനും ഉപദേവതകളായുണ്ട്. പ്രത്യേക ശ്രദ്ധ ആകർഷിക്കുന്ന നാലു ഗോപുരങ്ങളാണ് ഇതിന്റെ പ്രത്യേകത. വളരെ സുന്ദരവും ശില്പകലാ വൈഭവവും ഒത്തിണങ്ങിയതാണ് ഗോപുരവും ക്ഷേത്രവും. 14-ാം നൂറ്റാണ്ടിൽ പണിതതെന്നു വിശ്വസിക്കപ്പെടുന്ന ക്ഷേത്രം സാമൂതിരിയുടെ സംരക്ഷണയിലാണ്. ഇവിടെ പൂജ നടത്തുന്നത് മൂസ്സതുമാരാണ്. ഇളയിടത്തു സ്വരൂപത്തിന്റേതാണ് ഈ ക്ഷേത്രം. മകരമാസത്തിൽ ഏഴു ദിവസത്തെ ഉത്സവമാണ് നടത്തുന്നത്. ശ്രീചക്രപൂജ വിശേഷം. കാർത്തികനാളിലാണ് പ്രധാന ഉത്സവം.

ഗോവിന്ദപുരം ശ്രീപാർത്ഥസാരഥി ക്ഷേത്രത്തിലാണ് അടുത്തതായി ഞങ്ങൾ എത്തിയത്. ഇതും മഹാക്ഷേത്രമാണ്. മൂന്നു കിണറുകളാണ് ഈ ക്ഷേത്രത്തിന്റെ എടുത്തു പറയാവുന്ന പ്രത്യേകത. ആത്മീയത നിറഞ്ഞു നില്ക്കുന്ന അന്തരീക്ഷമാണ് ഇവിടെ ഉള്ളത്. ഇത് ആദ്യം ശിവാലയമായിരുന്നു.

പിന്നീടാണ് വൈഷ്ണവക്ഷേത്രം ആയി മാറിയത് എന്നാണ് വിശ്വാസം. ഇതും സാമൂതിരി വക ക്ഷേത്രമാണ്.

ഭഗവത്ഗീതയിലെ 11-ാം അദ്ധ്യായവുമായി ബന്ധപ്പെട്ടതാണ് ഇവിടുത്തെ വിഗ്രഹം. ഭഗവാന്റെ വിശ്വരൂപം കണ്ടു ഭയന്ന അർജ്ജുനൻ അഭ്യർത്ഥിച്ചതു പ്രകാരം ഭഗവാൻ കാട്ടിയ ചതുർബാഹുവായ ഭഗവത്‌രൂപവിഗ്രഹമാണ് ഇവിടുത്തെ പ്രതിഷ്ഠ. വിഷ്ണു ക്ഷേത്രങ്ങളിൽ അപൂർവ്വമായി മാത്രം കണ്ടു വരുന്ന ദക്ഷിണാമൂർത്തിയുടെ പ്രതിഷ്ഠ ഇവിടെയുണ്ട്. ശാസ്താവിനെയും നാഗത്തറയെയും തൊഴുതു ഞങ്ങൾ ഇന്നത്തെ യാത്ര അവസാനിപ്പിച്ചു.

വെള്ളിയാഴ്ച 8-ാം തീയതി രാവിലെ 5.30 ന് ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി. ലോകനാർ കാവിലേക്കാണ് ആദ്യം പോയത്. വടകരയിൽ നിന്നും 4 കിലോമീറ്റർ അകലെ മേമുണ്ടയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ദുർഗ്ഗാദേവിയെക്കൂടാതെ ശിവനും കൃഷ്ണനും അടങ്ങുന്ന ക്ഷേത്ര സമുച്ചയമാണിത്. തച്ചോളി ഒതേനൻ ദുർഗ്ഗാദേവിയുടെ ഭക്തനായിരുന്നു. ആര്യവൈശ്യബ്രാഹ്മണർ 1500 വർഷം മുൻപ് നിർമ്മിച്ചതാണ് ഈ ക്ഷേത്രം എന്നു വിശ്വാസം. ശില്പസൗന്ദര്യം നിറഞ്ഞു നില്ക്കുന്ന ഈ ക്ഷേത്രം ലളിതവും സുന്ദരവുമാണ്.

പിഷാരികാവിലാണ് ഞങ്ങൾ അടുത്തതായി എത്തിച്ചേർന്നത്. ക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം കൊയിലാണ്ടി കൊല്ലം എന്നാണറിയപ്പെടുന്നത്. കൊല്ലത്തുനിന്നും പുറത്താക്കപ്പെട്ട എട്ടുവീട്ടിൽ പിള്ളമാർ ദേവിയെ പ്രാർത്ഥിച്ചു. ദേവി അവർക്ക് നന്ദകം എന്ന വാൾ നല്കി അനുഗ്രഹിച്ചുവത്രേ. അതിനുശേഷം അവർ സാമൂതിരിയിൽ നിന്നും സ്ഥലം വാങ്ങി ക്ഷേത്രം നിർമ്മിച്ചു എന്നാണ് വിശ്വാസം. ദേവിയുടെ വാൾ പ്രധാന പ്രതിഷ്ഠയായി പൂജിക്കപ്പെടുന്നു. ഉത്സവത്തിന് ഈ വാളും എഴുന്നള്ളിക്കും.

ഞങ്ങൾ പിന്നീട് വരയ്ക്കൽ ക്ഷേത്രത്തിലെത്തി. പരശുരാമൻ പ്രതിഷ്ഠ നിർവ്വഹിച്ച 108-ാ മത്തെ ക്ഷേത്രമാണിത്. അദ്ദേഹം പ്രതിഷ്ഠിച്ച അവസാനത്തെ ക്ഷേത്രവും ഇതാണ്. ദുർഗ്ഗാ ദേവിയാണ് പ്രതിഷ്ഠ. ഇരുപത്തെട്ടു പടികൾ കയറിയാണ് ക്ഷേത്രത്തിലെത്തുക. സാമൂതിരി രാജാവു വകയാണ് ഈ ക്ഷേത്രം.

വീണ്ടും ഞങ്ങൾ കോഴിക്കോട്ടു തന്നെ എത്തി. തളി ശിവക്ഷേത്രത്തിലേക്കാണ് പിന്നീട് പോയത്. കാഴ്ചയിൽ ശ്രീപൂർണ്ണത്രയീശക്ഷേത്രം പോലെ തന്നെയുണ്ട്. മുൻപിൽ തന്നെ വിശാലമായ കുളമുണ്ട്. നല്ല വൃത്തിയായും സുന്ദരമായും സംരക്ഷിച്ചിരിക്കുന്നു. ഇതും മഹാക്ഷേത്രമാണ്. മഹാവിഷ്ണുവിന്റെ പ്രതിഷ്ഠയും ഉണ്ട്. ഇതിനടുത്തു തന്നെ തളി ശ്രീ മഹാഗണപതിക്ഷേത്രവും ശ്രീബാലസുബ്രഹ്മണ്യക്ഷേത്രവുമുണ്ട്. ശനീശ്വരനവഗ്രഹക്ഷേത്രമാണ്. വളരെ ശാന്ത സുന്ദരമായ അന്തരീക്ഷമാണ് ഇവിടെയുള്ളത്. ഭക്തി സാന്ദ്രമായ പ്രാർത്ഥനകൾ മാത്രം മുഴങ്ങുന്ന അന്തരീക്ഷം.

ഇവിടെ നിന്നും കുറച്ചകലെയായി ശ്രീരാമന്റെ ക്ഷേത്രവുമുണ്ട്. പുരാതനവും സുന്ദരവുമാണ് ഇവിടുത്തെ ക്ഷേത്രങ്ങളൊക്കെ. കരിങ്കൽ പാളികൾ പാകിയ നടവഴികൾ എപ്പോഴും കഴുകി വൃത്തിയാക്കിയതായിട്ടാണ് നമുക്ക് തോന്നുക. ഇന്ന് ഇത്രയും കണ്ട് കുറച്ചുനേരം വിശ്രമിക്കുകയാണ്. ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ വീണ്ടും യാത്ര തുടരും. •


## വിശേഷ ദിവസങ്ങൾ
### 2016 ഒക്ടോബർ 15 മുതൽ നവംബർ 14 വരെ

| | | |
|---|---|---|
| ഒക്ടോബർ | 16 | വാല്മീകി ജയന്തി |
| | 17 | ഉപനിഷദ് വിചാരയജ്ഞം ആരംഭം |
| | 24 | മണ്ണാറശാല ആയില്യം |
| | 25 | തൃപ്പൂണിത്തുറ അമ്പലം കത്തിയ ഉത്സവം |
| | 28 | ഉപനിഷദ് വിചാരയജ്ഞം സമാപനം |
| | 29 | ദീപാവലി |
| | 31 | എൻ.എസ്. എസ് സ്ഥാപക ദിനം |
| നവംബർ | 1 | കേരളപ്പിറവി |
| | 10 | ഗുരുവായൂർ ഏകാദശി വിളക്ക് ആരംഭം |
| | 14 | ശിശുദിനം |





# വിയോഗം



ജി. മാധവൻ നായർ

വിശാലമായ വളപ്പിലെ വീതി കൂടിയ വഴിയിലൂടെ വനജ വീട്ടിന്റെ വരാന്തയിലെത്തി. അവിടെ മുഴുവൻ ജനനിബിഡമാണ്. ഉള്ളിൽ പ്രവേശിച്ചവരുടെ പാദരക്ഷകൾ കൃത്യമായി വരാന്തയ്ക്ക് വെളിയിലുള്ള കരിങ്കൽ പാളികൾ വിരിച്ച സ്ഥലങ്ങളിൽ നിരത്തി വച്ചിരിക്കുന്നു. പൂമുഖ വാതില്ക്കലെ വിസ്താരമുള്ള ഇടനാഴിയിൽ ഇട്ടിരുന്ന ഇരിപ്പിടങ്ങളിൽ വാർദ്ധക്യം ബാധിച്ചവരും നടപ്പുശേഷി കുറഞ്ഞവരും ഉപവിഷ്ടരായിരുന്നു. മൂകമായ അന്തരീക്ഷത്തിൽ ഇടയ്ക്ക് അകത്തു നിന്നും കേൾക്കുന്ന തേങ്ങലുകൾ ഒരു ശോകച്ഛായ സൃഷ്ടിക്കുന്നു.

അവൾ തിങ്ങി കൂടി നില്ക്കുന്നവരുടെ ഇടയിലൂടെ ഊളിയിട്ട്, അകത്തെ സ്വീകരണമുറിയിലേക്ക് കടന്നു. അവിടെ കിടന്നിരുന്ന കസേരകളും, മേശകളുമെല്ലാം എവിടേയ്ക്കോ അപ്രത്യക്ഷമായിരിക്കുന്നു. ഒത്ത നടുക്ക് ഒരു വലിയ നിലവിളക്ക് പ്രകാശിച്ചു നില്ക്കുന്നു. അതിനു പുറകിലായിലായിട്ടാണ് അദ്ദേഹത്തെ കിടത്തിയിരുന്നത്. കഴുത്തറ്റത്തോളം ഒരു വെള്ളമുണ്ട് പുതച്ചിരിക്കുന്നു. അക്ഷോഭ്യമായ ആ വദനം ജീവന്റെ തുടിപ്പുകൾ നഷ്ടപ്പെട്ട ഒരാളുടേതല്ല. കണ്ണുകളടഞ്ഞിരുന്നതിനാൽ സുഷുപ്തിയിലാണെന്നേ ധരിക്കൂ.

നെല്ലും അരിയുമിട്ടിരിക്കുന്ന വൃത്തത്തിനു വെളിയിൽ നിന്ന്, കൈകൂപ്പി, കണ്ണുകളടച്ച് പ്രാർത്ഥിച്ചു. ചുറ്റും നടന്നപ്പോൾ, കാൽഭാഗത്ത് നിന്ന് തൊഴുതു വന്ദിച്ചു. ഒരിക്കൽ കൂടി ആ മുഖത്തേയ്ക്ക് സൂക്ഷിച്ചു നോക്കി. നരച്ച ശ്മശ്രുക്കൾ വദനത്തെയാകെ മൂടിയിട്ടുണ്ട്. പക്ഷേ പൗരഷത്തിന്റെ ഗാംഭീര്യത്തിന് ഒരു കുറവും വന്നിട്ടില്ല. വർഷങ്ങൾക്കു മുൻപ് പ്രസിദ്ധമായ ജയിലിൽ അദ്ദേഹം ചികിത്സകനായി വന്നത് ഓർമ്മയിൽ തെളിഞ്ഞു. തന്റെ ആത്മസുഹൃത്തായ സ്വർണ്ണത്തിനോടൊപ്പം ജോലി ചെയ്തിരുന്ന നാളുകൾ. ......

കൂടിയിരുന്നവരുടെ ഇടയിൽ നിന്ന് പുറത്തു കടന്ന് വരാന്തയിലിരിക്കുന്ന കസേരകളിലൊന്നിൽ പോയി അവളിരുന്നു. കുറച്ചകലെ നിന്നിരുന്നവരുടെ കൂട്ടത്തിൽ നിന്ന് കരഞ്ഞു വീർത്ത മുഖവുമായി ജീൻസും, ടീഷർട്ടും ധരിച്ച ഒരു ചെറുപ്പക്കാരി വന്ന് കൈകളിൽ പിടിച്ചു.

വനജാന്റിയല്ലേ ?

അതെ, മോളെപ്പം വന്നു.

ഞാൻ ഇപ്പോളെത്തിയതെ ഉള്ളു.

പുറം രാജ്യത്ത് ജോലി ചെയ്യുന്ന ഡോക്ടറുടെ മകളാണ് തനിക്ക് പിറക്കാതെ പോയ മകളാണെന്ന് വേണമെങ്കിൽ പറയാം. തന്നോടായിരുന്നു ശരിക്കുള്ള പ്രണയമെങ്കിലും സ്വർണ്ണം ഭീഷണിയിലൂടെ അദ്ദേഹത്തെ നേടിയെടുത്തു.

അതിനുവേണ്ടി അവൾ എന്തെല്ലാം വേഷങ്ങൾ കെട്ടി. അവളുടെ സമ്മർദ്ദതന്ത്രങ്ങളിൽ, ഈ മുൻപിൽ നില്ക്കുന്ന കുട്ടിയുടെ അച്ഛൻ അന്ന് വീണുപോയി.

മക്കളാരും വന്നിട്ടില്ലേ ?

ഓർമ്മകൾക്ക് തല്കാലം വനജ അവധി കൊടുത്തിട്ട് യുവതിയോടു ചോദിച്ചു.

ഇല്ല. അവർ പഠിച്ചു കൊണ്ടിരിക്കുകയല്ലേ. അവരുടെ അച്ഛനും എത്തിയിട്ടില്ല. അവധി കിട്ടിയാലുടനെത്തും.

മോൾ അപ്പുറത്തേയ്ക്ക് പൊയ്ക്കോളൂ. കൂടുതൽ ആളുകൾ വരുന്നുണ്ട്. അവരെല്ലാം കുട്ടിയെ അന്വേഷിക്കും.

അവൾ, പോയിക്കഴിഞ്ഞപ്പോൾ വനജ ഇരിപ്പിടത്തിൽ ഒന്നുകൂടി അമർന്നിരുന്നു. നയനങ്ങൾ അടച്ചു വച്ചു കൊണ്ടു തന്നെ, ഓർമ്മയുടെ ചെപ്പു മെല്ലെ തുറന്നു.

തന്റെ ഉത്തമസുഹൃത്ത് അദ്ദേഹത്തെ വിവാഹം ചെയ്തശേഷം, വനജയ്ക്ക് അവിടെനിന്നും സ്ഥലമാറ്റം വാങ്ങി പോകേണ്ടി വന്നു. വളരെ നാൾ സുഹൃത്തുക്കൾ തമ്മിൽ കണ്ടില്ല. കത്തുകൾ മൂലമോ, ഫോണുകൾക്കിടയിലൂടെയോ ബന്ധപ്പെട്ടതുമില്ല. അവളുടെ മകളുടെ വിവാഹത്തിനു ക്ഷണവുമുണ്ടായില്ല. ഒരു പക്ഷേ, മറ്റൊരു ജാതിയിൽ പെട്ട ഒരുവനെ മകൾ തിരഞ്ഞെടുത്തു എന്നതുകൊണ്ടാവാം. ഒരു വെറും ചടങ്ങായി മാത്രമാണത് നടത്തിയത് എന്ന് പിന്നീടറിഞ്ഞു. മകന്റെ വിവാഹം

വന്നപ്പോൾ നേരത്തെ തന്നെ വിളിച്ചിരുന്നു. പക്ഷേ തന്റെ കൂടെ വരുവാൻ ആരുമുണ്ടായിരുന്നില്ല.

മറുനാട്ടിൽ ജോലി ചെയ്തിരുന്ന സ്വന്തം മകൻ അവധിക്കു വന്നു പോയിട്ടേ ഉണ്ടായിരുന്നുള്ളൂ. അവന്റെ അച്ഛൻ എന്നന്നേയ്ക്കുമായി മറഞ്ഞു പോയിട്ടു വർഷങ്ങളായിരിക്കുന്നു. സ്വന്തം ജനയിതാവിനെ കാണാൻ സാധിക്കാത്ത അവൻ എന്നും അതോർത്ത് ദുഃഖിതനാണ്.

ഒരു വാശിയുടെ പേരിലാണ് അവൾ കൂടുതൽ ഒന്നും ആലോചിക്കാതെ ചന്ദ്രനെ വിവാഹം ചെയ്തത്. തന്റെ പ്രിയപ്പെട്ട കൂട്ടുകാരി സ്നേഹസമ്പന്നനായ ചികിത്സാ വിദഗ്ദ്ധനെ തന്നിൽ നിന്നടർത്തിയെടുത്തപ്പോൾ തോന്നിയ ഒരു നൈമിഷിക വികാരമായിരുന്നു അത്. ഗോവയിലെ ഒരു പ്രസിദ്ധ വിനോദയാത്രക്കാർക്കായുള്ള സന്ദർശന കേന്ദ്രത്തിന്റെ ചുമതലക്കാരനായിരുന്നു അയാൾ. പണ്ടൊരിക്കൽ സുഹൃത്തുക്കളുമൊത്ത് അവിടെ പോയപ്പോൾ പരിചയപ്പെട്ടതാണ്. സൗഹൃദം വളർന്ന് കുറച്ചടുപ്പത്തിലായി. പിന്നീട് അത് പ്രണയമായി എന്നു വേണമെങ്കിൽ പറയാം.

ഒരൊഴിവു ദിവസം അയാൾ വന്നു വിളിച്ചപ്പോൾ മറ്റൊന്നും ചിന്തനീയമല്ലാത്തതിനാൽ കൂടെ പോയി. ഗോവയിലെ തണുപ്പുള്ള ഒരു രാത്രിയിൽ അയാളുടെ കരവലയത്തിനുള്ളിൽ കാമാതുരയായി കിടന്നപ്പോൾ പെട്ടെന്ന് അവൾ തന്റെ സ്നേഹിതയെക്കുറിച്ചോർത്തു. വരും വരായ്കകൾ ഒന്നും ആലോചിക്കാതെ ചാടി പുറപ്പെട്ട തന്റെ മർക്കട സ്വാഭാവത്തിനുത്തരവാദി താൻ തന്നെ.

നേരം വെളുത്ത്, ഒന്നിച്ച് കടൽ തിരത്തൂടെ നടക്കുമ്പോൾ, അവൾ അയാളോട് തങ്ങളുടെ ഇപ്പോഴത്തെ ബന്ധത്തെപ്പറ്റി ചോദിച്ചു. അയാൾ അതിന് വ്യക്തമായ മറുപടി അപ്പോൾ പറഞ്ഞില്ല. ഹോട്ടലിലെത്തിയ ശേഷം ചില വ്യക്തിപരമായ തടസ്സങ്ങളുണ്ടെന്ന് വികാരവായ്പോടെ മൊഴിഞ്ഞു. പിന്നീട് അതിനെപ്പറ്റി അവളൊന്നും ചോദിച്ചില്ല.

വളരെ നാൾ കഴിഞ്ഞ് ഒരു ദിവസം മുന്നറിയിപ്പില്ലാതെ തന്റെ ജോലി സ്ഥലത്ത് അയാൾ വന്നത് അവളോർത്തു. ഗോവയിലെ ഒരു രജിസ്റ്റർ ഓഫീസിൽ അയാൾ എല്ലാം ഏർപ്പാട് ചെയ്തിരുന്നു. അവിടെ ചെന്ന് ഔദ്യോഗിക രേഖകളിൽ എല്ലാം ഒപ്പു വച്ച് വിനോദസഞ്ചാരികളുടെ അഭയസ്ഥാനത്തെത്തിചേരുമ്പോൾ വികാരസാന്ദ്രമായ ഒരന്തരീക്ഷം കൈവന്നു. അന്നാണ് ഒരു പുരുഷൻ എന്നും കൂടെയുണ്ടാകുന്നതിന്റെ സുരക്ഷിതത്വം ബോദ്ധ്യമായത്.

പിന്നീടുള്ള ദിവസങ്ങൾ ആവേശ ഭരിതമായിരുന്നു. വനജ ആഹ്ലാദത്തിന്റെ കൊടുമുടി കയറി. തിരക്കുള്ള ജോലിക്കിടയിൽ പലപ്പോഴും അവൾ അന്യസംസ്ഥാനത്തേക്ക് യാത്ര പുറപ്പെട്ടു. അതുപോലെ ചന്ദ്രനും അവധി കിട്ടുന്ന മുറയ്ക്ക് അവളുടെ അടുത്തേയ്ക്ക് വന്നിരുന്നു. താൻ ഒരു അമ്മയാകാൻ പോകുന്നു എന്ന വിവരം അറിയിക്കുമ്പോൾ അയാൾ ഒരു ചർച്ചാവേദിയിൽ പങ്കെടുക്കുകയായിരുന്നു. അത് കഴിഞ്ഞയുടൻ വികാരവായ്പോടെ ഫോണിൽ സംസാരിച്ചു. സന്തോഷപൂർവ്വം അടുത്തു തന്നെ കാണാമെന്നറിയിച്ചു. അമിതാവേശവും, അദമ്യമായ ആഗ്രഹം ആണ് ആ ദീർഘദൂര ബൈക്ക് യാത്രയ്ക്ക് അയാളെ പ്രേരിപ്പിച്ചത്. പുലർച്ചയ്ക്ക് സംസ്ഥാന തിർത്തിയിലുണ്ടായ ഒരു വാഹനാപകടത്തിൽ അയാളുടെ ജീവൻ പൊലിഞ്ഞു.

അച്ഛന്റെ മുഖം കാണാൻ ഒരിക്കലും, സാധിക്കാത്ത മകൻ മാത്രമായിരുന്ന പിന്നീട് അവളുടെ ജീവിതോദ്ദേശം. അവൻ പഠിത്തത്തിൽ കേമനായിരുന്നു ബിരുദലബ്ധിക്ക് ശേഷം വിവരസാങ്കേതിക മേഖലയിലെ നൂതനസങ്കേതങ്ങളിലേക്ക് അവൻ കടന്നു കയറി. സാമർത്ഥ്യവും തന്റേടവും ഒന്നിച്ചു വന്നപ്പോൾ ഫ്രാൻസിലേക്ക് ചേക്കാറാൻ സാദ്ധ്യമായി. ഒരവധിക്കു വന്നപ്പോൾ മെർലിൻ എന്ന സുന്ദരിയായ സുഹൃത്ത് അവനെ അനുഗമിച്ചിരുന്നു.

ഏറ്റവും പ്രസിദ്ധ കൃഷ്ണ ക്ഷേത്രത്തിൽ വച്ച് പൂർണ്ണമായും കേരളീയ തനിമയിൽ, തന്റെ പരിപൂർണ്ണ സമ്മതത്തോടെ പാശ്ചാത്യ വനിതയുടെ കഴുത്തിൽ അവൻ താലി ചാർത്തിയപ്പോൾ അവൾ കണ്ണീരണിഞ്ഞു. സന്തോഷാധിക്യത്തിനിടയിൽ ഒരു നിമിഷം ചന്ദ്രേട്ടന്റെ മുഖം അവളോർത്തു. അതിന്റെ ബഹിർസ്പുരണമായിരുന്നു ആ നയനബാഷ്പധാര. സ്വന്തം മകനെ ഒരിക്കൽ പോലും കാണാൻ സാദ്ധ്യമാകാതെ മൺമറഞ്ഞുപോയ ആ സ്നേഹധനനെ ഓർത്ത് അവളുടെ ഉള്ളൊന്നു പിടഞ്ഞു. എങ്കിലും സന്ദർഭത്തിന്റെ ഗൗരവത്തിൽ അവൾ പെട്ടെന്നു തന്നെ സമചിത്തത വീണ്ടെടുത്തു.

ഇപ്പോൾ ഈ വീട്ടിലിരുന്ന് ഇതെല്ലാം ഓർത്തെടുക്കുമ്പോൾ ഇനി തന്റെ പ്രിയസഖിയെ കൂടി സ്മരിക്കാതിരിക്കുന്ന തെങ്ങിനെയാണ് ? ബന്ധങ്ങൾ കുറച്ചൊക്കെ ശിഥിലമായിപോയെങ്കിലും വനജയ്ക്ക് എപ്പോഴും തന്റെ ഏറ്റവും അടുത്ത സുഹൃത്തിനോട് എന്നും ഒരു സ്നേഹവായ്പുണ്ടായിരുന്നു. വല്ലപ്പോഴും വനജ ഒരു ഫോൺ സംഭാഷണത്തിൽ ഏർപ്പെടുമ്പോൾ സ്വർണ്ണത്തിനു അതിൽ വലിയ താല്പര്യമുണ്ടായിരുന്നില്ല. സ്വയം തെറ്റുകാരിയെന്നു തോന്നിയതിനാലോ, അതല്ലെങ്കിൽ വാക്കു





കൾ തൊണ്ടയിൽ തന്നെ കുടുങ്ങിപോയതിനാലോ, ആയിരിക്കുമെന്ന് വനജ ഉറച്ചു വിശ്വസിച്ചു.

മകന്റെ വിവാഹാവസരത്തിൽ ക്ഷണമുണ്ടായെങ്കിലും പോകാൻ സാധിച്ചില്ല. അതിനെല്ലാം ഹേതുഭൂതൻ നൻമയുടെ പ്രതീകമായ അദ്ദേഹമായിരുന്നു. ഡോക്ടറിൽ നിന്ന് എന്നും ഒരു പാശ്ചാത്താപമുളവാക്കുന്ന പെരുമാറ്റമായിട്ടാണ് അവൾക്ക് തോന്നിയത്. അതംഗീകരിക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഹൃദയശുദ്ധിയിൽ വനജയ്ക്ക് തെല്ലും സംശയമുണ്ടായിരുന്നില്ല.

സംസ്ഥാനവകുപ്പിൽ മേധാവിയായി സ്വർണ്ണത്തിന്റെ ഭർത്താവ് നിയമിതനായ വിവരമറിഞ്ഞ ഉടൻ വനജ അദ്ദേഹത്തെ അനുമോദിച്ചുകൊണ്ട് ഒരു സന്ദേശമയച്ചു. ആ കത്ത് നന്ദിപൂർവ്വം കൈപറ്റുകയും, സമീപഭാവിയിൽ തന്നെ നേരിൽ കാണാമെന്നുള്ള പ്രതീക്ഷയുണ്ടെന്ന് സൂചിപ്പിക്കുകയും ചെയ്തിരുന്നു.

വിധിയുടെ വൈപരീത്യം എന്നു വേണമെങ്കിൽ വിശേഷിപ്പിക്കാം. അദ്ദേഹത്തെ പിന്നീടു കാണാൻ സാധിച്ചില്ല. ഇപ്പോഴിതാ, ഇവിടെ ഈ വീട്ടിൽ നിത്യനിദ്രയിലാണ്ടുപോയ ആ ഭൗതികശരീരം കാണുവാനായിരുന്നു നിയോഗം. ഇതിനിടയിൽ പ്രശസ്തമായ ഒരു മൾട്ടിനാഷണൽ കമ്പിനിയിൽ മകനു ജോലി ലഭിച്ചിരുന്നു. കേമത്വത്തിനു പുറമെ, ഗുരുത്വം കൂടിയുള്ളവനായതുകൊണ്ട് മകന്റെ ഉയർച്ചയിൽ അവൾ അങ്ങേയറ്റം സന്തോഷിച്ചു.

പെട്ടെന്ന് ഒരു ദിവസമാണവൾക്കാ ദുഃഖവാർത്ത കേൾക്കാനിടയായത്. ഗുരുതരമായ ഒരു പ്രത്യേക രോഗത്തിനടിമപ്പെട്ട് മദ്ധ്യകേരളത്തിലെ ഒരു പേരുകേട്ട ആതുരാലയത്തിൽ തന്റെ പ്രിയസഖിയെ പ്രവേശിപ്പിച്ചിരിക്കുന്നു. അദ്ദേഹം തന്നെയാണാ വിവരം ധരിപ്പിച്ചത്. നേരത്തെ എന്തോ ചില അസുഖങ്ങൾ പിടിപെട്ടതായി അറിഞ്ഞിരുന്നെങ്കിലും, അതിത്രയ്ക്ക് ഗൗരവമായി തീർന്നു എന്നുള്ള കാര്യം ഇപ്പോൾ മാത്രമേ അറിഞ്ഞുള്ളു. വനജ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ നിന്നും അവധിയെടുത്ത് തന്റെ ആത്മമിത്രത്തിനെ കാണുന്നതിലേയ്ക്ക് ഉടൻ തന്നെ പുറപ്പെട്ടു. വേദനസംഹാരികളാൽ നിയന്ത്രിക്കപ്പെട്ട ആ ശരീരം ചേതനയറ്റാണ് കിടന്നിരുന്നത്. പക്ഷേ കണ്ണുകൾ തുറന്നും, ഇമകൾ കുറെശ്ശെ ചലിച്ചുമിരുന്നു. നിറഞ്ഞൊഴുകുന്ന മിഴിനീർ പ്രവാഹം കണ്ട് വനജയുടെ സപ്തനാഡികളും തളർന്നു. വികാരവിവശയായെങ്കിലും സംയമനം പാലിച്ചു കൊണ്ടവൾ കൂട്ടുകാരിയുടെ കൈകളിൽ മുറുകി പിടിച്ചങ്ങനെ നിന്നു. അടുത്തെവിടെയെങ്കിലും അദ്ദേഹം ഉണ്ടോ എന്നവൾ ഉറ്റുനോക്കി. എന്തെങ്കിലും ആശ്വാസ വചനങ്ങൾ ചൊരിയാം എന്നുള്ള ഉദ്ദേശത്തോടെ ബന്ധുമിത്രാദികളോടു തിരക്കി. ചികിത്സ നടത്തുന്നവനോട് സംവദിക്കുവാൻ പോയിരിക്കുകയാണ്. എപ്പോൾ തിരിച്ചെത്തുമെന്ന് പറയാൻ പറ്റില്ലത്രെ.

അന്ന് നിരാശയോടെ അവൾ മടങ്ങി. എങ്ങിനെയെങ്കിലും സ്നേഹിത രക്ഷപെടുവാൻ സർവ്വദൈവങ്ങളേയും വിളിച്ച് വനജ പ്രാർത്ഥിച്ചു. പ്രിയസുഹൃത്തിന്റെ വിയോഗം പെട്ടെന്നു തന്നെ നടന്നു. അവൾക്ക് പോകുവാൻ തരമായില്ല. പനി പിടിച്ചു കിടപ്പിലായി പോയി. മകനാണെങ്കിൽ സ്ഥലത്തുമില്ല. ഫോണിൽ കൂടി ഒരു സ്വാന്തനസന്ദേശം അദ്ദേഹത്തിനയച്ചു. കുറച്ചു ദിവസങ്ങൾക്ക്ശേഷം അതിനു നന്ദി പ്രകാശിപ്പിച്ചു കൊണ്ട് ഹൃസ്വമായ ഒരു മറുപടി ലഭിച്ചു. ഇപ്പോൾ ആലോചിക്കുമ്പോൾ അതൊരു ഹംസഗാനമായിരുന്നു എന്നു വേണം കരുതാൻ!

ഐക്യരാഷ്ട്രസംഘടനയുടെ കീഴിലുള്ള ഒരു പ്രത്യേക ആരോഗ്യസംരക്ഷണ പരിപാടിയുടെ ഏഷ്യാ ഭൂഖണ്ഡത്തിലെ ചുമതലക്കാരൻ എന്ന നിലയ്ക്ക് അദ്ദേഹം പലപ്പോഴും വിദേശരാജ്യങ്ങളിൽ യാത്ര നടത്തിയിരുന്നതായി അറിഞ്ഞിരുന്നു. അന്യദേശത്ത് ജോലി ചെയ്തിരുന്ന മകന്റേയും, മകളുടേയും അടുത്ത് പോകുവാൻ ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തിയതായും സുഹൃത്തുക്കൾ മുഖേന ധരിച്ചിരുന്നു.

ഇന്നിപ്പോൾ ആ അദ്ധ്യായം മുഴുവനായി തന്നെ അടഞ്ഞിരിക്കുന്നു. പ്രിയസഖി നേരത്തെ വിട്ടു പിരിഞ്ഞു. ഈ ദിവസത്തോടെ അദ്ദേഹവും. ഇനിയും ഈ ശോകച്ഛവി കലർന്ന മന്ദിരത്തിലിരിക്കുന്നതിൽ അർത്ഥമില്ല. മെല്ലെ വിടവാങ്ങാം.

തിരക്കിൽ നിന്നിരുന്ന സ്വർണ്ണത്തിന്റെ മകളുടെ അടുത്തു ചെന്ന് ആശ്ലേഷിച്ചുകൊണ്ട് യാത്ര പറഞ്ഞു ഇപ്പോൾ തന്നെ പോകണോ, എന്നുള്ള അവളുടെ ചോദ്യത്തിനുത്തരമൊന്നും പറയാതെ തിരിഞ്ഞു നിന്ന് കണ്ണുകൾ തുടച്ച് വനജ മെല്ലെ പൂമുഖപടിയിലേക്ക് നടന്നു. അവിടെനിന്നും തിങ്ങി നില്ക്കുന്ന മരങ്ങളുടേയും, പുഷ്പലതാദികൾ കൊണ്ട് സമൃദ്ധമായ തൊടിയിലേക്കുമിറങ്ങി. വലിയ മതിലുകൾക്കിടയിലെ കൂറ്റൻ കവാടം കടന്ന് നാട്ടുവഴിയിലേക്ക് പതുക്കെ നടന്നു. കുറച്ച് നടന്നാൽ മുഖ്യപാതയിലെത്താം. അവിടെ നിന്നും വീട്ടിലേയ്ക്ക് പോകുന്നതിലേയ്ക്കുള്ള പൊതു വാഹനം കിട്ടും. നൊമ്പരം നിറഞ്ഞ മനസ്സ് സ്വസ്ഥമാക്കികൊണ്ടവൾ ബസ്സ് കാത്തു നിന്നു. ●

# ഭാവി എന്താകണം

കെ.എൻ.ദാമോദരൻ നായർ

കലിയുഗത്തിലെ ഈ നാളുകൾ മത്സരങ്ങളും കലാപങ്ങളും മനുഷ്യഹത്യയും, ആപത്തുകളും കൊണ്ട് കലുഷിതമായിരിക്കുകയാണല്ലോ? സംസ്കാരങ്ങൾക്ക് മൂല്യച്യുതി സംഭവിക്കുകയാലും, പരിഷ്കാരങ്ങളുമായി മത്സരങ്ങൾ നടക്കുന്നതിനാലും എല്ലാ മേഖലകളിലും സ്വീകാര്യവും, അസ്വീകാര്യങ്ങളുമായ നവീകരണം നടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിൽ മനുഷ്യമനസ്സുകളിൽ ധാർമ്മീകമായ വിചാരവും, ശക്തിയും ആർജ്ജിക്കേണ്ടിയിരിക്കുന്നു, അതല്ല ഉത്തേജിപ്പിക്കേണ്ടിയിരിക്കുന്നു.

പ്രലോഭനങ്ങളെ തടഞ്ഞും, വികാരങ്ങളെ നിയന്ത്രിച്ചും ആത്മാവിന്റെ പുരോഗതിയെ തടയുന്ന ശക്തികളെ ഉന്മൂലനം ചെയ്യാൻ ആദ്ധ്യാത്മീകമായ ചിന്തയിലും പ്രവർത്തനങ്ങളിലും മനസ്സിനെ വ്യാപരിപ്പിക്കുവാൻ ഈശ്വരവിചാരം മാത്രമെ പരിഹാരമായിട്ടുള്ളു. ഇതിന് ക്ഷേത്രസങ്കേതങ്ങളും സമുദായ സംഘടനകളും പ്രയോജനപ്പെടുത്തും വിധം നിസ്വാർത്ഥരായയോഗിവര്യമാരുംധർമ്മമാർഗ്ഗപ്രവർത്തകരും ഉചിതമായി അനുസ്യൂതം പല വേദികളിലൂടെ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവകൾ ഉദ്ദേശിച്ച രീതിയിൽ ഫലം ലഭിക്കാതെ പോകുന്നില്ലേ എന്നു സന്ദേഹിക്കുകയാണ്. നല്ലവരും മഹാമനസ്ക്കരുമായ ക്ഷേത്രവിശ്വാസികൾ , ഭക്തജനങ്ങൾ, സമുദായ സ്നേഹികൾ ഇതൊരു കടമയായി പരിഗണിച്ച് ദേശത്തിനും, ദേശവാസികൾക്കും ക്ഷേമവും ഐശ്വര്യവും വർദ്ധിപ്പിക്കേണ്ടിയിരിക്കുകയാൽ പൂർവ്വാധികം ശക്തിയോടെഉണർന്നുപ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രേരണയും അനുഗ്രഹവും ചൊരിഞ്ഞുകൊണ്ട് ചൈതന്യമൂർത്തികൾ ആരാധനാലയങ്ങളിൽ വസിക്കുന്നതിനാൽ കൊടിയ ആപത്തുകൾ, അശുഭവാർത്തകൾ എന്നിവ തത്ക്കാലം വഴിമാറി പോകുന്നുണ്ട് എന്ന സത്യം വിസ്മരിക്കുന്നില്ല. ഇത്തരം സങ്കേതങ്ങളിൽ നിന്നും പ്രസരിക്കുന്ന ശക്തി ശരണാഗതരായ ഭക്തമനസ്സുകളിൽ നവചൈതന്യവും, സങ്കട നിവാരണവും നടത്തുന്നുമുണ്ട്.

എന്നാൽ എന്നും ഈയൊരവസ്ഥ തുടരുമോ എന്ന് ശങ്കിക്കേണ്ടിയിരിക്കുന്നു. കാരണം ആരാധനാലയങ്ങളിലും, പ്രസ്ഥാനങ്ങളിലും വിശ്വാസികൾക്ക് എതിരായി പ്രവർത്തിക്കുന്നവർ കൂടി വരികയാണ്. ഭരണം നിർവഹിക്കുന്നവർ ഉദാസീനരും ക്ഷേത്രവരുമാനം കൊള്ളയടിക്കാൻ അവസരം സൃഷ്ടിച്ചും പ്രലോഭനങ്ങൾക്കു വഴങ്ങിയും ആചാരങ്ങളിൽ ഭംഗം വരുത്തിയും ഭക്തജനങ്ങളെ ഇത്തരം സങ്കേതങ്ങളിൽ നിന്നും അകറ്റി നിർത്തുകയാണ്. ഇത്തരക്കാരുടെ പ്രവർത്തനം വിശ്വാസികളായ സാധാരണക്കാരായ ജനഹൃദയങ്ങളിൽ ഭയവും ആശങ്കയും വർദ്ധിപ്പിക്കുകയാണ്. അധികാരം നിലനിർത്താനായി, സ്ഥാനം സംരക്ഷിക്കാനായി അനർഹമായ സഹായം ഏതാനും വിഭാഗങ്ങൾക്കു മാത്രമായി കൊടുക്കുകമൂലം ഭൂരിഭാഗം ജനങ്ങളും ആശ്രയരഹിതരും, തൊഴിൽ രഹിതരുമായി സമൂഹത്തിൽ പിന്തള്ളപ്പെടുകയാണ്. എത്ര സംയമനം പാലിച്ചാലും വരും കാലങ്ങളിൽ ചില ക്ഷുദ്രശക്തികളുടെ അപകടകരമായ പ്രവർത്തികളെ തടയാൻ സാധിക്കുന്ന സാഹചര്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. വിധ്വംസനം നടത്തുന്ന ശത്രുക്കൾ അനുദിനം വർദ്ധിച്ചു വരികയാണ്.


വർത്തമാന പത്രങ്ങളിലും ദൃശ്യമാദ്ധ്യമങ്ങളിലും ദിനംപ്രതി വായിക്കുന്നതും കണ്ടറിയുന്നതും ഭീകരസംഭവങ്ങളല്ലെ? ചില ആഫ്രിക്കൻ രാഷ്ട്രങ്ങളിലും ഏതാനും മദ്ധ്യഏഷ്യൻ രാജ്യങ്ങളിലും തീവ്രവാദികൾ തങ്ങളുടെ തന്നെ മതപണ്ഡിതരേയും ജനങ്ങളെയും വധിച്ചു കൊണ്ടിരിക്കുന്നു. ഈവിധ കർമ്മങ്ങളിൽ ആകൃഷ്ടരായി നമ്മുടെ ജനങ്ങളിൽ ചിലർ വിധ്വംസന പ്രവർത്തികളിൽ വ്യാപൃതരായ വാർത്തകളും നാം കേൾക്കുന്നു. പുണ്യഭൂമിയായ ഭാരതത്തിലും ഇതാവർത്തിക്കുകയില്ലേയെന്ന് ഭയത്തോടെ, ആശങ്കയോടെ കരുതിയിരിക്കേണ്ടിയിരിക്കുന്നു. കരുതലോടെ പ്രവർത്തിക്കേണ്ട ചില ഭരണകേന്ദ്രങ്ങൾ ഇത്തരം പ്രവർത്തികൾക്ക് പ്രചോദനംനൽകുംവിധംപ്രസംഗിക്കുകയുംഅത്തരക്കാർക്ക് അനുകൂലമാകുംവിധം പ്രവർത്തിക്കുന്നതും കാണുമ്പോൾ രോഷംകൊള്ളുകയാണ്. സമാധാനകാംക്ഷികളായ ജനങ്ങൾക്ക് ഭയരഹിതമായി ജീവിക്കേണ്ടതാണ് ഈ പുണ്യഭൂമി. ഭാരതം ആരെയും ആക്രമിച്ച ചരിത്രമില്ല. ദേശസ്നേഹവും, സാഹോദര്യവും പ്രകടിപ്പിച്ച് തങ്ങളുടെ പൈതൃകം കാത്തു സൂക്ഷിച്ചുകൊണ്ട് ഈ മണ്ണിൽ ജീവിക്കാൻ ആഗ്രഹിക്കുന്നത് അവന്റെ ജീവിതധർമ്മമല്ലെ? ജനഹൃദയങ്ങളിൽ വിശ്വാസവും ആത്മധൈര്യവും കൊടുക്കുന്നതിനു പകരം വിധ്വംസന പ്രസ്ഥാനങ്ങളെ അനുകൂലിച്ച് പ്രസംഗങ്ങൾ സംഘടിപ്പിക്കുന്ന, പ്രമേയങ്ങൾ പാസ്സാക്കുന്ന ഭരണവർഗ്ഗവും തീവ്രവാദികളാൽ കൊല്ലപ്പെടുമെന്ന സത്യം ഇത്തരക്കാർ മറക്കുകയാണ്. ഇവരുടെ പ്രവർത്തികൾ തങ്ങളുടെ ജീവൻ രക്ഷിക്കുക, കുടുംബം സംരക്ഷിക്കുക എന്ന സ്വാർത്ഥ താല്പര്യത്തിൽ കുടുങ്ങി കിടക്കുകയാണ്.

ഒരു യൂറോപ്യൻ രാജ്യം നടത്തിയ നിരീക്ഷണത്തിൽ എ.ഡി. 2022-ാം ആണ്ടോടെ ഭാരതത്തിൽ അക്രമികൾ ഭൂരിപക്ഷക്കാരായി തീരുമെന്നും സഹജീവികളെ നിഷ്ഠൂരമായി കൊലചെയ്യുമെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്.

ആർക്കും ദ്രോഹം ചെയ്യാത്ത സമാധാന ചിന്തമാത്രം കൈമുതലായുള്ള സാമാന്യജനതയെ നിർഭയരായി ജീവിക്കാൻ, അവരുടെ ജന്മഭൂമിയും സംസ്കാരവും സംരക്ഷിക്കുവാൻ പ്രാപ്തരാക്കാൻ, വിധ്വംസനപ്രവർത്തികളെയും ആക്രമങ്ങളെയും പ്രതിരോധിക്കാൻ, ധൈര്യവും ശക്തിയും ഉത്തേജിപ്പിക്കുവാൻ നമ്മുടെ സംഘടനാപ്രസ്ഥാനങ്ങൾ മുന്നിട്ടിറങ്ങണം. സമുദായ സംഘടനകൾ പുരോഗമനപരമായ കർമ്മങ്ങളിൽ ശ്രദ്ധ പതിപ്പിക്കുന്നതോടൊപ്പം ഏത് സങ്കടസ്ഥിതിയേയും അതിജീവിക്കാനും ധർമ്മമാർഗ്ഗത്തിലൂടെ വിജയം നേടാൻ സഹായകമാകട്ടെ എന്ന പ്രത്യാശയോടെ പ്രാർത്ഥനാപൂർവ്വം ഉപസംഹരിപ്പിക്കുമ്പോൾ നമുക്ക് അഭയാർത്ഥികളായി പോകാൻ ഈ ലോകത്ത് മറ്റൊരിടം ഇല്ല എന്ന സത്യം കൂടി തിരിച്ചറിയുക.●

കവിത

# സന്തർപണം



എ.ബി.സി. കൈമൾ

മതിമണ്ഡലമതിൽ വർദ്ധിത
ദൃഢനിഷ്ഠയിൽ പണിതെ
ന്നധിദേവതയരുളാനൊരു
പരിമാർജ്ജിത നിലയം
അതിൽ മേചകദ്യുതി തിങ്ങിയ
മുരളീധരവദനം
തെളിയുന്നൊളി ചൊരിയുന്നക
മലരിൽ ശിവമരുളി.
കളഭാഞ്ചിത കുസുമാർച്ചിത
ഘനശ്യാമളവപുഷം
ശമദായക കരുണാമൃത
ഭരിതാർജ്ജവനയനം

തുളസീമൃദുദലചുംബിത
ചരണദ്വയവിമലം
മമജീവിതസുകൃതപ്രദ
ഭവമോചനകിരണം.
ദുരിതാത്മക നരജീവിത
പരിദേവനസമയം
അവശർക്കൊരു തുണയാവതു
തവഗീതസുപഠനം.
ഗുരുമാരുതപുരനാമക
ദിവസന്നിഭപുരിയി
ലരുളും തവചരണം മമ
പരമോന്നത ശരണം.



# GLANDS

ഡോ. സരിത രമേഷ്

## തൈറോയ്ഡ് ഗ്രന്ഥി (Thyroid Glands)

കഴുത്തിന്റെ മുൻവശത്തായി രണ്ടു പാളികളും അതിനെ കൂട്ടിച്ചേർക്കുന്ന ഇസ്ത്മസും ആയി തൈറോയ്ഡ് ഗ്രന്ഥി കാണപ്പെടുന്നു. തൂക്കം ഏകദേശം 25 ഗ്രാം. ഉപാപചയ പ്രക്രിയയിൽ ഈ ഗ്രന്ഥിക്ക് സുപ്രധാനമായ സ്ഥാനമാണുള്ളത്.

തൈറോയ്ഡ് ഗ്രന്ഥി ഉല്പാദിപ്പിക്കുന്ന മുഖ്യ ഹോർമോൺ തൈറോക്സിൻ ആണ്. ഈ ഹോർമോണിന്റെ നിർമ്മാണത്തിന് അയോഡിൻ ആവശ്യമാണ്. കടൽ മൽസ്യം മുതലായ ആഹാരസാധനങ്ങളിൽ നിന്നു ലഭിക്കുന്ന അയഡൈഡ് (iodide) ആണ് അയോഡിന്റെ പ്രധാന ഉറവിടം. ബേഡൽ മെറ്റബോളിക് റേറ്റ് (BMR) തൈറോക്സിൻ വർദ്ധിപ്പിക്കുന്നു. താപനില, ഹൃദയമിടിപ്പ് , ഭക്ഷണത്തിന്റെ ദഹനം എന്നിവയെല്ലാം ഇതിൽ പെടുന്നു.

തൈറോക്സിൻ അധികമാകുമ്പോഴാണ് ഹൈപ്പർ തൈറോയിഡിസം ഉണ്ടാകുന്നത്. ഈ രോഗത്തിൽ ഹൃദയമിടിപ്പ് കൂടുകയും, താപനില വർദ്ധിക്കുകയും ചെയ്യുന്നു. തൈറോയ്ഡ് ഗ്രന്ഥിയുടെ വലിപ്പം വർദ്ധിക്കുന്നതിനെ ഗോയിറ്റർ എന്നു വിളിക്കുന്നു. തൈറോയ്ഡ് ഗ്രന്ഥിയുടെ പ്രവർത്തന വൈകല്യം ശിശുക്കളിൽ വളർച്ച മുരടിപ്പും ബുദ്ധിമാന്ദ്യവും ഉണ്ടാക്കുന്നു. ഈ അവസ്ഥയെ (Cretenism) ക്രിറ്റിനിസം എന്നറിയപ്പെടുന്നു. വളർച്ചയെത്തിയതിനു ശേഷമാണ് തൈറോക്സിന്റെ കുറവ് ഉണ്ടാകുന്നതെങ്കിൽ ശരീരം മുഴുവൻ വീർത്ത അവസ്ഥ ഉണ്ടാകുന്നു. ഇതിനെ മിക്സിഡിമ (Myxoedema) എന്നു വിളിക്കുന്നു.

## പാരാതൈറോയ്ഡ് ഗ്രന്ഥികൾ (Parathyroid Gland)

അണ്ഡാകൃതിയിൽ മഞ്ഞ നിറത്തിലുള്ള നാല് ചെറിയ ഗ്രന്ഥികളാണ് പാരാതൈറോയ്ഡുകൾ. പയറിന്റെ വലിപ്പത്തിലുള്ള ഈ ഗ്രന്ഥികൾ തൈറോയിഡിന്റെ പിൻഭാഗത്ത് സ്ഥിതി ചെയ്യുന്നു. പാരാതൈറോയ്ഡ് ഗ്രന്ഥികൾ ഉത്പാദിപ്പിക്കുന്ന ഹോർമോൺ രക്തത്തിലെ കാത്സ്യത്തിന്റെ അളവിനെ നിയന്ത്രിക്കാൻ സഹായകമാണ്. പാരാതൈറോയ്ഡ് ഗ്രന്ഥിയുടെ അമിതപ്രവർത്തനം ഹൈപ്പർപാരാതൈറോയ്ഡിസം എന്ന രോഗത്തിനു കാരണമാകുന്നു. ഇതു മൂലം അസ്ഥികളിൽ നിന്നും കാൽസ്യം അയോണുകൾ ക്രമാധികം രക്തത്തിലേക്കു മാറ്റപ്പെട്ട് രക്തത്തിൽ കാൽസ്യം അയോണുകളുടെ തോത് വർദ്ധിപ്പിക്കുന്നു. ഈ കാൽസ്യം അയോണുകൾക്രമേണവൃക്കകളിൽഅടിഞ്ഞ്ചേർന്ന് കാൽസ്യം കല്ലുകൾ ഉണ്ടാകുവാൻ കാരണമാകും. പാരാതൈറോയ്ഡ് പ്രവർത്തനം കുറയുന്ന അവസ്ഥയാണ് ഹൈപ്പോപാരതൈറോയ്ഡിസം. പാരാതോർമോണിന്റെ അപര്യാപ്തതമൂലം പേശീപ്രവർത്തനങ്ങളെ ബാധിക്കുന്ന ടെറ്റനി എന്ന അസുഖം ഉണ്ടാകുന്നു. ഞരമ്പുകളും മാംസപേശികളും ചുരുങ്ങി കൈകാൽ വിരലുകളിലെയും, കഴുത്തിലേയും പേശികളും മറ്റും വികൃതമാകുന്നു.●


**EKNM POLY CLINIC**

**Ernakulam Karayogam Navathi Memorial Poly Clinic**

പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് : എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ ദിവാൻസ് റോഡിലുള്ള പോളി ക്ലിനിക്കിൽ രോഗികൾക്ക് സൗജന്യ ചികിത്സയും മരുന്നു വിതരണവും ഉണ്ടായിരിക്കുന്നതാണ്. ന്യൂറോളജിസ്റ്റുമാരുടെയും, ന്യൂറോസർജൻമാരുടെയും സൗജന്യ സേവനം ലഭ്യമാണ്.

മെഡിക്കൽ ക്യാമ്പ് : ഒക്ടോബർ 17-ാം തീയതി കേരള സാമൂഹ്യസുരക്ഷ മിഷൻ 'വയോമിത്രം' ലോകവയോജന ദിനത്തോടനുബന്ധിച്ച് പോളി ക്ലിനിക്കിൽ വയോജനങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് ആരംഭിക്കുന്നു.എല്ലാ മാസവും ഈ ക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്.






# ഒരു അപൂർവ്വ ഹസ്തദാനത്തിന്റെ കഥ



സരോജിനി ഗോപിനാഥ്

റെയിൽ പാത വിരിക്കാനും റോഡ് ഉണ്ടാക്കാനുമായി പർവ്വതങ്ങൾക്ക് ഉള്ളിൽ തുരങ്കങ്ങൾ നിർമ്മിക്കുന്ന സാങ്കേതിക വിദഗ്ധർക്കിടയിൽ വളരെ പ്രചാരമുള്ള ഫലിതം ഇപ്രകാരമാണ്. തുരങ്കം കുഴിക്കുന്നതിനു മുമ്പുള്ള കണക്കുകൂട്ടലുകളും അളവെടുക്കലുകളുടെ പ്ലാൻ തയ്യാറാക്കലുമൊക്കെ വളരെ കണിശവും കൃത്യവുമായി ചെയ്തില്ലെങ്കിൽ തുരങ്കം കുഴിക്കൽ പൂർത്തിയാകുമ്പോൾ ഒന്നിന് പകരം രണ്ടു തുരങ്കങ്ങൾ ആയിരിക്കും ഫലം. ഈ ഫലിതത്തിനു പിന്നിലുള്ള യാഥാർത്ഥ്യം തുരങ്ക നിർമ്മാണത്തിന്റെ ദശാബ്ദങ്ങളായിട്ടുള്ള ഒരു കീഴ്വഴക്കമാണ്. അതായത് തുരങ്കങ്ങൾ കുഴിക്കുമ്പോൾ എല്ലായ്പ്പോഴും പർവ്വതത്തിന്റെ ഇരുവശത്ത് നിന്നും ഒരേ സമയത്ത് ആണ് നിർമ്മാണം നടത്താറ്. രണ്ടു ഭാഗത്തു നിന്നും കുഴിച്ച് പർവ്വതത്തിന്റെ ഗർഭപ്രദേശത്ത് എത്തി കൂട്ടിമുട്ടുമ്പോൾ, ആദ്യമായി രണ്ടു സംഘങ്ങളും ഒരു ചെറിയ സുഷിരത്തിൽ കൂടി പരസ്പരം കാണുന്നു. പരമ്പരാഗതമായി രണ്ടു വശത്തും മുമ്പിലുള്ള രണ്ടു വ്യക്തികൾ പരസ്പരം ഹസ്തദാനം ചെയ്യുന്നു. ഈ ഹസ്തദാനം ആണ് തുരങ്കനിർമ്മാണത്തിന്റെ വിജയത്തിന്റെ നാന്ദി ആയി ലോകമെമ്പാടും കരുതിപ്പോരുന്നത്. അത്യന്തം ആപൽക്കരവും ദുർഘടപൂർണ്ണവുമായ തുരങ്കനിർമ്മാണത്തിൽ ലോകത്തെങ്ങും പ്രസിദ്ധമാണ് ഈ ഹസ്തദാനം. ഇങ്ങനെയുള്ള ഒരു ഹസ്തദാനത്തിനെ വളരെ അടുത്ത് നിന്നും സാക്ഷ്യം വഹിക്കാൻ എനിക്ക് വർഷങ്ങൾക്കു മുമ്പ് ഒരവസരം ലഭിച്ചു.

ഭാരതത്തിന്റെ അങ്ങേയറ്റത്ത് വടക്ക് കിഴക്കൻ അതിർത്തിയിൽ ബർമ്മയുമായി തൊട്ടു കിടക്കുന്ന മണിപ്പൂർ താഴ്വരയാണ്ഈഅവസരത്തിന്റെ സംഭവസ്ഥലം. താഴ്വരക്കു ചുറ്റുമുള്ള പർവ്വത നിരകൾക്കിടയിൽ ഏറെ വിശാലവും സാമാന്യം ഉയരത്തിലും ഉള്ള ഒരു ജലാശയം സ്ഥിതിചെയ്യുന്നുണ്ട്. 'ലോക്താക്' എന്നുപേരുള്ള ഈ തടാകം പല കാരണങ്ങളാലും ശ്രദ്ധേയമാണ്.. ഒന്നാമതായി ഈ കായലിലെ സസ്യ ജൈവ സമ്പത്തിന്റെ വൈവിദ്ധ്യവും സുലഭ്യതയും രണ്ടാമതായി ഈ ജലപരപ്പിൽ വെള്ളത്തിൽ പൊങ്ങി കിടക്കുന്ന ചെറു ചെറു 'ദ്വീപുകൾ' എന്നുവച്ചാൽ മണ്ണും സസ്യവേരുകളും കൂടി കെട്ടിപിണഞ്ഞ സ്ഥിരമായി ചങ്ങാടങ്ങൾ പോലെ നീങ്ങുന്ന പ്രകൃതിയുടെ സൃഷ്ടികൾ, ഈ ദ്വീപുകളിൽ കുടിൽ കെട്ടി താമസിക്കുന്ന മെയ്തെ വംശജരായ തദ്ദേശനിവാസികൾ മത്സ്യസമ്പത്തു ധാരാളമുള്ള 'ലോക്താക്' കായലിൽ നിന്നും ഉപജീവന മാർഗ്ഗം കണ്ടെത്തി പോന്നിരുന്നു. ഇതിനും പുറമെ പ്രശസ്തമായ കൈബൂൾ ലാംഗ്ജാ എന്നു പേരുള്ള വന്യജീവി സങ്കേതം 'ലോക്താക്' തടാകത്തിന്റെ കരയിൽ തന്നെയാണ്. ഈ സങ്കേതത്തിൽ വംശ നാശത്തിന്റെ നിഴലിൽ കഴിയുന്ന മണിപ്പൂരിൽ മാത്രമുള്ള പുള്ളി കസ്തൂരിമാനെ കണ്ടെത്താവുന്നതാണ്. ലോക്താക് കായലിലേക്ക് ചുറ്റുമുള്ള കുന്നുകളിൽ നിന്നും വേനലിൽ പോലും വറ്റാത്ത ഒട്ടേറെ അരുവികൾ നിരന്തരമായി ഒഴുകി എത്തിയിരുന്നു. ഇക്കാരണത്താൽ തന്നെ ഒരു വമ്പൻ ജലവൈദ്യുത പദ്ധതിക്ക് ഈ സ്ഥലം വളരെ ഒത്തുചേർന്നത് ആയിരുന്നു. ആസാം ഒഴികെയുള്ള വടക്ക് കിഴക്കൻ മേഖലയിലെ ആറ് സഹോദരിമാർ എന്നു സ്വയം വിശേഷിപ്പിക്കുന്ന നാഗാലാന്റ് , മിസോറാം, അരുണാചൽ, ത്രിപുര, മണിപ്പൂർ, മേഘാലയ, എന്നീ ചെറു സംസ്ഥാനങ്ങൾ കടുത്ത വൈദ്യുതി ക്ഷാമത്തിന്റെ പിടിയിലായിരുന്നു. അതിനാൽ ഈ ലോക്താക് ജലവൈദ്യുത പദ്ധതിക്ക് ഇപ്പറഞ്ഞ ക്ഷാമം ഒട്ടുമുക്കാലും പരിഹരിക്കാനുള്ള സാദ്ധ്യത ഉണ്ടായിരുന്നു. ഈ പദ്ധതിയിൽ കൂടി താഴ്വരയിലേക്ക് ലോകതാക് തടാകത്തിലെ വെള്ളം പ്രവഹിപ്പിച്ച ആ വെള്ളച്ചാട്ടത്തിൽ കൂടി ഭീമാകരമായ ടർബൈനുകൾ പ്രവർത്തിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുവാനായിരുന്നു തന്ത്രം. ഞങ്ങൾ മണിപ്പൂർ താഴ്വരയിൽ എൺപതുകളുടെ അവസാനത്തിൽ എത്തിയപ്പോൾ ഈ പദ്ധതി NHPCയുടെ വിദഗ്ധഹസ്തങ്ങളിലൂടെ സാക്ഷാത്കാരത്തിലേക്ക് നീങ്ങുകയായിരുന്നു. ഈ വൈദ്യുതപദ്ധതി പൂർത്തിയായാൽ മണിപ്പൂർ താഴ്വരയിൽ നിരന്തരം പ്രവർത്തിച്ചിരുന്ന എല്ലാ ജന

റേറ്ററുകളും നിശബ്ദമായി, ചെവികൾക്കൊരു ആശ്വാസം ലഭിക്കുമെന്നും ഞങ്ങൾ ആശ്വസിച്ചു. NHPC യുടെ ലോക്താക് പദ്ധതിയുടെ നടത്തിപ്പിന് അവിടെ ഒരു ചെറിയ ടൗൺഷിപ്പ് തന്നെ കുന്നുകളുടെ മുകളിൽ രൂപം കൊണ്ടിരുന്നു. മണിപ്പൂർ താഴ്വരയിൽ തലസ്ഥാനമായ ഇംഫാലിൽ നിന്ന് ഏകദേശം നാല്പത് കിലോമീറ്റർ ദൂരെയായിരുന്നു ഈ ടൗൺഷിപ്പിന്റെ ആസ്ഥാനം.

ഒരു ഞായറാഴ്ച NHPCയിലെ മൂന്ന് എഞ്ചിനിയർമാരും കുടുംബാംഗങ്ങളും മുന്ന റിയിപ്പില്ലാതെ ഞങ്ങളുടെ ഇംഫാലിലെ വീട്ടിലെത്തി. അവരെല്ലാം മലയാളി കുടുംബ ങ്ങൾ ആയിരുന്നു. ഇംഫാൽ സൈനിക സ്കൂളിൽ പ്രിൻസിപ്പാളായി ഒരു മലയാളി ആർമി ഓഫീസർ എത്തിയിട്ടുണ്ടെന്ന് അറിഞ്ഞിട്ടാണ് ഈ അവിചാരിത സന്ദർശകർ വന്നത്. ഏതൊരു ഓണം കേറാമൂലയായാലും വേറൊരു മലയാളി അടുത്തെങ്ങാനും ഉണ്ടെങ്കിൽ അവനെ തപ്പിപ്പിടിച്ച് പരിചയപ്പെട്ട് നാല് നാട്ടു വർത്തമാനങ്ങൾ പറയാൻ എല്ലാ മലയാളികൾക്കും ഇഷ്ടമാണല്ലോ. അങ്ങിനെയാണ് ഈ NHPC എഞ്ചിനിയർമാരും കുടുംബങ്ങളും ഞങ്ങളെ തേടി സൈനിക് സ്കൂൾ ക്യാമ്പസിൽ എത്തിപ്പെട്ടത്. അവിടെ നിന്നും തുടങ്ങിയതാണ് ഞങ്ങളുടെ ലോക്താക് ബന്ധം.

ആദ്യപരിചയം സൗഹൃദത്തിലേക്ക് മാറിയത് ഞങ്ങളും ലോക്താക് മലയാളികളും അന്യോന്യം സന്ദർശിച്ചിരുന്നതുകൊണ്ടാണ്. ഒരു ചെറിയ കാലയളവിനുള്ളിൽ അവിടത്തെ എല്ലാ മലയാളികളും ഞങ്ങളുടെ ഉറ്റ മിത്രങ്ങളായിത്തീർന്നു. ഒരു ഞായറാഴ്ച ഞങ്ങൾ ലോക്താക്കിൽ എത്തിയപ്പോൾ, അവർ ഞങ്ങളെ അവരുടെ പുതിയ ചീഫ് എഞ്ചിനീയറെ പരിചയപ്പെടുത്താൻ കൊണ്ടുപോയി. അദ്ദേഹം ആർമിയിൽ നിന്നു വിരമിച്ച ഒരു കേണൽ നമ്പ്യാർ ആയിരുന്നു. അത്ഭുതമെന്നു പറയട്ടെ, അദ്ദേഹത്തിന്റെ ഭാര്യ കോഴിക്കോട്ടുകാരിയും എന്റെ ഭർത്താവിന്റെ കൂടെ സാമൂതിരി കോളേജിൽ ഇന്റർമീഡിയറ്റിനു സഹപാഠിയുമായിരുന്ന പത്മിനി ആയിരുന്നു. അവിടത്തെ ബാക്കിയുള്ള മലയാളികളിൽ പാറശ്ശാല നാടാർ മുതൽ തൊടുപുഴ തോമസും പാലക്കാട്ട് നാരായണ അയ്യരും ആലപ്പുഴക്കാരൻ കൈമളും കാസർകോട്ടെ രമേശ്ഭട്ട് വരെയും ഉണ്ടായിരുന്നു. അവർക്കിടയിൽ ഒരാളെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ഉസ്മാൻകോയ, എന്റെ പഴയ തറവാടിന്റെ ആസ്ഥാനമായിരുന്ന ചേറൂർ ഗ്രാമത്തിന്റെ തൊട്ടടുത്ത വേങ്ങര സ്വദേശിയായിരുന്നു. വേറൊരു കാരണം ലോക്താക്കിലെ മലയാളി കൂട്ടായ്മയുടെ അവധി ദിവസങ്ങളിലെ ഉച്ചയൂണിന് ഉസ്മാൻകോയയുടെ മലബാർ പൊറോട്ട എല്ലാവർക്കും പ്രിയങ്കരമായിരുന്നു. കൂടാതെ ഉസ്മാൻ കോയയുടെ പിതാവ് ബ്രിട്ടീഷുകാരുടെ കാലത്തെ കുപ്രസിദ്ധിയാർജ്ജിച്ച തിരൂർ വാഗൺ ദുരന്തത്തിൽ മരിച്ചവരിൽ ഒരാളായിരുന്നു. തുരങ്കം പണികഴിയുന്നതിനുമുമ്പ് ഒരിക്കൽ ആ തുരങ്കത്തിനുള്ളിൽ കൂടി രണ്ടു മൂന്നു കിലോമീറ്റർ ഉള്ളിലേയ്ക്ക് മെക്കാനിക്കൽ ട്രോളിയിൽകൂടി ഞങ്ങളെ ഓടിച്ച് കൊണ്ടു പോയത് വേങ്ങരക്കാരൻ ട്രോളി ഡ്രൈവർ ഉസ്മാൻകോയ തന്നെയായിരുന്നു. ലോക്താക് മലയാളികൾ എല്ലാ ഞായറാഴ്ചയും ഒരു എഞ്ചിനീയറുടെ വീട്ടിൽ ഒത്തു കൂടി വർത്തമാനം പറഞ്ഞും പാട്ടു പാടിയും 56 കളിച്ചും ഒന്നിച്ച് പാകം ചെയ്ത ഉച്ചഭക്ഷണം കഴിച്ചും അങ്ങനെ 'ലോക്താകി'ൽ ഒരു കാല്പനിക കൊച്ചുകേരളം പടുത്തുയർത്താറുണ്ടായിരുന്നു. എഞ്ചിനീയർമാരും സാങ്കേതിക വിദഗ്ദ്ധരും സൂപ്പർ വൈസർമാരും ക്ലാർക്കുമാരും ഓഡിറ്റർമാരും എല്ലാം അവർക്കിടയിൽ ഉണ്ടായിരുന്നു. ഔദ്യോഗിക പദവികൾക്ക് വളരെ കൂടുതൽ ഊന്നൽ കൊടുക്കുന്ന പട്ടാള ജീവിതത്തിൽ നിന്നും എത്രയോ വിഭിന്നമായിരുന്ന ഈ 'ലോക്താക്' മലയാളികളുടെ ജീവിതശൈലി, അത് എനിക്കൊരു വിസ്മയമായിരുന്നു.

ഇനി ആ അപൂർവ്വ ഹസ്തദാനത്തിലേക്ക് തിരിച്ചു വരട്ടെ. ഒരു ദീപാവലി ദിവസം ചില വഴിക്കാൻ ഞങ്ങൾ ലോക്താകിലേക്ക് പോയി. സാധാരണയായി സൂര്യാസ്തമയത്തിന് മുൻപെ ഞങ്ങൾ ഇംഫാലിലേക്ക് തിരിച്ചു വരാറുണ്ടായിരുന്നു. ദീപാവലി ആഘോഷങ്ങൾ രാത്രിയിലായിരുന്നതിനാൽ ഞങ്ങൾ അന്ന് രാത്രി അവിടെ താമസിക്കാൻ നിശ്ചയിച്ചു. ഏകദേശം വൈകുന്നേരം ആറു മണിയോടെ പെട്ടെന്ന് ലോക്താക് പദ്ധതി ടൗൺഷിപ്പിലാകെ ഒരു വൻ ബഹളം. ആളുകൾ ടൗൺഷിപ്പിന്റെ എല്ലാ റോഡുകളിലും കൂടി അങ്ങോട്ടും ഇങ്ങോട്ടും പല തരം വാഹനങ്ങളിൽ വേഗത്തിൽ ഓടിച്ചു പോകുകയും ഹോണുകൾ മുഴക്കുകയും ഉച്ചത്തിൽ 'ഹാത്ത് മിലായാ' (ഹസ്തദാനം ചെയ്തു) എന്നു വിളിച്ചു പറഞ്ഞുകൊണ്ട് ഒരു ഉല്ലാസഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചു കൊണ്ടേയിരുന്നു. രണ്ടു വശത്തുനിന്നും കുഴിച്ചു വന്ന തുരങ്കങ്ങൾ കൂട്ടിമുട്ടി ഒന്നിച്ചിരിക്കുന്നു എന്ന ശുഭവാർത്ത. പദ്ധതിയുടെ ഏറ്റവും വിഷമം ഉള്ള ഭാഗം വിജയപൂർണ്ണമായിരി ക്കുന്നു.പദ്ധതി ടൗൺഷിപ്പിലെ ഓരോ വ്യക്തിക്കും അഭിമാനത്തിന്റെ നിമിഷങ്ങൾ.

ഈ ആവേശത്തിമർപ്പിൽ പങ്കുചേരാനായി ഞങ്ങളും പുറപ്പെട്ടു. നാലഞ്ചു കിലോമീറ്റർ ഉസ്മാൻ കോയയുടെ ട്രോളിയിൽ ഹെൽമെറ്റും ധരിച്ച് ഞങ്ങളും തുരങ്കത്തിനുള്ളിലേക്കു പോയി തുരങ്കങ്ങൾ കൂട്ടിമുട്ടുന്ന സ്ഥലത്തെത്തി. കല്ലും, മണ്ണും, ചരലും,ചെളിയും ചവിട്ടിക്കേറി ആ ചെറിയ സുഷിരത്തിൽ കൂടി അപ്പുറത്തു നിൽക്കുന്നവരുമായി ഞങ്ങളെല്ലാം ഹസ്തദാനങ്ങളും ദീവാളി ആശംസകളും അന്യോന്യം കൈമാറി. ആ ദീപാവലി ലോക്താക് പദ്ധതിയിൽ ജോലി ചെയ്ത ആരും തന്നെ മറന്നിരിക്കാൻ ഇടയില്ല. അന്നത്തെ ദീപാവലി വരാനിരിക്കുന്ന വൈദ്യുതി പ്രവാഹത്തിന്റെ മുന്നോടിയായിരുന്നു. ആ വൈദ്യുതി പ്രവാഹം വടക്ക് കിഴക്കൻ മേഖലയിലെ ആറു സഹോദരികൾക്ക് 'ലോക്താക്' പദ്ധതിക്കാരുടെ വക ഒരു ദീപാവലി സമ്മാനം ആയിരുന്നു. എങ്ങിനെ മറക്കാൻ കഴിയും ആ അപൂർവ്വമായ ഹസ്തദാനം. ●

## വേദാന്ത പഠനക്ലാസ്സ്

എറണാകുളം ടി.ഡി.എം. ഹാളിൽ ആചാര്യൻ. ശ്രീ കെ.ആർ. നമ്പ്യാരുടെ കീഴിലുള്ള വേദാന്ത പഠനക്ലാസ്സ് എല്ലാ ശനിയാഴ്ചയും രാവിലെ 10.00 മണിക്ക് നടന്നു വരുന്നു. കൂടുതൽ വിവരങ്ങൾക്ക്.

ഫോൺ : 0484 2361160

## ഭാഷാനാരായണീയം

നമിക്കുന്നോർക്കൻപോടരികിലനിശം
വാണിടുന്നത്രയല്ലാ
തെരിക്കെന്നർത്ഥിക്കാതഭിമതവുമാ-
നന്ദവും നല്കിടുന്നു
നിനയ്ക്കുമ്പോൾ നീ താൻ നിരവധിഫലം
സർവ്വഗം കല്പവൃക്ഷം
ജനക്കൂട്ടം വ്യർത്ഥം സുരവനഗതം
വൃക്ഷമിച്ചിടുന്നു.

കവിത

# നവരാത്രി

**നന്ദിനി മനോഹരൻ**

നവരത്നഹാരം ചാർത്തി ശ്രീഭഗവതി
നവരാത്രി പൂജയ്ക്കായ് എഴുന്നെള്ളുന്നു
നവവിധ രൂപത്തിൽ നവവിധ ഭാവത്തിൽ
നവരാഗ രൂപിണി എത്തിടുന്നു !
ദുർഗ്ഗതി നീക്കുന്ന ദുർഗ്ഗയായി
സൗഭാഗ്യമേകുന്ന കാളികയായ്
അക്ഷരപുണ്യം മനസ്സിൽ നിറയ്ക്കുന്ന
അക്ഷര രൂപിണി ദേവിയായി
കല്ല്യാണ മേകുന്ന കല്യാണിയായ്
ഭദ്രത നൽകും സുഭദ്രയായ്
മംഗളം നൽകും ലക്ഷ്മിയായ്
മംഗള രൂപിണി വന്നിടുന്നു.
നിറദീപ പ്രഭയിൽ ജ്യോതിസ്വരൂപമായ്
ശ്രിജഗദീശ്വരി വിളങ്ങീടുന്നു
പാടി പുകഴ്ത്തീടാം ആടി സ്തുതിച്ചിടാം
മോടികൾ ചാർത്തിപ്രണയിച്ചിടാം
സർവ്വചരാചരങ്ങൾക്കും മംഗളമേകീടാൻ
സർവ്വേശ്വരിയെ വന്ദിച്ചീടാം !

# നായാടികൾ ശപിക്കുന്നവരോ ശപിക്കപ്പെട്ടവരോ ?

**ലക്ഷ്മിദേവി**

എന്റെ ബാല്യകാലത്ത് വീടിനു പുറത്തുള്ള ഇടവഴിയിൽ നിന്നും ചില ദിവസങ്ങളിൽ ഒരു വിളി കേൾക്കും. തമ്പ്രാട്ടെ ധർമ്മം തരണെ, ധർമ്മം തരണെ. മുത്തശ്ശി അമ്മയോട് പറയുന്നതു കേട്ടിട്ടുണ്ട്. നായാടികൾ വിളിക്കുന്നു. വേഗം ഇത്തിരി ഉപ്പും അരിയും മുളകും ഒരു കിഴിയിലാക്കി ആ പാടവരമ്പത്ത് വെച്ചിട്ടു പോരൂ. ഇല്ലെങ്കിൽ അവറ്റകൾ ശപിക്കും. ഈ പതിവ് പല ദിവസങ്ങളിലും കാണാറുണ്ട്. അപ്പോഴെല്ലാം കുട്ടിയായിരുന്ന എന്റെ മനസ്സിൽ ഒരു ചിന്ത വരും. ഇവരും മനുഷ്യരല്ലെ? അമ്മയോട് ഒരിക്കൽ ചോദിച്ചു. അമ്മേ, നമ്മളെപോലെ ഇവരും മനുഷ്യരല്ലേ? അമ്മ കയ്യോങ്ങി കൊണ്ടു പറഞ്ഞു. ഇത്തരം സംശയങ്ങളൊന്നും എന്നോടു ചോദിക്കേണ്ട. ഞാനറിയാതെ അവരോടൊരു സഹാനുഭൂതി എന്നിൽ വളർന്നു.

ഏറെക്കാലത്തിനുശേഷം ഞാൻ വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിച്ചു. കുഞ്ഞുങ്ങൾ മുതിർന്നപ്പോൾ സ്വതന്ത്ര പത്രപ്രവർത്തകയായി. തൃശൂരിൽ ഇരിക്കുന്ന കാലത്ത് കൊട്ടേൽ എന്ന സ്ഥലത്ത് ഒരു നായാടി കോളനി ഉള്ളതായി അറിഞ്ഞു. എന്റെ കൂടെ ജേർണലിസം പഠിച്ചിരുന്ന മറ്റൊരു കുട്ടിയുമൊത്ത് ഞാൻ കൊട്ടേൽ കുന്നിലെ നായാടിക്കോളനിയിൽ പോയി. വലിയൊരു മലയുടെ മുകളിൽ ഏക്കറുകളോളം നീണ്ടു കിടക്കുന്ന സ്ഥലത്ത് ഗവൺമെന്റ് നല്കിയ കൂരകളിൽ വസിക്കുന്ന നായാടികളെ കാണുക. അവരുടെ ജീവിതം പകർത്തി പത്രത്തിലേക്ക് ഒരു ലേഖനം എഴുതുക എന്ന ലക്ഷ്യവും എന്നിലുണ്ടായിരുന്നു. ഏറെ നടന്നു കയറി മലയുടെ മുകളിലെത്തിയപ്പോൾ അശോകൻ എന്ന നായാടി അടുത്തു വന്നു. ഏറെ ഭയപ്പാടോടെ, എന്താ വേണ്ടത് ? അയാൾ ചോദിച്ചു. ഒന്നുമില്ല. ഒന്നു നിങ്ങളെയൊക്കെ കാണാനായി വന്നതാണ്. അയാൾ തന്റെ കുടിലുകൾക്കടുത്തേക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. ഞാനെന്റെ ടേപ്പ് റെക്കോർഡർ പുറത്തെടുത്തപ്പോൾ അവരെല്ലാം ഭയന്നു പിൻമാറി. കൂട്ടത്തിൽ എട്ടാം ക്ലാസ്സു വരെ പഠിച്ച ഒരു നായാടി പയ്യൻ പറഞ്ഞു. ഇതു പാട്ടു കേൾക്കാനുള്ളതാ. വെള്ളവും, വെളിച്ചവും, അന്നവും, വസ്ത്രവും ഇല്ലാതെ ഇരുനൂറോളം കുടുംബങ്ങൾ. ചികിത്സാ സൗകര്യങ്ങളില്ല. മുറ്റത്ത് കുറെ മലദൈവങ്ങളെ കുടിയിരുത്തിയിട്ടുണ്ട്. ഇവിടെ പ്രാർത്ഥിച്ചു നായാടികൾ മലയിറങ്ങുന്നു. അന്നന്നത്തെ അന്നത്തിന് വക തേടി. കീറിപ്പറിഞ്ഞ വസ്ത്രങ്ങളും അന്നമില്ലാത്ത അടുക്കളകളും. അടുപ്പിൽ തീ പുകയുന്നത് വല്ല നാളുകളിൽ മാത്രം. ഉമ്മറത്തിണ്ണയിലിരുന്ന രാധമുത്തശ്ശിക്ക് നല്ല പ്രായം കാണും. അവരോടു ഞാൻ ചോദിച്ചു, പഴയകാലത്തും നിങ്ങൾ ഇരന്നു തന്നെയാണോ ജീവിച്ചിരുന്നത്. അതെ പണ്ടു മുതൽക്കെ ഭിക്ഷാടനമായിരുന്നു ഞങ്ങളുടെ തൊഴിൽ. ഇപ്പോഴും അതു തുടരുന്നു, അശോകൻ തുടർന്നു. നിങ്ങളെപ്പോലെ ചില ആളുകൾ വരും. ആനുകൂല്യങ്ങൾ തരാമെന്നു പറയും. അതിൽ കാര്യമൊന്നുമില്ല. ഞങ്ങൾ എന്തെങ്കിലും ജോലിക്കു പോകാൻ തയ്യാറാണ്. പക്ഷെ നായാടികളെ ആരും വേലക്കു വിളിക്കില്ല.

നായാടികളുടെ തൊഴിൽ ഭിക്ഷാടനമത്രെ. സാമൂഹിക ജീവിതത്തിന്റെ വഴികളിൽ അകന്നു നില്ക്കാൻ വിധിക്കപ്പെട്ടവരത്രെ നായാടികൾ. ഒരു കാലത്ത് അടിമകളായി കരുതപ്പെട്ടിരുന്ന ഇവർ സാധാരണ ജനങ്ങളിൽ നിന്ന് 72 അടി അകലെ മാറി നില്ക്കണം എന്ന് ഇവർ തന്നെ വിശ്വസിച്ചിരുന്നു. പാറയിടുക്കുകളും മറ്റും ഇവരുടെ ആവാസകേന്ദ്രമായിരുന്നു. നാട്ടുനീചൻ എന്നുപോലും അറിയപ്പെട്ടിരുന്ന ഇവർക്ക് ഒരു കാലത്ത് കുളങ്ങളും പുഴകളും കിണറുകളും അന്യമായിരുന്നു എന്നു പറയപ്പെടുന്നു.

കേരളത്തിൽ ഇന്നും പലസ്ഥലത്തായി കൂട്ടം കൂട്ടമായി സാധാരണ ജനങ്ങളിൽ നിന്നും അകന്ന് ഇവർ ജീവിക്കുകയും ഭക്ഷണം തേടി അലയുകയും, ആരെങ്കിലും ഭിക്ഷ നൽകുമ്പോൾ ഏറെ കാതം മാറിനിന്ന് ഭിക്ഷനൽകുന്നവർ പോയിക്കഴിയുമ്പോൾ വന്ന് ഭിക്ഷ തങ്ങളുടെ ഭാണ്ഡക്കെട്ടിലാക്കുകയും ചെയ്യുന്ന പതിവ് ഇന്നും ഒറ്റപ്പാലം, ഒലവക്കോട് എന്നീ സ്ഥലങ്ങളിൽ തുടരുന്നു.

ഒടിയൻമാരും മന്ത്രവാദികളുമാണ് നായാടികൾ എന്ന് സാധാരണക്കാരിൽ നല്ലൊരു വിഭാഗം വിശ്വസിക്കുന്നു. വേട്ടയാടിക്കിട്ടുന്ന പക്ഷി മൃഗാദികളെ തിന്നുന്ന ഇക്കൂട്ടർ നായയെ തിന്നുന്നവരാണെന്ന് ശബ്ദതാരാവലിയിൽ രേഖപ്പെടുത്തി കാണുന്നു.

അശുദ്ധിയും, അശുഭകരമായ സൂചനകളും കൊണ്ട് നായാടികളെ പ്രാകൃതവർഗ്ഗമായി മനുഷ്യൻ അകറ്റി നിർത്തി. കൂടാതെ നായാടിയുടെ ഉച്ചത്തിലുള്ള വിളിയും നാട്ടുകാരിൽ ഭീതി ഉളവാക്കിയിരുന്നുവത്രെ.

നായാടിക്ക് ദാനം ചെയ്യുന്നത് പുണ്യമായി കരുതുന്നവർ ഉത്സവക്കാലത്തും ജന്മദിനങ്ങളിലും അവർ ദാനത്തിനായി നിലവിളിക്കുമ്പോൾ ഉപ്പ്, മുളക്, പുളി, എണ്ണ, കടുക്, പണം എന്നിവ ദാനം ചെയ്യാറുണ്ട്. അശുദ്ധികളെയെല്ലാം തന്നിലേക്കാവാഹിക്കുന്ന ഒരു ജനത. ശപിക്കുക എന്നതത്രെ അവരുടെ നിയോഗം എന്നു വിശസിച്ചു പോരുന്നവർ പോലും അവരിലെ നന്മകൾ തിരിച്ചറിയുന്നില്ല എന്നതാണ് വാസ്തവം.

കുംഭമാസത്തിലെ പൂരം നാളിലും, ദ്വാദശിക്കും അവർ ഇടവഴികളിലും, പാറയിടുക്കുകളിലും എത്തുമ്പോൾ മലദൈവങ്ങൾ തങ്ങളെ തുണയ്ക്കും എന്നു തന്നെ കരുതുന്നവരാണ് നായാടികൾ. ദാനം അവകാശമായി വാങ്ങുന്ന നായാടികളുടെ സ്ഥിതി ഏറെ ശോചനീയമാണ്.

പൊന്നാനി, തൃശൂർ ഭാഗങ്ങളിൽ ധാരാളം നായാടികൾ താമസിക്കുന്നു. ശനി, ബുധൻ തുടങ്ങിയ ദിവസങ്ങളിലാണ് ഇവരിൽ ഭൂരിഭാഗവും ഭിക്ഷാടനത്തിന് ഇറങ്ങുന്നത്. ചണ്ഡാളൻമാരുടെ ഒരു വിഭാഗമായി അറിയപ്പെടുന്ന ഇവർ അന്തരീക്ഷത്തിലൂടെ മറ്റുള്ളവർക്ക് അശുദ്ധി ഏല്പിക്കും എന്നു വിശ്വസിച്ചിരുന്നതുകൊണ്ട് ചിലർ 300 അടി അകലം പാലിച്ചിരുന്നുവത്രെ. ഇവരുടെ ശബ്ദത്തിനുപോലും അശുദ്ധി കല്പിക്കപ്പെട്ടിരുന്നു.

സ്വാതന്ത്ര്യം എന്നതിന്റെ അർത്ഥം പോലും നായാടികൾക്കറിയില്ല. അയിത്തവും തൊട്ടുകൂടായ്മയും ഒക്കെ നിയമംമൂലം നിരോധിച്ച കാര്യവും ഇവർക്കറിയില്ല. ഭരണഘടനപ്രകാരം അയിത്തം ശിക്ഷാർഹമായ കുറ്റമാണെന്നതു ഇവർ അറിയുന്നില്ല. ഒരു ജാതിയും നായാടികളെ ഒരു ചടങ്ങുകൾക്കും വിളിക്കില്ല. അവരുടെ സാന്നിധ്യം പോലും മറ്റുള്ളവർ ഭയക്കുന്നു. ഇവരുടെ ഏറ്റവും വലിയ ശരാശരി വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസാണ്. കിടപ്പാടമാവട്ടെ സർക്കാരിന്റെ ഔദാര്യവും.

ഈ സാമൂഹിക വിവേചനത്തിന് ചെറിയ മാറ്റങ്ങൾ കണ്ടു തുടങ്ങിയത് 2002 ൽ കേരള നായാടിസ് പ്രോഗ്രസ്സീവ് എന്ന സംഘടന രൂപം കൊണ്ടശേഷമാണ്. കുറെ വ്യക്തികളുടെ പരിശ്രമ ഫലമായി കുറച്ചുപേരെ ഭിക്ഷാടനത്തിൽ നിന്നും മാറ്റി നിർത്താനും മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നത് പ്രേരിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

നായാടികളും മനുഷ്യരാണ് എന്ന ഒരു പരിഗണനയെങ്കിലും ഇവർക്കു ഭാവിയിൽ ലഭ്യമാവും എന്നു പ്രത്യാശിക്കുന്നു.

## നായാടിയുടെ പഴയ ചിത്രം

നായാടിയെത്തുന്നു നാട്ടിൻ കനിവിനായ്
നാഴികയെത്രയോ താണ്ട്യതാണേ
നാലുകല്ലുപ്പിനും നാഴിയരിക്കുമായ്
നാലുകാതം ദൂരെ നിന്നിടാമേ
നായാടി നില്ക്കുന്നു പാടത്തിനപ്പുറം
പാറയുണ്ടൊന്നതിൻ പിന്നിലായി
നീട്ടി വിളിക്കുന്നു ചങ്കുപൊടിയും പോൽ
തമ്പ്രാട്ട്യമ്മേ..........തമ്പ്രാനേ
നാലുകെട്ടിനകത്തമ്മ പറയുന്നു
ദ്വാദശിയാണിന്നു ചീരുപ്പെണ്ണേ
ഇത്തിരിയുപ്പും അരിയും മുളകും
പാടവരമ്പത്തു വെച്ചു പോരൂ.
തൊട്ടുകൂടാ അല്ല തീണ്ടാനോ പാടില്ല
ദൃഷ്ടിയിൽപെട്ടാലോ ദോഷമാണേ
കാട്ടിലും മേട്ടിലും കുന്നിന്റെ ചോട്ടിലും
വേട്ടയാടിത്തിന്നും കൂട്ടമാണേ
ശങ്കയുണ്ടെങ്കിലും ചെല്ലുന്ന പാറതൻ
ഇങ്ങേപ്പുറത്തോളം ചീരുപ്പെണ്ണ്
നാലുകല്ലുപ്പും, അരിയും മുളകും
പാറേല് വെക്കുന്നു ചീരുപ്പെണ്ണ്
പാത്തും പതുങ്ങിയും പാറ തന്നങ്ങെ
പ്പുറത്തു നിന്നെത്തുന്നു നായാടികൾ
എല്ലാം പെറുക്കുന്നു മാറാപ്പിലാക്കുന്നു
മെല്ലെ മടങ്ങുന്നു നായാടികൾ
കയ്യിൽ തരില്ലേലും കല്ലരിയാണേലും
നായാടിക്കില്ല പരാതിയൊട്ടും
തമ്പ്രാട്ട്യമ്മക്കും, തമ്പ്രാനും മക്കൾക്കും
നല്ലതു നൽകണെ കാളിയമ്മെ ●

(തുടർച്ച)

# ഹൈന്ദവാചാര വൈകല്യം



നന്ദകുമാർ മേനോൻ

## ഉപോദ്ഘാതം

എങ്കിൽ എന്താണ് ക്ഷേത്രം? എങ്ങിനെയാണ്ക്ഷേത്രാരാധന?എങ്ങിനെയാണ് ഗുരുപദേശത്തിലൂടെ മന്ത്രസാധന നടത്തി ഭോഗമോക്ഷാദികൾ രണ്ടും നേടുന്നത് ? ഈ ചോദ്യങ്ങൾ ചോദിച്ചു കൊണ്ടാണ് നാം കഴിഞ്ഞ ലക്കം പിരിഞ്ഞത്.

ആദ്യം ക്ഷേത്രം എന്താണെന്നു നോക്കാം. ''ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതെ'' (ഗീത 13.2) എന്ന വാക്യം ഉദ്ധരിച്ചുകൊണ്ട് ചില കമ്മ്യൂണിസ്റ്റ് സന്യാസാഭിമാനികൾ ശരീരമാണ് ക്ഷേത്രം അല്ലാതെ പുറത്തുള്ളൊരു ക്ഷേത്രമല്ല എന്ന് പറയുന്നുണ്ട്. എന്നാൽ ഈ ശ്രീകൃഷ്ണ വാക്യത്തിന്റെ അർത്ഥം ശരിക്കൊന്നു പരിശോധിക്കാം. അല്ലയോ കുന്തീപുത്രാ, ഇത് ശരീരം ക്ഷേത്രമെന്നറിയപ്പെടുന്നു എന്നു മാത്രമേ ഇതിനർത്ഥമുള്ളു. എന്നാൽ അതിനെക്കാൾ വലിയൊരു വ്യംഗ്യവും അതിൽ സാക്ഷാൽ കള്ളകൃഷ്ണൻ ഉൾക്കൊള്ളിച്ചു. ക്ഷേത്രം എന്ന വാക്ക് മുൻപേതന്നെ എല്ലാവർക്കും അറിയാം എന്ന വ്യംഗ്യം. മതിൽക്കെട്ട്, ചുറ്റമ്പലം, ശ്രീകോവിൽ, ബിംബം, മൂർത്തി എന്നിങ്ങിനെ അകത്തേക്കകത്തേക്ക് പോകുന്ന 5 അവയവങ്ങൾ ചേർന്ന ക്ഷേത്രം പോലെയാണ് അന്നമയ കോശം. പ്രാണമയ കോശം, മനോമയകോശം, വിജ്ഞാനമയ കോശം, ആനന്ദമയകോശം എന്നിങ്ങനെ അകത്തേക്ക് പോകുന്ന 5 കോശങ്ങൾ അടങ്ങിയ ഈ ശരീരം. ഇല്ലെങ്കിൽ ഈ ശരീരമാണ് യഥാർത്ഥത്തിൽ ക്ഷേത്രം, മറ്റൊന്നുമല്ല എന്നർത്ഥം വരുന്നവണ്ണം അനുഷ്ടുപ്പിൽ തന്നെ ഭഗവാൻ, 'ശരീരമേവ കൗന്തേയ ക്ഷേത്രമിത്യഭീധീയതെ' (ശരീരം മാത്രമാണ് ക്ഷേത്രം എന്നറിയപ്പെടുന്നത്) എന്ന് എന്നെക്കാൾ നന്നായി പറഞ്ഞുവച്ചേനെ.

## ക്ഷേത്രാരാധനയുടെ പഴക്കം

ക്ഷേത്രാരാധനാ സമ്പ്രദായത്തിന് എത്ര കാലത്തെ പഴക്കമുണ്ടെന്ന് നമുക്കാർക്കും അറിയില്ല. ചരിത്രഗവേഷകർക്കും അറിയില്ല. എല്ലാം പാശ്ചാത്യരുടെ കാർബൺ ഡേറ്റിംഗ് എന്ന ഒരു മുറിവിദ്യ കൊണ്ടും അവർ നമ്മെ പഠിപ്പിച്ച കള്ള ചരിത്രം കൊണ്ടും നമുക്കുണ്ടായിട്ടുള്ള ചില തെറ്റിദ്ധാരണകൾ മാത്രം. അടുത്തകാലത്ത് 'ന്യൂനപക്ഷവികാരം' കൊണ്ട് തകർന്നു വീണ, നമ്മുടെ കൺമുന്നിലുണ്ടായിരുന്ന ചില പടുകൂറ്റൻ നാലുകെട്ടുകൾക്ക് അഞ്ഞൂറിൽ പരം വർഷം പഴക്കമുള്ളതായി നമുക്കറിയാം. എന്നിട്ടും, തഞ്ചാവൂരിലെ ശിവക്ഷേത്രമായ ബൃഹദേശ്വരക്ഷേത്രത്തിന് ആയിരം വർഷത്തോളവും കംബോഡിയയിലെ അങ്കോർ വാട് എന്ന വിഷ്ണു ക്ഷേത്രത്തിന് തൊള്ളായിരത്തിൽ താഴെ മാത്രവും വർഷങ്ങളുടെ പഴക്കമേ ഉള്ളു എന്ന് കേട്ട് സാമാന്യ ബുദ്ധിപോലും പണയം വച്ച് നമ്മൾ കേട്ടിരിക്കുന്നു. അതുകൊണ്ടു തന്നെ ക്ഷേത്രാരാധനയ്ക്ക് ഇത്ര വർഷത്തെ പഴക്കമേ ഉള്ളു എന്നു പറയുന്നത് അബദ്ധമാവും. നമുക്കറിയില്ല എന്നതാണ് വാസ്തവം.

ഏതായാലും പല ആയിരങ്ങളിലധികം വർഷങ്ങൾക്കു മുൻപുതന്നെ ഇന്നത്തെ രൂപത്തിലല്ലെങ്കിൽ മറ്റു പല രൂപങ്ങളിലും ക്ഷേത്രങ്ങൾ ദൈവാരാധനക്കു വേണ്ടി ഉപയോഗിച്ചിരുന്നു എന്നത് തീർച്ചയാണ്. എന്നു തന്നെയല്ല, അവയുടെ പിന്നിലെ ഇച്ഛാശക്തി വിളിച്ചോതുന്നവയുമാണ് അവയുടെ തലയെടുപ്പ്.

## വ്യാകരണ ദൃഷ്ടി

'പുന്നപുംസകയോർവ്യപ്ര : കേദാര: ക്ഷേത്രമസ്യ തു'... (അമരകോശം, ദ്വിതീയകാണ്ഡം, വൈശ്യ വർഗ്ഗം. 11)

വ്യപ്ര : എന്നാൽ വിത്തു വിതക്കുന്ന സ്ഥലം എന്നർത്ഥം (ഇവിടെ വിത്തു വിതക്കുന്നു പാരമേശ്വരീ വ്യാഖ്യാ). വിത്ത് എന്നാൽ സംസ്കൃതത്തിൽ ബീജം. യാതൊന്നിലാണോ വളരെ വലിയ ജീവ സ്വരൂപങ്ങൾ സങ്കൽപനാതീതമായ വിധത്തിൽ ചെറുതായി സ്ഥിതി ചെയ്യുന്നത് അതാണ് വിത്ത്. ആൽ മരമായാലും വിത്ത് ഒരു വിരലിൽ എടുക്കാവുന്നതാണല്ലോ. 'വിത്ത് വിതക്കുന്ന സ്ഥലം' എന്നതിലെ വ്യംഗ്യവും ശ്രദ്ധേയം. വിതച്ചാൽ മുളച്ച് വലുതായി സ്വധർമ്മം നിലനിർത്തി, ഫലങ്ങളും, വീണ്ടും ബീജങ്ങളും സൃഷ്ടിക്കാൻ കഴിവുള്ള സ്ഥലം മാത്രമാണ് 'വപ്ര' അതു തന്നെ ക്ഷേത്രം. മലയാളത്തിൽ അമ്പലങ്ങൾ





എന്നു പറയപ്പെടുന്ന ഈ ക്ഷേത്രങ്ങളിൽ ഭക്തർ വിതക്കുന്നത്, പ്രാർത്ഥന ആകുന്ന വിത്താണ്. അത് എന്റെ മകളുടെ വിവാഹം നല്ലൊരു വരന്റെ കൂടെ നടക്കണേ എന്നാവാം. മുടങ്ങിപ്പോയ എന്റെ വീടു പണി ഒരു വർഷത്തിനുള്ളിൽ തീർത്തു തരണേ എന്നാവാം. എന്തായാലും, പ്രാർത്ഥന യാകുന്ന വിത്ത് വിതച്ചാൽ ഫലസിദ്ധി വരുന്ന സ്ഥലമാണെന്നതിനാലാണ് ക്ഷേത്രം.

'കേദാര എന്നാൽ വെള്ളം കൊണ്ടു നനക്കപ്പെടുന്നത് എന്നർത്ഥം' ക്ഷേത്രങ്ങളിലെ അഭിഷേകങ്ങളും ഈ സങ്കല്പത്തിൽ തന്നെയാണ്.

'ക്ഷേത്രം പത്നീ ശരീരയോ' (അമരകോശം. തൃതീയകാണ്ഡം. നാനാർത്ഥവർഗ്ഗ : 180)

ക്ഷേത്രം ഇത് പത്നിയുടെയും ശരീരത്തിന്റെയും പേർ. (ടി). ഭൂമിയിൽ വിത്ത് വിതക്കുന്നതുപോലെ തന്നെ പത്നിയിൽ ബീജം നിക്ഷേപിച്ച് പുരുഷൻ പുത്രോല്പാദനം നടത്തുന്നത് ഇവിടെ പ്രസക്തം. ഇത്രയും കൊണ്ടു തന്നെ ക്ഷേത്രസങ്കല്പത്തിന്റെ മാഹാത്മ്യം വ്യക്തം.

'അമ്പലം' എന്ന മലയാളം വാക്കാകട്ടെ തമിഴിലെ 'അൻപ്' (സ്നേഹം) എന്ന വാക്കും അളം (കൂട്ടി സംഭരിക്കപ്പെടുന്ന സ്ഥലം ഉദാ ഉപ്പളം ഉപ്പ് സംഭരിക്കപ്പെടുന്ന സ്ഥലം) എന്ന വാക്കും ചേർന്നുണ്ടാകുന്ന സ്നേഹം സംഭരിച്ചു വക്കുന്ന സ്ഥലം എന്നതാണ്. അമ്പാട്ടി അൻപ് കാട്ടുന്നവനും.

ഇത്രയും പറഞ്ഞതിൽ നിന്ന് വൈയാകരണ ദൃഷ്ടിയിൽ ക്ഷേത്രം നമ്മുടെ ആഗ്രഹങ്ങളുടെ വിത്ത് വിതച്ച് അവയുടെ ഫലസിദ്ധി കൊയ്തെടുക്കാനുള്ള കണ്ടം ആണെന്നു വ്യക്തം.

## താന്ത്രിക ദൃഷ്ടി

താന്ത്രത്തിന് പല അർത്ഥങ്ങളുണ്ട്. പ്രധാനം ശാസ്ത്രം എന്നതാണ്. 'ത്രന്ത്രം പ്രധാനേ സിദ്ധാന്തേ സൂത്രവായേ പരിച്ഛദേ' (അമരം 3.185) പ്രധാനത്തെയും സിദ്ധാന്തത്തെയും നെയ്തുകാർ നൂൽ പാകുന്നതിന്റെയും ഉപകരണത്തിന്റെയും പേർ. (പാരമേശ്വരി വ്യാഖ്യാ). ഇതിൽ മിക്ക അർത്ഥങ്ങളും ക്ഷേത്രതന്ത്രത്തിനു ചേരും. അതൊരു സിദ്ധാന്തമാണ്, നെയ്തുകാർ നൂൽ പാകുന്നതു പോലെ സങ്കീർണ്ണമായ പ്രക്രിയകളടങ്ങിയതാണ്. അതൊരു ഉപകരണമാണ്. തനോതു ബഹവാനിഷ്ഠാൻ ത്രായതെ മഹതോ ഭയാത് എന്ന അർത്ഥം ഈ ഉപകരണസങ്കല്പത്തിൽ നിന്നും വരുന്നതാവണം.

ഇന്നു നാം കാണുന്ന രീതിയിലുള്ള ക്ഷേത്രങ്ങളെപ്പറ്റി വളരെ വിസ്തരിച്ചു പ്രതിപാദിക്കുന്ന ഒരു ഗ്രന്ഥം യശ:ശ്ശരീരനായ മാധവ് ജി എഴുതിയിട്ടുണ്ട്. അദ്ദേഹം എന്റെ കാരണഗുരുവും കൂടിയാണെന്നതിൽ എനിക്കഭിമാനവുമുണ്ട്. 'ക്ഷേത്രചൈതന്യ രഹസ്യം' എന്ന ആ ഗ്രന്ഥം ഇന്ന് ഇന്റർനെറ്റിലും ലഭ്യമാണ്. ക്ഷേത്ര നിർമ്മിതിയിലെ സങ്കീർണ്ണമായ ക്ഷേത്ര ഗണിത സിദ്ധാന്തങ്ങളെയും, അതിനുപയോഗിക്കുന്ന മന്ത്രങ്ങളെയും മറ്റും ഇതിൽ പ്രതിപാദിക്കുന്നതുകൊണ്ട് ഞാൻ അതിവിടെ എടുത്തു വിസ്തരിക്കുന്നില്ല. എങ്കിലും പ്രധാനമായ ഒരു കാര്യം പറയാതെ വയ്യ. ശ്രീകോവിൽ നിർമ്മിക്കുന്നതിനു മുൻപ് ഭൂമിക്കടിയിൽ ഷഡാധാര പ്രതിഷ്ഠ എന്നൊരു പ്രക്രിയയുണ്ട്. മൂലാധാരം മുതൽ ആജ്ഞാചക്രം വരെയുള്ള, പൃഥിവ്യാദി പഞ്ചഭൂതങ്ങളെയും മഹത് തത്വത്തെയും അവിടങ്ങളിൽ പ്രതിഷ്ഠിച്ച് അതിനു മുകളിലാണ് ദേവചൈതന്യം പ്രതിഷ്ഠിക്കുന്നത്. ദേവനെ പ്രതിഷ്ഠിക്കുന്ന വിഗ്രഹം കൃത്യമായ ക്ഷേത്രഗണിതമനുസരിച്ചുള്ള ഒരു പ്രതിമയായിരിക്കണം. ശ്രീകോവിലിനും വട്ടശ്രീകോവിൽ, ചതുര ശ്രീകോവിൽഎന്നിങ്ങനെപ്രമാണങ്ങളുണ്ട്.ശ്രീകോവിലിൽ നിന്ന് എത്ര അകലത്തിലാണ് ചുറ്റമ്പലം വേണ്ടത്, അതിനും എത്ര അകലത്തിലാണ് മതിൽക്കെട്ട് വേണ്ടത് എന്നതിനെല്ലാം കൃത്യമായ തച്ചുശാസ്ത്ര പ്രമാണങ്ങളുമുണ്ട്. അങ്ങിനെ നിർമ്മിക്കപ്പെടുന്ന ക്ഷേത്രത്തിലെ വിഗ്രഹത്തിൽ, പ്രസ്തുത ദേവചൈതന്യത്തിന്റെ മന്ത്രത്താൽ പൂജിതമായ ജലം പഞ്ചഗവ്യം മുതലായ വസ്തുക്കൾകൊണ്ട് മന്ത്രജപത്തോടെയാണ് പ്രതിഷ്ഠിക്കപ്പെടുന്നത്. കാലാകാലങ്ങളിൽ വരാവുന്ന ശക്തിക്ഷയത്തിന് ഉത്സവം നടത്തപ്പെടുന്നു.

ഇങ്ങിനെ നിർമ്മിക്കപ്പെടുന്ന ക്ഷേത്രങ്ങളിൽ ചെന്ന് ആരാധന നടത്തുകയാണ്. ഒരു ഗുരുനാഥനിൽ നിന്നും യഥാവിധി മന്ത്രോപദേശം നേടി ഉപാസന ചെയ്യാൻ യോഗമില്ലാത്തവരും, ശക്തിയില്ലാത്തവരും ചെയ്യേണ്ടത്. കലികാലത്ത്, വൈദിക കർമ്മങ്ങളും, വേദാന്തവും നാശോൻമുഖമാകും എന്ന് നിരവധി ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. 'കലൗ തന്ത്രോദിതാ മന്ത്രാ സിദ്ധസ്തൂർണ്ണഫലപ്രദാ ശസ്താ കർമ്മസു സർവേഷുജപയജ്ഞക്രിയാദിഷു' (മഹാനിർവാണതന്ത്രം 2.14). പ്രസിദ്ധനായ സർ. ജോൺവുഡ്രോഫ് എന്ന പാശ്ചാത്യന്റെ അശ്രാന്ത പരിശ്രമഫലമായാണ്, നഷ്ടപ്രായമായിരുന്ന മേല്പറഞ്ഞ തന്ത്രഗ്രന്ഥം പോലെയുള്ള മിക്കവയും നമിക്കിന്നു ലഭ്യമായിട്ടുള്ളത്. സപരിവാരം പൂജകൾ എന്ന ഗ്രന്ഥത്തിലും ശാരദാതിലകം, തന്ത്രരാജതന്ത്രം മുതലായ ഗ്രന്ഥങ്ങളോടുള്ള കടപ്പാട് വ്യക്തമാക്കിയിട്ടുണ്ട്.

## കരണീയം

ഇതിനെക്കാളെല്ലാം ഉപരി, ഹിന്ദുമതം മറ്റു അബ്രഹാമിക് റിലിജ്യൺസ് പോലെ സംഘടനാബലമില്ലാത്ത ഒരു വിശ്വാസ സമ്പ്രദായമായതുകൊണ്ട്, ക്ഷേത്രങ്ങൾ മാത്രമാണ് , ഇന്ന് ഹിന്ദുക്കളെ ഒന്നിച്ച് നിർത്തുന്നത്. അതുകൊണ്ടു തന്നെ, ക്ഷേത്രങ്ങളുടെ സംരക്ഷണവും, അവിടെ നടത്തപ്പെടുന്ന ആരാധനകളും ശക്തമായി സംരക്ഷിക്കേണ്ടത് അവശ്യം ആവശ്യമായിരിക്കുകയാണ്. ഹൈന്ദവ വിശ്വാസം പിന്തുടരുന്നവർ എന്നഭിമാനിക്കുന്ന പല പ്രഭാഷകരും ഇന്ന് ക്ഷേത്ര ഭർത്സനത്തിൽ നിരതരാണെന്നത്, കാര്യം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ക്ഷേത്രത്തിന്റെ മാഹാത്മ്യം, ക്ഷേത്രദർശനം നടത്തേണ്ട സമയം, അവിടെ ആചരിക്കേണ്ട ക്രമങ്ങൾ എന്നിങ്ങിനെ മിക്കതിനെയും പറ്റി ഇന്നത്തെ യുവാക്കൾക്ക് വലിയ ധാരണയില്ല. ദേവീ ദേവൻമാരുടെ ചരിതങ്ങൾ വിവരിക്കുന്ന ഭാഗവതം, ദേവീ ഭാഗവതം മറ്റു പുരാണങ്ങൾ മുതലായവ പണ്ടൊക്കെ കുഞ്ഞിലേ തന്നെ അച്ഛനമ്മമാരാണ് കുട്ടികൾക്ക് പറഞ്ഞു കൊടുത്തിരുന്നത്. എന്നാൽ ഇന്ന് അതൊക്കെ പറഞ്ഞു കൊടുക്കാൻ രക്ഷിതാക്കൾക്കും, കേട്ടിരിക്കാൻ കുട്ടികൾക്കും സമയമില്ല. ഒരു പ്രധാന കാരണം മൊബൈലും, നിരർത്ഥകവും, നിഷ്പ്രയോജനവുമായ വിദ്യാഭ്യാസത്തിരക്കും തന്നെ. ഭഗവത് ഗീത, ബ്രഹ്മസൂത്രം മുതലായ ബ്രഹ്മജ്ഞാന ഗ്രന്ഥങ്ങൾ, സോക്രട്ടീസിന്റെയും, പ്ലേറ്റൊയുടെയും തത്വചിന്തകളെക്കാൾ ഗഹനങ്ങളാണ്. അത് സാധാരണക്കാർക്കുള്ളതല്ലെന്നും സാധാരണ കുടുംബ ജിവിതം തുടങ്ങുന്ന ചെറുപ്പക്കാർക്ക് ഉപയോഗപ്രദമല്ലെന്നും ഞാൻ ഈ ലേഖന പരമ്പരയുടെ ആദ്യം തന്നെ വിവരിച്ചിരുന്നു. അത്തരം ഗ്രന്ഥങ്ങൾ ജീവിതത്തിന്റെ ഒരു പ്രത്യേക ദശയിൽ, ചിലർക്കുമാത്രം മനസ്സിലാക്കാനും ആചരിക്കാനും കഴിയുന്നതാണ്. അതുകൊണ്ടുതന്നെയാണ് ത്രികാലജ്ഞനായ കൃഷ്ണൻ, യുദ്ധക്കളത്തിലെത്തി അർജ്ജുനൻ ചോദിക്കുന്നതുവരെ അത് പറഞ്ഞുകൊടുക്കാഞ്ഞത്. അതുകൊണ്ടു തന്നെയാണ് ഏതായാലും ഇവൻ ചോദിച്ചു, എങ്കിൽ പിന്നെ ആ ഭീഷ്മരെയും, ദ്രോണരെയും, യുധിഷ്ഠിര പ്രഭൃതികളെയും കൂടി വിളിച്ച് ഒന്നിച്ചു പറഞ്ഞുകൊടുക്കാം എന്നും വിചാരിക്കാഞ്ഞത്.

അതുകൊണ്ട്, എല്ലാ ഹിന്ദുക്കളുടെയും ഇന്നത്തെ ദൗത്യം, ക്ഷേത്രാചാര സംരക്ഷണവും, ക്ഷേത്രങ്ങളിൽ പോയുള്ള പ്രാർത്ഥനയുമാണ്. അതാണ് ഗൃഹസ്ഥന് ശ്രേയസ്കരവും, ഭഗവത് ഗീതയല്ല. അതു ചെയ്യാത്തതാണിന്നത്തെ ഹൈന്ദവചാരവൈകല്യം ●

# മഹിമ



ഉണ്ണി വാരിയത്ത്

ഗൃഹാതുരത്വം അയാളെയും ഭാര്യയെയും വീർപ്പു മുട്ടിക്കാറുണ്ട്.

പക്ഷെ, മക്കൾക്ക് നാട് ഇഷ്ടമല്ല. അവർക്ക് മറുനാട് മതിയത്രെ! മറുനാടൻ മഹാനഗരത്തിൽ ജനിച്ചു വളർന്നതുകൊണ്ടാവാം.

നാട്ടിൽ വൈദ്യുതിക്ഷാമമുള്ളതുകൊണ്ട് ടിവി യെന്നത് വെറും പ്രദർശനസാമഗ്രിയല്ലേ എന്നും, കറങ്ങാത്ത ഫാൻ അലങ്കാരവസ്തുവല്ലേ എന്നും, പ്രവർത്തിക്കാത്ത ഫ്രിഡ്ജ് അടുക്കളയിലെ സ്ഥലം മുടക്കിയല്ലേ എന്നുമാണ് മക്കളുടെ വാദം.

കിണർവെള്ളത്തിന് ശീതികരിച്ച കുപ്പിവെള്ളത്തിന്റെ സ്വാദില്ലെന്നും അന്തരീക്ഷവായുവിന് ഏ. സി യുടെ കുളിരില്ലെന്നും പറയുന്ന മക്കളുടെ മനോഭാവത്തെ ചോദ്യം ചെയ്താൽ ഉത്തരത്തിനു പകരം തർക്കുത്തരമാണുണ്ടാവുക. അവരെ സംബന്ധിച്ചിടത്തോളം നാട്ടിൽ ഏറ്റവും ബുദ്ധിമുട്ടായ കാര്യം നേരം ഇഴഞ്ഞിഴഞ്ഞു പോകുന്നു, അല്ലെങ്കിൽ പോകുന്നതേയില്ല എന്നതാണ്.

എങ്കിലും..... നാട് നാടല്ലേ? മറുനാട് മറ്റുള്ളവരുടെ നാടല്ലേ? പണ്ടത്തെപ്പോലെ മണ്ണിന്റെ മക്കളെന്ന പ്രാദേശികവാദം വീണ്ടും മുഴക്കി പുകച്ചു പുറത്തു ചാടിക്കുമ്പോഴേ മക്കൾ നാടിന്റെ മഹിമ അറിയൂ എന്നുണ്ടോ ?





# നെപ്പോളിയൻ പരാജയപ്പെട്ടതെങ്ങനെ?



സി. രാമചന്ദ്രൻ

നാം കണ്ണുകൊണ്ടു കാണുന്ന ബാഹ്യ ഭൗതികപ്രപഞ്ചത്തിൽ ചെറുതും വലുതുമായ വസ്തുക്കളുണ്ടല്ലോ. ചെറിയ കണികകളുടെ ലോകത്തെ സൂക്ഷ്മപ്രപഞ്ച മെന്നും വലിയ വസ്തുക്കളുടെ ലോകത്തെ സ്ഥൂലപ്രപഞ്ചമെന്നും വിളിക്കാവുന്നതാണ്. നമ്മുടെ ഇന്ദ്രിയങ്ങളുടെ, പ്രത്യേകിച്ച് കാഴ്ചയുടെ പരിമിതികൾമൂലം തീരെ സൂക്ഷ്മമായ വസ്തുക്കളെയും ദൂരെയുള്ള സ്ഥൂലമായ വസ്തുക്കളെയും നമുക്കു കാണാനാവില്ല. കാഴ്ചയുടെ ഈ പരിമിതിയെ മനുഷ്യൻ മറികടക്കുന്നത് സൂക്ഷ്മദർശിനി, ദൂരദർശിനി എന്നിങ്ങനെ രണ്ട് ഉപകരണങ്ങൾ കൊണ്ടാണ്. ഇതു രണ്ടും കണ്ടു പിടിക്കുന്ന കാലത്തുണ്ടായിരുന്നതിനേക്കാൾ പത്തു നൂറു മടങ്ങു ശക്തിയുള്ള ഉപകരണങ്ങളാണ് ഇന്നുള്ളത്. നമുക്കു കാണാനാവാത്ത പ്രകാശ കിരണങ്ങളെയും കമ്പ്യൂട്ടറുകളെയും മറ്റും ആശ്രയിച്ചുകൊണ്ടാണ് ഇന്ന് ഇതു സാധ്യമായിരിക്കുന്നത്. ശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഉപകരണങ്ങളുടെ പരിഷ്കരണം തുടർന്നു കൊണ്ടിരിക്കുന്ന ഒരു പ്രക്രിയയാണ്. അതിനനുസരിച്ചാണ് അറിവിന്റെ വികാസം.

കാഴ്ചയിൽ മാറ്റമുണ്ടാകുമ്പോൾ കാഴപ്പാടുകൾ മാറുക എന്നതും സ്വാഭാവികമാണ്. അതായത് മനുഷ്യന്റെ ബോധമണ്ഡലത്തിലുണ്ടാകുന്ന വിപ്ലവങ്ങൾ. സൂക്ഷ്മദർ ശിനികളും ദൂരദർശിനികളും മനുഷ്യന് അവൻ അന്നുവരെ കാണാത്ത രണ്ടു ലോകങ്ങളാണ് തുറന്നു നൽകിയത്. ദൂരദർശിനികൾ ബാഹ്യപ്രപഞ്ചത്തെക്കുറിച്ചു നിലനിന്നിരുന്ന ധാരണകളിൽ വലിയ പൊളിച്ചെഴുത്തു നടത്തി. ജ്യോതിഷ പദ്ധതികളെയും പഴയ ജ്യോതിശാസ്ത്ര പദ്ധതികളെപ്പോലും അത് അടിക്കടി പിച്ചി ചീന്തി. നവഗ്രഹപദ്ധതികൾ പഴങ്കഥയായി. പുതിയ നക്ഷത്രങ്ങൾ പുതിയ സൗരയൂഥങ്ങൾ. പുതിയ നക്ഷത്രയൂഥങ്ങൾ, പുതിയ ഗാലക്സികൾ അങ്ങിനെ കാഴ്ചയുടെ അനന്തസാധ്യതകൾ മുന്നിൽ ഒന്നൊന്നായി തുറന്നു വന്നു.

സൂക്ഷ്മ ലോകത്തിന്റെ കാര്യവും അതുപോലെ തന്നെ. ഇലക്ട്രോണുകളും, ന്യൂട്രോണുകളും പ്രോട്ടോണുകളുമടങ്ങിയ അജൈവമായ സൂക്ഷ്മലോകത്തിലേക്കെന്നപോലെ ബാക്ടീരിയകളും, വൈറസ്സുകളുമടങ്ങിയ ജൈവലോകത്തിലേയ്ക്കും അത് തുരന്നിറങ്ങി. ജീവനെ സംബന്ധിച്ചും രോഗങ്ങളെ സംബന്ധിച്ചും രോഗകാരണങ്ങളെ സംബന്ധിച്ചും ഇന്നോളം വച്ചു പുലർത്തിയിരുന്ന ധാരണകളിലും വിപ്ലവകരമായ മാറ്റങ്ങളാണുണ്ടായത്.

നമുക്കു ചുറ്റും മാത്രമല്ല, നമുക്കുള്ളിലും കോടാനുകോടി സൂക്ഷ്മ ജീവികളാണുള്ളത്. അതിൽ മനുഷ്യന് ഉപകാരികളും ഉപദ്രവകാരികളുമായ ജീവികളുമുണ്ട്. എന്തിന് മനുഷ്യൻ തന്നെ സ്വയമേവ ജീവിക്കാൻ കഴിവുള്ള സൂക്ഷ്മജിവികളുടെ ഒരു സമുച്ചയമല്ലേ? അതുകൊണ്ടാണല്ലോ അവയവങ്ങൾ മാറ്റിവെച്ചാലും അവയ്ക്ക് അവയുടെ ധർമ്മം നിർവ്വഹിക്കാനാവുന്നത്. സൂക്ഷ്മ ജീവികളാണ് യഥാർത്ഥത്തിൽ അദൃശ്യരായ മാലാഖമാരും അസുരൻമാരും. അവയെ ദിവ്യദൃഷ്ടികൊണ്ടല്ല, മൈക്രോസ്കോപ്പു കൊണ്ടാണ് കാണുന്നത്.

ചില്ല് ഉരച്ച് കണ്ണടയുണ്ടാക്കി വില്പന നടത്തിയിരുന്ന സക്കറിയ ജാൻസൻ എന്ന ഡച്ചുകാരനാണ് 1590 ൽ ആദ്യമായി കോമ്പൗണ്ട് മൈക്രോസ്ക്കോപ്പുണ്ടാക്കിയത്. ഇതൊരു കൗതുകകരമായ വിനോദ ഉപകരണം എന്ന നിലയിലാണ് അന്ന് ഉപയോഗിക്കപ്പെട്ടത്.

വിഖ്യാത ശാസ്ത്രജ്ഞനായ റോബർട്ട് ഹുക്കാണ് മൈക്രോസ്കോപ്പിനെ ഗൗരവപൂർവ്വം സമീപിച്ചത്. മൈക്രോസ്കോപ്പും അതിലൂടെയുള്ള കാഴ്ചയും അദ്ദേഹത്തിന്റെ പഠനവിഷയങ്ങളായിരുന്നു. അദ്ദേഹം അതിനെ സംബന്ധിച്ച് മൈക്രോഗ്രാഫിയ എന്ന ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. അക്കാലത്ത് വളരെ വിപുലമായി വിറ്റഴിക്കപ്പെട്ട ഒരു പുസ്തകമായിരുന്നു അത്.

പതിനേഴാം നൂറ്റാണ്ടിന്റെ രണ്ടാം പാതിയിലാണ് ആന്റൻവാൽല്യൂവൻ ഹോക്ക് എന്ന ഡച്ചുകാരൻ ജൈവമായ സൂക്ഷ്മ വസ്തുക്കളെ സൂക്ഷ്മദർശിനിയിലൂടെ ഗൗരവപൂർവ്വം വീക്ഷിച്ചത്. കാണാവുന്ന വസ്തുക്കളെ വലുതാക്കി കാണാനാണ് അന്നുവരെ അതുപയോഗപ്പെടുത്തിയിരുന്നുവെങ്കിൽ,

കാണാനാവത്തതു കാണാനാണ് അദ്ദേഹം അതുപയോഗിച്ചത്. തന്റെ പല്ലിനിടയിൽ നിന്ന് കുത്തിയെടുത്തതിൽ ഉള്ള സൂക്ഷ്മ ജീവികളേയും, രക്തത്തിലുള്ള ശ്വേതാണുക്കളേയും ശുക്ലത്തിലെ ബീജങ്ങളേയും അദ്ദേഹം കണ്ടു.

റോയൽ സൊസൈറ്റിയിൽ തന്റെ പഠനങ്ങളെക്കുറിച്ചു നൽകിയ റിപ്പോർട്ടുകൾ അതിലെ ശാസ്ത്രജ്ഞൻമാർ ആദ്യം വിശ്വസിച്ചില്ല. ല്യൂവൻ ഹോക്കിന് സ്കൂൾ വിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ഓർക്കുക. അതുകൊണ്ട് ഇത് അദ്ദേഹത്തിന്റെ ഭാവനയിലുള്ള കാര്യങ്ങളാണെന്നു പറഞ്ഞ് തള്ളിക്കളഞ്ഞു. എന്നാൽ പിന്നീട് അതെല്ലാം സത്യമാണെന്ന് റോയൽ സൊസൈറ്റി പരീക്ഷിച്ചറിഞ്ഞു. 1677 ൽ ല്യൂവൻഹോക്കിന്റെ പഠനങ്ങൾ റോയൽ സൊസൈറ്റി ഔദ്യോഗികമായി പ്രസിദ്ധീകരിച്ചു. ആരു പറഞ്ഞു എന്നല്ല, എന്തു പറഞ്ഞു എന്നതാണ് ശാസ്ത്രത്തിന്റെ രീതി എന്നു കൂടി ഓർമിക്കുക.

സൂക്ഷ്മജിവികളെ മൈക്രോബ്സ് എന്നാണ് വിളിക്കുന്നത്. അതിന്റെ ശാസ്ത്രശാഖയാണ് മൈക്രോബയോളജി. ബാക്ടീരിയോളജി, വൈറോളജി, മൈക്കോളജി തുടങ്ങിയ പല ഉപശാഖകളും ഇതിനിന്നുണ്ട്. ല്യൂവൻഹോക്കിനു ശേഷം ലൂയിപാസ്ചർ, റോബർട്ട് കോക്ക്, ജോസഫ് ലിസ്റ്റർ, എഡ്വേഡ് ജന്നർ എന്നു തുടങ്ങുന്ന ഒരു നിര പ്രഗത്ഭൻമാർ ഇതിന് പുതിയ സംഭാവനകൾ നൽകിയിട്ടുണ്ട്. അനവധി രോഗാണുക്കളെ കണ്ടെത്തുകയും അനവധി രോഗങ്ങൾക്ക് പ്രതിവിധികളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധികളെ നിയന്ത്രിക്കുവാനായി ഈ ശാസ്ത്രശാഖ വഹിച്ച പങ്ക് നിസ്സീമമാണ്.

ദൈവം കോപിക്കുന്നതുകൊണ്ടോ, ചെകുത്താൻ ഉപദ്രവിക്കുന്നതുകൊണ്ടോ ഗ്രഹങ്ങളുടെ സ്ഥാനപ്പിഴ കൊണ്ടോ ആണ് രോഗം വരുന്നത് എന്ന ധാരണ കുറെയെല്ലാം മാറാൻ ഈ കണ്ടു പിടുത്തങ്ങൾ സഹായിച്ചിട്ടുണ്ട്. എങ്കിലും തലച്ചോറിൽ രൂഢമൂലമായ വിശ്വാസങ്ങളെ പിഴുതെറിയുക ദുഷ്കരമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിൽ യൂറോപ്പിനെ കിടുകിടാ വിറപ്പിച്ച നെപ്പോളിയൻ ബോണപ്പാർട്ട് ഒരു വലിയ യുദ്ധവീരനായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. എന്നാൽ 1812 ൽ റഷ്യ കീഴടക്കുവാൻ പുറപ്പെട്ട അദ്ദേഹം യുദ്ധത്തിൽ പരാജയപ്പെടുകയാണുണ്ടായത്. ഭടൻമാരെ ശത്രുക്കൾ വധിക്കുകയല്ല മറിച്ച് അവർ മരിച്ചു വീഴുകയായിരുന്നു. അതിശക്തമായ തണുപ്പു സഹിക്കാതെയാണവർ മരിച്ചു വീണതെന്നായിരുന്നു ചരിത്രകാരൻമാർ അന്നു രേഖപ്പെടുത്തിയത്. എന്നാൽ ആരാണ് നെപ്പോളിയനെ തോല്പ്പിച്ചതെന്ന് അടുത്ത കാലത്താണ് ചരിത്രം (ശാസ്ത്രം) മനസ്സിലാക്കിയത്.

2001ൽ ലിത്വാനിയയിൽ റോഡരികിൽ കേബിളിടുന്നതിന് ട്രെഞ്ച് കുഴിക്കുമ്പോൾ മണ്ണിനടിയിൽ നിന്ന് ആയിരക്കണക്കിന് ശവശരീരാവശിഷ്ടങ്ങൾ കണ്ടെ ടുത്തു. ശവശരീരങ്ങളിലെ വസ്ത്രങ്ങളും വേഷഭൂഷാദികളും അത് നെപ്പോളിയന്റെ സൈനികരാണെന്നും അവരെ കൂട്ടം കൂട്ടമായി മറവു ചെയ്തതാണെന്നും മനസ്സിലാക്കി. ഫോറൻസിക് പരിശോധനയിൽ നിന്നു വെളിവായത് അവർ ടൈഫസ് രോഗം വന്നാണ് മരിച്ചതെന്നാണ്. രോഗ കാരണമായ വൈറസ്സിന്റെ പേര് റിക്കെറ്റസിയ പ്രൊവാസാക്കി.

മഞ്ഞുകാലത്തെ കൊടും തണുപ്പിൽ കുളിയും നനയുമില്ലാതെ ബാരക്കുകളിൽ കഴിഞ്ഞ പട്ടാളക്കാർ കൂട്ടം കൂട്ടമായി മരിക്കുകയായിരുന്നു. രോഗം പരത്തിയത് പേനുകളായിരുന്നു. പക്ഷെ രോഗ കാരണം അവർക്കറിയില്ലായിരുന്നു. അതികഠിനമായ പനിയും ശരീരത്തിൽ ചുവന്ന തിണർപ്പുകളുമായിരുന്നു രോഗലക്ഷണം. രോഗം വലിയ തോതിലായതോടെ നെപ്പോളിയൻ അവശേഷിച്ച സൈന്യവുമായി മടങ്ങി. വഴിയോരങ്ങളിൽ അവരിൽ മുക്കാലും മരിച്ചു വീണു. നെപ്പോളിയനെ തോല്പിച്ചതാർ? റിക്കറ്റസിയ പ്രോവസാക്കി●

**ആന പിടിച്ചലിളകാത്തൊരു തടി**
**ശ്വാവിനുകൊണ്ടുഗമിക്കായ് വരുമോ?**

കുഞ്ചൻ നമ്പ്യാർ

## സ്ത്രീസമാജത്തിലെ 2016 ഒക്ടോബർ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 18.10.2016 (ചൊവ്വ) | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |
| 25.10.2016 (ചൊവ്വ)<br>26.10.2016 (ബുധൻ) | കലാകായിക മത്സരങ്ങൾ | 10. 30 a.m. |



കരയോഗ സൗഹൃദം 1192 കന്നി

# തീപിടുത്തം

ഖര ദ്രാവക വാതക രൂപത്തിലുള്ള ഇന്ധനങ്ങൾ കത്തുന്നതു മൂലമാണ് പ്രധാനമായും തീപിടുത്തങ്ങൾ ഉണ്ടാകുന്നത്. ജനങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലങ്ങളിൽ ഇവ സംഭവിക്കുമ്പോൾ തീ പെട്ടെന്ന് പടർന്നു പിടിക്കുകയും ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അശ്രദ്ധമായി ഭക്ഷണം പാകം ചെയ്യുമ്പോൾ ഉണ്ടാകുന്ന തീപിടുത്തവും സർവ്വസാധാരണമാണ്. പെട്ടെന്നു തീ പിടിക്കുന്ന സാധനങ്ങൾ, കത്തിച്ച സിഗരറ്റ് എന്നിവ ചപ്പു ചവറുകളിൽ വലിച്ചെറിയുന്നതു മൂലം ഉണ്ടാകുന്ന തീപിടുത്തങ്ങളും ചെറുതല്ല. തീപിടിക്കാൻ സാധ്യതയുള്ള സാധനങ്ങൾ സൂക്ഷ്മതയോടെയും നിയന്ത്രിതമായും ഉപയോഗിക്കുന്നതിലൂടെ തീപിടുത്തം മൂലമുള്ള അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.

കാട്ടിലെ മരങ്ങൾക്കോ, ഉണങ്ങിയ പുല്ലുകൾക്കോ ഉണ്ടാകുന്ന തീപിടുത്തത്തെയാണ് കാട്ടുതീ എന്നു പറയുന്നത്. ഇതിൽ കൂടുതലും മനുഷ്യപ്രേരിതമായാണ് ഉണ്ടാകുന്നത്. ചില സമയങ്ങളിൽ ശക്തമായ ഇടിമിന്നലിന്റെ ഫലമായും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നു.

## വൈദ്യുത പ്രവാഹമൂലം ഉണ്ടാകുന്ന തീപിടുത്തം

പ്രകൃതിക്ഷോഭങ്ങളായ ഭൂമികുലുക്കം, കൊടുങ്കാറ്റ് എന്നിവ ഉണ്ടാകുമ്പോൾ വൈദ്യുത വിതരണശൃഖംലയ്ക്ക് തകരാറുകൾ സംഭവിക്കുകയും തീപിടുത്തം ഉണ്ടാകുകയും ചെയ്യുന്നു. വൈദ്യുതോപകരണങ്ങൾക്കുണ്ടാകുന്ന നിർമ്മാണ വൈകല്യങ്ങളും, മനുഷ്യന്റെ അശ്രദ്ധയും ഇത്തരം തീപിടുത്തങ്ങൾക്കു കാരണമാകാറുണ്ട്.

## തീ പടർന്നു പിടിച്ചാൽ എന്തു ചെയ്യണം

പരിഭ്രാന്തരാകാതെ വീട്ടിൽ നിന്നും പുറത്തിറങ്ങുക വീട്ടിലുള്ള മറ്റംഗങ്ങൾക്ക് മുന്നറിയിപ്പ് നൽകുക

മുകളിലത്തെ നിലയിലാണെങ്കിൽ പടികൾ വഴി മാത്രം താഴെയിറങ്ങുക. ലിഫ്റ്റ് ഉപയോഗിക്കരുത്.

വസ്ത്രത്തിനു തീപിടിച്ചാൽ ഒരിക്കലും ഓടാൻ പാടില്ല. നിൽക്കുന്ന സ്ഥലത്ത് വീണു കിടന്ന് ഉരുളുക.

പുക അകത്തേക്ക് കടക്കാതിരിക്കാൻ ഒരു നനഞ്ഞ ടവ്വൽ വാതിലിന്റെ താഴെ ഭാഗത്ത് ഇടുക.

അടുത്തുള്ള ഫയർ സ്റ്റേഷനിൽ വിവരം അറിയിക്കുക.

## സുരക്ഷാമാർഗ്ഗങ്ങൾ /മുൻകരുതലുകൾ

അടുത്തുള്ള ഫയർ സ്റ്റേഷന്റെ നമ്പർ എല്ലാ കുടുംബാംഗങ്ങളും അറിഞ്ഞിരിക്കുക.

തീപ്പെട്ടി, ലൈറ്റർ എന്നിവ കുട്ടികൾക്ക് കൈയ്യെത്തുന്ന സ്ഥലത്തു നിന്നും മാറ്റി വയ്ക്കുക.

തീ കിടപ്പുമുറിയിലേക്ക് പടരുന്നത് തടയാൻ മുറി അടച്ചിട്ട ശേഷം മാത്രം ഉറങ്ങുക.

## കെട്ടിടത്തിലെ അപായസൂചനകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ

പുറത്ത് പുക കാണുന്നില്ലെങ്കിൽ പുറത്തേക്ക് ഇറങ്ങുക. മുകളിലത്തെ നിലയിലാണെങ്കിൽ പടികൾ വഴി മാത്രം താഴേക്കിറങ്ങുക.

കെട്ടിടത്തിനകത്ത് പുക നിറഞ്ഞാൽ അവയ്ക്ക് താഴെയായി തറയിൽ കുനിഞ്ഞു നിൽക്കുക.

അപകട വിവരം അടുത്തുള്ള പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ അറിയിക്കുക.

വീടിനു ബാൽക്കെണി ഉണ്ടെങ്കിൽ, അവിടെ തീ പിടിച്ചിട്ടില്ലെങ്കിൽ അവിടേയ്ക്ക് പോകുക.

നിലത്ത് തീ പടർന്നിട്ടില്ലെങ്കിൽ ജനാലയ്ക്കടുത്തു പോയി അത് തുറന്നിട്ട് അതിന്റെ അരികിൽ നിൽക്കുക.

നിലത്ത് തീ പടർന്നിട്ടുണ്ടെങ്കിൽ ജനലിലൂടെ പുറത്തു കടക്കാൻ ശ്രമിക്കരുത്. ജനാല തുറക്കാതെ അതിന്റെ അരികിൽ നിൽക്കുക.

ജനലിനടുത്തായി ബഡ്ഷീറ്റ്, ടവ്വൽ എന്നിവ തൂക്കിയിടുക. മറ്റുള്ളവർക്ക് നിങ്ങളെ കണ്ടെത്തുന്നതിനും സഹായം എത്തിക്കുന്നതിനും ഇതുകൊണ്ട് കഴിഞ്ഞേക്കാം.

രക്ഷാപ്രവർത്തകർ വരുന്നതുവരെ ശാന്തമായിരിക്കുക.

## അടുക്കളയിലെ തീപിടുത്തം

വീടുകളിൽ ഉണ്ടാകുന്ന തീപിടുത്തത്തിന്റെ ഒരു പ്രധാന സ്രോതസ്സ് അടുക്കളയിലെ അടുപ്പു തന്നെയാണ്. കുടുംബാംഗങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ചെറിയ അശ്രദ്ധപോലും മുഴുവൻ വീടിനെത്തന്നെയും നശിപ്പിക്കാൻ കഴിവുള്ള തീപിടുത്തത്തിലേക്കേ നയിക്കൂ. പെട്ടെന്നു കത്തുന്ന വസ്തുക്കളോ ഇന്ധനങ്ങളോ സമിപത്തുണ്ടെങ്കിൽ അപകടം വളരെ വലുതായിത്തീരും. അടുക്കളയിൽ നാം ഉപയോഗിക്കുന്ന അടുപ്പിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. ശരിയായ മുൻകരുതൽ എടുക്കുന്നത് വൻ അഗ്നിബാധ ഉണ്ടാകുന്നത് തടയാൻ സഹായിക്കു.ന്നു.

## അടുക്കളയിലെ മുൻ കരുതലുകൾ

പാചകം കഴിഞ്ഞാലുടൻ ഗ്യാസ് ഓഫ് ചെയ്തെന്ന് ഉറപ്പാക്കുക.

പാചകം കഴിഞ്ഞ് വിറകടുപ്പിലെ തീ കെടുത്തി എന്ന് ഉറപ്പു വരുത്തുക.

പാചകം ചെയ്യുമ്പോൾ സിന്തറ്റിക് വസ്ത്രങ്ങൾ അയഞ്ഞ വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കരുത്. മുടി പുറകിലാക്കി കെട്ടി വയ്ക്കുക.

ഒരു കണക്ഷനിൽ തന്നെ ഒന്നിൽ കൂടുതൽ ഇലക്ട്രിക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്. ഇത് വയർ ചൂടായി തീപിടുത്തം ഉണ്ടാകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.

അടുക്കളയിൽ കുട്ടികളെ ഒറ്റയ്ക്ക് നിർത്താൻ പാടില്ല.

പാചകം നടക്കുമ്പോൾ മുതിർന്നവർ എപ്പോഴും അടുക്കളയിൽ ഉണ്ടാകണം.

കത്തുന്ന അടുപ്പിൽ വച്ചിരിക്കുന്ന പാത്രങ്ങളുടെ കൈപ്പിടികൾ കുട്ടികൾക്ക് സ്പർശിക്കാൻ സാധിക്കാത്ത വിധത്തിൽ  വയ്ക്കുക.

## അടുക്കളയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

സ്റ്റൗവിന്റെ ബർണ്ണറിന്റെ അടുത്തായി പാത്രം സൂക്ഷിക്കുന്ന സ്റ്റാന്റ്, ടവ്വൽ എന്നിവ വയ്ക്കരുത്.

സ്റ്റൗവിന് മുകളിലായി കാബിനെറ്റിൽ/ ഷെൽഫിൽ സാധനങ്ങൾ വയ്ക്കരുത്. ചിലപ്പോൾ കുട്ടികൾ അവയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ തീ പടർന്നു പിടിച്ചേക്കാം.

അടുപ്പിന് മുകളിലൂടെ ആഞ്ഞ് ഒന്നും എടുക്കാൻ ശ്രമിക്കരുത്. മണ്ണെണ്ണയും പെട്ടെന്ന് കത്തിപിടിക്കുന്ന മറ്റു വസ്തുക്കളും അടുപ്പിനടുത്ത് വയ്ക്കരുത്.

കുക്കിങ് ഓവന്റെ വാതിലിനടുത്ത് കുട്ടികൾ പോകാൻ അനുവദിക്കരുത്.

അടുപ്പനടുത്തുപോയി ചുടുകായാൻ ശ്രമിക്കരുത്.

*കടപ്പാട് ഃ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ* •


## 2016 സെപ്റ്റംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ




**സി. ആർ.പരമേശ്വരൻ പിള്ള**
L/4533
ഹരി ഓം, 39/807, ഇയ്യാട്ടുമുക്ക്
ഇയ്യാട്ട് ലെയ്ൻ, കൊച്ചി 682011



**അരവിന്ദാക്ഷമേനോൻ. കെ**
L/1869
കണിശ്ശേരിൽ ഹൗസ്
വടുതല, കൊച്ചി 682023



**ഇ.എ. കൃഷ്ണൻകുട്ടി**
L/3447
ബി. 69, നോർത്ത് ഗിരിനഗർ
കൊച്ചി 682020



**ഗോപിനാഥ മേനോൻ കോവിലകത്ത്**
L/1187, കോവിലകത്ത്
രവിപുരം സന്നിധി, കൊച്ചി 682016





# മാനസിക പരിവർത്തനം ഭാരതീയ ചിന്തയിലൂടെ



### (അസ്വസ്ഥമായ മനസിന് ഒരു മാന്ത്രിക ചെപ്പ്)

ഡോ. രാജേശ്വരി കുഞ്ഞമ്മ

സാമൂഹ്യ ജീവിയായ മനുഷ്യൻ ജീവിതം ആരംഭിക്കുമ്പോൾ തന്നെ അവന്റെ ചുറ്റുമുള്ള പ്രശ്നങ്ങളും ഉത്തരവാദിത്തങ്ങളും, നന്മയും തിന്മയുമൊക്കെയായി ജീവിക്കുവാൻ തുടങ്ങുന്നു. സാങ്കേതിക ഉപകരണങ്ങളുടെ സഹായം തേടിക്കൊണ്ട് നവമാധ്യമങ്ങളുടെ സഹായത്താൽ കൈവിരൽ മാത്രം ചലിപ്പിച്ചാൽ ഒതുങ്ങുന്ന ലോകത്തിന്റെ അധിപനായി വളരാനും തുടങ്ങുന്നു. പുറമേയുള്ളതിനെയെല്ലാം സ്വാംശീകരിക്കുവാനും അറിയാം. ജീവിതം ഒരു സ്പോഞ്ചുപോലെയാണ്. വെള്ളത്തിൽ മുങ്ങിയ സ്പോഞ്ച് വെള്ളം വലിച്ചെടുക്കും. അതു ഞെക്കിപിഴിഞ്ഞാൽ വെള്ളം പോകും. പിന്നെ ഒന്നും തന്നെയില്ല. ഇവിടെയാണ് പരസ്യത്തിൽ പറയുന്നതുപോലെ വലിയ വിലകൊടുക്കേണ്ടി വരുന്നത്. മനുഷ്യൻ തന്നിലേക്കു ചുരുങ്ങുന്നു. ഒരു ചെറിയ സ്പർശനമേറ്റാൽ ഒച്ചിനേപ്പോലെ കൂടിനുള്ളിലേക്കു വലിയും. വെറും ഒരു വ്യക്തിയായിട്ടവൻ കഴിയുന്നു. ഫലമോ, സമൂഹത്തിൽ നിന്ന് ഒറ്റപ്പെട്ട്, അടിമയായി, മനോവ്യാധികൾക്കടിമപ്പെട്ട് ഒരുതരം ഉൾവലിയൽ പ്രക്രിയയിലൂടെ മനസ്സുമടുത്ത് അവസാനം ആത്മഹത്യാ ഭീഷണി മുഴക്കി തനിക്കും മറ്റുള്ളവർക്കും പ്രശ്നമായി ഭവിക്കുകയും ചെയ്യുന്നു. അതേസമയം ഈ വ്യക്തി സങ്കുചിതമായ ചുറ്റുപാടിൽ നിന്നും വികസിതമായ വ്യക്തിത്വത്തിലേക്കു നീങ്ങുമ്പോൾ അവൻ മനുഷ്യനായി രൂപാന്തരം പ്രാപിക്കുന്നു. വ്യക്തിയും മനുഷ്യനും തമ്മിലുള്ള വ്യത്യാസം പ്രധാനമായും കാഴ്ചപ്പാടിന്റേതാണ്. അച്ഛന്റെയും അമ്മയുടെയും രൂപസാദൃശ്യവും ചുറ്റുപാടുകളിൽ നിന്നും ലഭിച്ച സ്വഭാവ വൈശിഷ്ട്യങ്ങളും കൈവശമുള്ള വ്യക്തി മനുഷ്യനിലേക്കു മാറണമെങ്കിൽ കുറേ ദൂരം സഞ്ചരിക്കണം. സാമൂഹ്യനീതിക്കും സാമൂഹ്യനിയമങ്ങൾക്കും വില കൊടുത്തുകൊണ്ട് ബന്ധങ്ങൾക്ക് ഊഷ്മളത പകർന്ന് വിജ്ഞാനാദി കലകളിൽ പ്രാവീണ്യം നേടി ഒരുവൻ പ്രയാണം തുടങ്ങുമ്പോൾ അവൻ മനുഷ്യനായി മാറുന്നു. ഇങ്ങനെയൊന്നുമല്ലാതെ ശാരീരിക വളർച്ച മാത്രം ലക്ഷ്യമാക്കി വളരുന്ന വ്യക്തി സ്വാർത്ഥനും സാമൂഹ്യദ്രോഹിയും ചാഞ്ചാടുന്ന മനസ്സുള്ളവനും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ പ്രയാസമുള്ള മാനസിക വിഭ്രാന്തിക്കടിമപ്പെട്ടവനുമായി തീരും.

എല്ലാ മതങ്ങളും ഉദ്ഘോഷിക്കുന്നത് മനുഷ്യനന്മയാണ്. മനുഷ്യന്റെ ഉള്ളിലുള്ള സത്തയെ മനസിലാക്കാനുള്ള വാഞ്ഛ ഒരുവനെ ഉന്നതിയിലേക്കുയർത്തും. അങ്ങനെ വരുമ്പോൾ പ്രപഞ്ചത്തെത്തന്നെ കീഴടക്കാൻ കഴിയും. സാങ്കേതികമായ കുറെ കണ്ടുപിടുത്തങ്ങളും, അകം പൊള്ളയായ പുരോഗമനവാദമെന്നു പറയപ്പെടുന്ന പ്രസ്താവനകളും കൊണ്ടു മാത്രം ഒരു രാജ്യവും പുരോഗമിക്കുകയില്ല. അതു വെറും സോപ്പു കുമിളകളായിരിക്കും. അവനവന്റെ വികാരവിക്ഷോഭങ്ങളെ കീഴ്പ്പെടുത്തി, പ്രക്ഷുബ്ധമായ മനസിനെ കീഴ്പ്പെടുത്താനുതകുന്ന മാർഗങ്ങൾ തിരയുകയെന്നതാണ് മനുഷ്യധർമ്മം. ഇവിടെയാണ് നാം ഭാരതീയ തത്വചിന്തകളിലേക്ക് തിരിയേണ്ടത്. എല്ലാ മതങ്ങളും, ഖുറാനിലായാലും ബൈബിളിലായാലും ഹിന്ദു ഇതിഹാസ പുരാണ കഥകളിലായാലും തത്വചിന്താപരമായ ഉപനിഷാദി ഗ്രന്ഥങ്ങളിലായാലും; ശ്രീരാമകൃഷ്ണ പരമഹംസർ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ ഋഷിവര്യന്മാരുടെ വാക്കുകളിലൂടെയായാലും പ്രായോഗികമായ മനുഷ്യധർമ്മമാണ് പ്രതിപാദിക്കുന്നത്.

എപ്പോഴും നാം നമ്മുടെ ശരീരത്തെയാണ് നമ്മളുമായി ബന്ധപ്പെടുത്തി നോക്കി കാണുന്നത്. അതായത് ഞാൻ ജനിച്ചു, ജീവിക്കുന്നു, മരിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനത്തെ നോക്കികാണുന്നു. ഇതുപോലെതന്നെ, നമ്മുടെ മനസ്സിന്റെ വ്യാപാരങ്ങളെ മനസ്സിലാക്കുവാനും ശരീരത്തിന്റെ പ്രവർത്തനങ്ങളെ അനുഭവിക്കുവാനും കഴിയുന്നു. ഇവയെല്ലാം കൂട്ടിയോജിപ്പിക്കുന്ന എന്തെങ്കിലും ശക്തിവിശേഷം ഉണ്ടോ. യഥാർത്ഥത്തിൽ ഇവ അനുഭവവേദ്യങ്ങളാകുന്നതെങ്ങനെ. ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടി നാം അലയുകയാണ്. എന്തായാലും നമുക്കു മാറ്റങ്ങൾ സംഭവിക്കുന്നു. ബാല്യം വിട്ടു, കൗമാരം, യൗവനം, വാർദ്ധക്യം ഇങ്ങനെ ശരീരത്തിനു മാറ്റങ്ങൾ സംഭവിക്കുന്നു. വസ്തുക്കൾ മാറുന്നു. ഒരു വസ്തു തന്നെ ഒരു സമയം സുഖവും മറ്റൊരു സമയം ദുഃഖവും തരുന്നു. ഈ മാറ്റങ്ങൾ മനസ്സിന്റെ കാഴ്ചപ്പാടിന്റെ വ്യത്യാസം

മാത്രമാണോ. ഇന്ദ്രിയവിഷയങ്ങൾ, സുഖദുഃഖങ്ങൾ ഇവയൊക്കെ തന്നെ ഒരുപോലെ കരുതുന്നവർക്ക് ആത്മസാക്ഷാത്ക്കാരം ലഭിക്കുമെന്നും പറയപ്പെടുന്നു.

ഒരു കാര്യം ശരിയാണ്. മനുഷ്യൻ തന്റെ ശരീരത്തിലുണ്ടാക്കുന്ന ഓരോ മാറ്റത്തേയും വ്യതിയാനങ്ങളേയും കുറിച്ചു ബോധവാനാണ്. അറിയുന്ന ആളും അറിയേണ്ട വസ്തുവും രണ്ടാണെങ്കിൽ മാത്രമേ ആ വസ്തുവിനെക്കുറിച്ച് ഒരു ധാരണയുണ്ടാകുകയുള്ളൂ. വസ്തുവിൽ നിന്നും വ്യത്യസ്തത മാത്രമല്ല, വസ്തുവിനേക്കാൾ അതീതവുമായിരിക്കണം. ഉദാഹരണമായി സൂര്യൻ കിഴക്ക് ഉദിക്കുന്നു., പടിഞ്ഞാറ് അസ്തമിക്കുന്നു. ചൂടു തരുന്നു. ചൂട് ഇത്ര ഡിഗ്രിയിൽ. ഇങ്ങനെ നാം നോക്കികാണുന്നു. സൂര്യൻ സൗരയൂഥത്തിന്റെ ഭാഗമാണ്, അവിടെ നിശ്ചലവുമാണ്. ഗ്രഹങ്ങൾ സഞ്ചരിക്കുന്നു. പക്ഷെ നമുക്ക് മേൽപറഞ്ഞവയെല്ലാം അനുഭവപ്പെടുന്നു. ഞാൻ മകളാണ്, ഭാര്യയാണ്, അമ്മയാണ്, പ്രഥസറാണ്, ഇതൊക്കെ എന്റെ ഭാവമാറ്റങ്ങളാണ്. ഇതിനൊക്കെ അടിസ്ഥാനപരമായ പരമസത്യം ഒന്നു മാത്രമാണ്. നമ്മുടെ ശരീരത്തിന് സാഹചര്യമനുസരിച്ച് ഉണ്ടാകുന്ന മാററങ്ങൾ പഞ്ചേന്ദ്രിയങ്ങൾക്കനുസരിച്ച് മാററമുള്ളതായി അനുഭവപ്പെടുന്നു. ധാർമ്മികമായ ഉയർന്ന ചിന്തയിലൂടെ മാത്രമേ ഒരാൾക്ക് ഉയർന്ന തലത്തിലേക്ക് എത്താൻ കഴിയുകയുള്ളൂ. വെറും ശാരീരിക ചിന്തയിലൂടെ മുന്നോട്ടുപോയാൽ അയാൾക്ക് നിത്യദുഃഖമായിരിക്കും ഫലം. മണ്ഡൂകോപനിഷത്തിൽ പറയുന്ന ഒരു കഥയുണ്ട്. ജീവാത്മാവും പരമാത്മാവും ശരീരമാണ്. ഇത് ഒരു വൃക്ഷമായി കണക്കാക്കുക. ഇവിടെ രണ്ടു പക്ഷികൾ ഇരിക്കുകയാണ്. ഒരു പക്ഷി വന്ന് അതിന്റെ ഫലം ഭക്ഷിക്കുന്നു. വിശപ്പടക്കുന്നു. മറേറ പക്ഷി തന്റെ ദുർവിധി ഓർത്ത് വിലപിക്കുന്നു. ദുഖിതയായി കാലം കഴിച്ചുകൂട്ടുന്നു. ആത്മനിയന്ത്രണത്തിലൂടെ കർമ്മം ചെയ്യുക. എങ്ങനെയെന്നാൽ അവനവന്റെ ഉത്തരവാദിത്വത്തിനും ജീവിതോദ്ദേശത്തിനും അനുസരിച്ച്. ശ്രീ ശങ്കരൻ പറയുന്നു, ഏറ്റവും മഹത്തരമായ ആദർശം മുൻനിർത്തി അർപ്പണ മനോഭാവത്തോടുകൂടി കർമ്മം ചെയ്താൽ നമ്മുടെ അന്തഃകരണം ശുദ്ധമാകും.

എന്താണ് മനസ്സ്? മനസ്സും ബുദ്ധിയും ഒരുമിച്ചു പ്രവർത്തിക്കുന്നവരാണ് യഥാർത്ഥ മനുഷ്യർ. ഇവ തമ്മിലുള്ള അകലം വർദ്ധിക്കുന്തോറും പ്രശ്നങ്ങൾ ഉടലെടുക്കും. ഇന്ദ്രിയങ്ങൾ വഴി കാണുകയും കേൾക്കുകയും ചെയ്യുന്ന കാര്യങ്ങൾ മനസ്സിൽ കടന്ന് നേരത്തെ തന്നെ, അതായത് ജനിച്ചപ്പോൾ മുതലുള്ള അനുഭവങ്ങൾ അവിടെ ഒരു കോണിൽ ഒളിഞ്ഞു കിടക്കുന്നതുമായി ചേർന്ന് നമ്മുടെ സാഹചര്യ സമ്മർദ്ദങ്ങളുമായി കെട്ടുപിണഞ്ഞ് ബുദ്ധി ശരിക്കും പ്രവർത്തിക്കാതെ മനുഷ്യൻ ഉഴലുകയാണ്. കണ്ണാടിയിലൂടെ വ്യക്തമായ രൂപം കാണണമെങ്കിൽ കണ്ണാടി വൃത്തിയാക്കണം. അവനവനിൽ അടിഞ്ഞുകൂടിയിരിക്കുന്ന മാലിന്യങ്ങളെ കഴുകി വൃത്തിയാക്കി, യഥാർത്ഥ സത്ത, താൻ ആരാണെന്നും, തന്റെ കഴിവുകൾ എന്താണെന്നും നാം മനസിലാക്കുമ്പോൾ മാത്രമേ മനസിന്റെ ശുദ്ധീകരണം നടക്കുകയുള്ളൂ. ആട്ടിൻ പററത്തിലകപ്പെട്ടുപോയ സിംഹക്കുട്ടിയുടെ കഥ ഇതിനുദാഹരണമാണ്. ആട്ടിൻകൂട്ടത്തിൽ കഴിയുമ്പോൾ അതിന് സിംഹമാണെന്നറിയില്ല. കാരണം സഹവാസം ആടിന്റെ കൂടെ. ഇതു കാണാനിടയായ ഒരു സിംഹം ഈ സിംഹക്കുട്ടിയെ താൻ സിംഹമാണെന്നു പറഞ്ഞു മനസിലാക്കാൻ ശ്രമിച്ചു. പക്ഷെ പരാജയപ്പെട്ടു. ഈ കുട്ടിസിംഹത്തെ കൂട്ടി വലിയ സിംഹം ഒരു നദിക്കരയിൽ പോയി വെള്ളത്തിൽ അതിന്റെ പ്രതിഛായ കാണിച്ചുകൊടുത്തു. അതിനോടൊപ്പം ഒന്നു ഗർജ്ജിക്കുക കൂടി ചെയ്തു. അപ്പോൾ സിംഹക്കുട്ടിക്കകാര്യം മനസിലായി. ഒന്നു ഗർജ്ജിച്ചുകൊണ്ട് അവൻ കാട്ടിലേക്കു പോയി. ഇതുപോലെ മനുഷ്യൻ അവന്റെ സത്തയും വ്യക്തിത്വവും എന്നു മനസ്സിലാക്കുന്നുവോ അപ്പോൾ മാത്രം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടും.

പതഞ്ജലി മഹർഷി പറയുന്നതുപോലെ മനസ്സ് ഒരിക്കലും സ്വയം പ്രകാശിതമല്ല. കാരണം നമുക്ക് മനസ്സിന്റെ പ്രവർത്തനങ്ങളെ മനസിലാക്കാനും നിയന്ത്രിക്കാനും കഴിയും. ഒരു ബൾബ് സ്വയം പ്രകാശിക്കില്ല. പക്ഷെ പ്രകാശത്തെ തരുന്നു. എപ്പോൾ അതിൽ പ്രകാശത്തെ ആഗിരണം ചെയ്യുന്ന വസ്തു ഉണ്ടാകുന്നുവോ അപ്പോൾ പ്രകാശിക്കും. ഇലക്ട്രിസിറ്റിയോ, തിരിയോ എണ്ണയോ ഒക്കെ അതിൽകൂടി കടന്നുപോകുമ്പോൾ പ്രകാശം തരുന്നു. എന്നാൽ പരമശക്തി സ്വയം പ്രകാശിതമാണ്. കറന്റിന് പ്രകാശം ഉണ്ടാക്കാൻ ഒരു പ്രതലം, അത് ബൾബ്. അതുപോലെ മനസിന് ശരീരത്തിന്റെ ആവശ്യമുണ്ട്. സൂര്യപ്രകാശം തട്ടുമ്പോൾ കണ്ണാടി പ്രതലങ്ങൾ കൂടുതൽ പ്രകാശപൂരിതമാകുന്നത് എങ്ങനെയോ അപ്രകാരം മനസ്സിന്റെ വ്യാപാരങ്ങളെ ശരീരത്തിൽകൂടി പ്രകടമാക്കാൻ കഴിയും. മനസ്സിന്റെ പ്രവർത്തനങ്ങൾക്കും സ്വപ്നങ്ങൾക്കും കടിഞ്ഞാണില്ല. ഒരാളുടെ പ്രവർത്തി മുഴുവൻ അയാളുടെ മാനസികാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ ഈ





മനസ് എവിടെ സ്ഥിതി ചെയ്യുന്നുവെന്നുള്ളത് കണ്ടുപിടിക്കാൻ പ്രയാസമാണ്. പലർക്കും പല അഭിപ്രായങ്ങളാണ്. വേദാന്തം പറയുന്നത് മനസ്സ് ശരീരത്തിൽനിന്നും വ്യത്യസ്തമാണ് എന്നാണ്. പാശ്ചാത്യചിന്തകന്മാരിൽ ഒരഭിപ്രായം ഉള്ളത് മനസ്സാണ് അറിയുന്നതും ആഗ്രഹിക്കുന്നതും. ചില മനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ ശാരീരികമായ പ്രവർത്തിയുടെ ഫലമായുണ്ടാകുന്ന ഒരു ബോധാവസ്ഥയാണ് മനസ്സ് എന്നാണ്. എന്തായാലും നമുക്കതിനെ കാണാൻ കഴിയില്ല. പക്ഷെ അനുഭവവേദ്യമാണ്. കറന്റിന്റെ നല്ല വശം വെളിച്ചം അല്ലെങ്കിൽ ശക്തി. ആഘാതമേറ്റവർക്ക് അതു ഭയാനകം. അനുഭവിക്കുമ്പോൾ, അല്ലെങ്കിൽ അനുഭവിച്ചവർ വിവരിക്കുമ്പോൾ സത്യം മനസ്സിലാകും. ന്യായ,വൈശേഷിക, സാംഖ്യ, മീമാംസാ ചിന്താഗതികളെല്ലാം തന്നെ മനസ്സ് ശരീരത്തിനുള്ളിലാണെന്നു പറയുന്നു. പക്ഷെ ഒന്നിരുത്തി ചിന്തിച്ചാൽ മനസ്സും ശരീരവും വ്യത്യസ്തമാണെന്നു കാണാം. ഇവ രണ്ടും ഒന്നാണെങ്കിൽ എങ്ങനെ മനസ്സുകൊണ്ട് ശരീരത്തെ നിയന്ത്രിക്കാൻ സാധിക്കും. വൈകാരികതയും ചിന്തയും മനുഷ്യജീവിതത്തിനാധാരമാണ്. ചിന്ത കാഴ്ചയുള്ള ഒരു മുടന്തനേപ്പോലെയാണെങ്കിൽ, വൈകാരികത കാഴ്ചയില്ലാത്ത നടക്കുവാൻ കഴിവുള്ളയാളേപ്പോലെയാണ്. ഒരാൾ മറെറാരാളിന്റെ ചുമലിലാണെങ്കിൽ കാര്യം ശരിയായി. സ്വാമി വിവേകാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ, തലച്ചോറും ഹൃദയവും മനസ്സും ഒക്കെ ഒരുമിക്കണം. ആധുനികമനശാസ്ത്രജ്ഞൻ കാൾ റോജേഴ്സിന്റെ വ്യക്തിയെ കേന്ദ്രീകരിച്ചുള്ള ചികിത്സയും എല്ലിസ് എന്ന മനശാസ്ത്രജ്ഞന്റെ ചിന്താപരമായ വൈകാരികതയെ ബന്ധിപ്പിച്ച ചികിത്സയും ശരിയാണ്. എല്ലിസിന്റെ ഭാഷയിൽ പറഞ്ഞാൽ, മാനസിക വ്യതിയാനത്തിന്റെ കാരണം ഒരുവന്റെ തുടർച്ചയായുള്ള പരാജയമല്ല, മറിച്ച് അയാൾ അയാളുടെ പരാജയത്തെ എങ്ങനെ നേരിടുന്നു എന്നതിനെ അനുസരിച്ചാണ്. കാൾ റോജേഴ്സ് വ്യക്തിക്കും അയാളുടെ വൈകാരികതയ്ക്കും പ്രാധാന്യം കൊടുക്കുന്നു.

പതഞ്ജലിയുടെ ചിന്തയിൽ, ഭൗതികചിന്തയിൽ നിന്നും മോചനം നേടണമെങ്കിൽ ഇന്ദ്രിയങ്ങളിൽ നിന്നും അകലം പ്രാപിക്കണമെന്നാണ്. സഹപ്രവർത്തകരോടുള്ള കാമക്രോധവികാരങ്ങൾ അസന്തുഷ്ടിക്കു കാരണമാകുന്നു. ശാരദാദേവി ഒരിക്കൽ പറഞ്ഞു, 'നിങ്ങൾക്ക് സമാധാനപരമായ ഒരു മനസ്സ് വേണമോ എങ്കിൽ മററുള്ളവരുടെ കുറ്റം കാണാതിരിക്കുക.' കുരുക്ഷേത്രത്തിൽ വിഷാദത്തിനടിമപ്പെട്ട് തേർത്തട്ടിലിരുന്നു വിലപിക്കുന്ന അർജ്ജുനനോട് ശ്രീകൃഷ്ണൻ പറഞ്ഞു, 'ഹേ! അർജ്ജുനാ ആണും പെണ്ണുമല്ലാത്ത അവസ്ഥയെ നീ പ്രാപിക്കരുത്. ക്ഷുദ്രമായ ഹൃദയദൗർബല്യം കളഞ്ഞ് എഴുനേൽക്കൂ'. സങ്കുചിതമായ സ്വാർത്ഥ ചിന്തകൾക്കടിമപ്പെട്ട അർജ്ജുനൻ ഉന്നതമായ ആദർശചിത്തത്തോടു കൂടി സമൂഹത്തിനുവേണ്ടി പ്രവർത്തിക്കാനൊരുമ്പെട്ടപ്പോൾ ഹൃദയദൗർബല്യം കുറഞ്ഞു.. അങ്ങനെ സമ്പൂർണ്ണ മനുഷ്യനായി മാറി. ശുദ്ധ ചൈതന്യമായ മനുഷ്യന്റെ ശരിയായ രൂപം മനസിലാക്കിയാൽ സർവ്വ ദുഖവും മാറും. ബുദ്ധിയുടെ തലങ്ങളെ ഉയർത്തി ആത്മബോധം ഉദിക്കുമ്പോൾ മൗഢ്യം മാറും. ഇതു തന്നെയാണ് ആധുനിക മനശാസ്ത്രവും പറയുന്നത്. ബുദ്ധിയെ ഉത്തേജിപ്പിക്കുക, ബുദ്ധിയുടെ നിലവാരത്തിൽ നിന്ന് വ്യക്തിയെ വീക്ഷിക്കുമ്പോൾ മാനസ്സിക വൈകല്യം നാം മറക്കും. സാഹചര്യങ്ങളും വസ്തുക്കളും അസ്ഥിരമാണെന്നും സുഖവും ദുഖവും മാറിമാറി വരുമെന്നും വിഷയാനുഭവങ്ങൾ ആദിയും അന്തവുമുള്ളതാണെന്നും അറിയുമ്പോൾ നമ്മുടെ ചിന്ത കർത്തവ്യങ്ങളിലേക്ക് തിരിയും. ശ്രീകൃഷ്ണൻ പറയുന്നു 'നീ ഒരു ക്ഷത്രിയനാണ്. ധർമ്മരക്ഷയാണ് ക്ഷത്രിയ ലക്ഷ്യം. ക്ഷത്രിയന് ധർമ്മയുദ്ധത്തേക്കാൾ ശ്രേയസ്കരമായി മറ്റൊന്നില്ല.' വേദാന്ത തത്വചിന്തയുടെ ഔന്നത്വത്തിൽ നിന്നും താഴേക്കിറങ്ങി സാധാരണ മനുഷ്യന്റെ ചിന്താഗതിയിലേക്ക് തിരിഞ്ഞ കൃഷ്ണൻ പറയുന്നു, സ്വധർമ്മവും കീർത്തിയും കളഞ്ഞ് പാപമായിരിക്കും നീ സമ്പാദിക്കുകയെന്ന്. ഇങ്ങനെ സ്വന്തം കർമ്മങ്ങൾ സ്വന്തം സത്തക്കനുസരിച്ച്, വാസനകൾക്കനുസരിച്ച് ചെയ്യുമ്പോൾ അത് മഹത്തായ ഒരു പ്രവർത്തിയായി മാറുന്നു. കൃഷ്ണൻ പറയുന്നു, 'ഹേ അർജ്ജുനാ, ശോകമോഹങ്ങൾ വെടിയൂ, കൊല്ലും, കൊല്ലപ്പെടും എന്നു പറയുന്നത് യാഥാർത്ഥ്യം അറിയാതെയാണ്.' ജനനവും മരണവും ജീവിതത്തിന്റെ സ്വഭാവമാണ്, അതാർക്കും ഒഴിവാക്കാൻ പറ്റില്ല. ജീവിതമോഹങ്ങളിൽപെട്ടു നശിക്കാതെ മനോധൈര്യം കാത്തു സൂക്ഷിക്കുന്ന മനുഷ്യനാണ് ആത്മനിർവൃതി ഉണ്ടാകുന്നത്. ഇതുപോലെതന്നെ രാമരാവണയുദ്ധം കൊടുമ്പിരി കൊണ്ടിരിക്കുന്ന സമയം അഗസ്ത്യമുനി മറ്റു ദേവന്മാരോടൊപ്പം രാമന്റെ മുൻപിൽ വന്ന് ആദിത്യഹൃദയ മന്ത്രം ഉപദേശിച്ചു.

'ഇത്ഥമാദിത്യഹൃദയം ജപിച്ചു നീ
ശത്രുക്ഷയം വരുത്തീടുക സത്വരം'

രാമൻ ഇതു കേട്ട് മന്ത്രം മൂന്നുപ്രവശ്യം ജപിച്ച് 'ആകുലമെന്യേ തേർ നടത്തീടൂ' എന്ന് മാതുലിയോട്

അരുൾ ചെയ്ത് യുദ്ധം ചെയ്ത് വിജയിക്കുകയും ചെയ്തു.

കഠോപനിഷത്തിൽ പറയുന്നത്, രഥമാകുന്ന മനുഷ്യനിൽ രഥത്തെ നയിക്കുന്നത് ആത്മാവ്. ശരീരം രഥം, അറിവ് തേരാളി. മനസ്സ് കടിഞ്ഞാൺ, പഞ്ചേന്ദ്രിയങ്ങൾ കുതിര, മറ്റു വസ്തുക്കൾ വഴിയും എന്നാണ്. മനസിനെ നിയന്ത്രിക്കുവാൻ കഴിയുന്നവന് ജീവിത ചങ്ങലകളിൽ നിന്നും മോചനം നേടാം. ആർക്കാണ് പരബ്രഹ്മത്തെ അറിയാൻകഴിയുന്നത് അയാൾ ജീവിത കെട്ടുപാടുകളിൽ നിന്നും മുക്തനാകും. മനുഷ്യന് സ്വയം ബോധാവസ്ഥയുണ്ട്. പക്ഷെ ഇതിന് വ്യക്തമായ ശ്രമം ആവശ്യമാണ്. കഠോപനിഷത്തിൽ ആത്മാവിനെ ആത്യന്തികവും സഹജവുമായ സത്യമായി പ്രതിപാദിക്കുന്നു. ആ സത്യത്തെ മനസിലാക്കിയാൽ ശാന്തി കൈവരിക്കാൻ സാധിക്കും. ഭഗവത്ഗീതയിൽ പറയുന്നു,

'യദാ വിനിയതം ചിത്തം
ആത്മന്യേ വാവിനിഷ്ഠതേ'

പൂർണ്ണമായ അച്ചടക്കം നേടിയ മനസ്സ് എല്ലാ ആഗ്രഹങ്ങളിൽ നിന്നും മുക്തമായി ആത്മാവിൽ വിശ്രമിക്കുമ്പോൾ സ്ഥിരത നേടിയ മനസാണെന്നു പറയാം.

രാമായണത്തിൽ കുംഭകർണ്ണന്റെ നീതിവാക്യത്തിൽ പറയുന്നു,

'ഇന്ദ്രിയങ്ങൾക്കു വശനായിരിപ്പവ
നെന്നുമാപത്തൊഴിഞ്ഞില്ലെന്നു നിർണ്ണയം
ഇന്ദ്രിയഗ്രാമം ജയിച്ചിരിക്കുന്നവ
നൊന്നുകൊണ്ടും വരാ നൂനമാപത്തുകൾ'

ഭഗവദ്ഗീതയിൽ കൃഷ്ണൻ പറയുന്നു, നിശ്ചയ ദാർഢ്യം ഉള്ളവരുടെ ബുദ്ധി ഏകലക്ഷ്യത്തിൽ നിൽക്കുന്നു. ഇല്ലാത്തവരുടെ സങ്കൽപ്പങ്ങൾ അവസാനമില്ലാത്തതാകുന്നു.

തലച്ചോറും മനസ്സും തമ്മിൽ ബന്ധമുണ്ടെന്നതിൽ സംശയമില്ല. കുട്ടികളിൽ തലച്ചോറിന്റെ വികാസമനുസരിച്ച് ബുദ്ധി വികാരങ്ങൾ വളരുന്നു. തലച്ചോറിലുണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും ഒരുവന്റെ ചിന്താശകലത്തിനും അതുവഴി സ്വഭാവത്തിനും പെരുമാറ്റത്തിനും മാറ്റങ്ങൾ സംഭവിക്കാൻ കാരണമാകുന്നു. ഇത് യാന്ത്രികമായി ഉണ്ടാകുന്ന ഒന്നാണോ? കരളിൽ പിത്തരസം ഉണ്ടാകുന്നതു പോലെ തലച്ചോറിൽ ഉണ്ടാകുന്ന ഒന്നാണോ ചിന്ത. ഉറങ്ങുന്ന അവസ്ഥയിൽ നാം സ്വപ്നത്തിൽ ചിന്തിക്കുന്നു, പലതും കാണുന്നു. ഇവിടെയൊക്കെ എന്താണ് സംഭവിക്കുന്നത്. മനസ്സിന്റെ പ്രവർത്തനത്തെ തലച്ചോറുമായി ബന്ധിപ്പിക്കുന്നതും തിരിച്ചും എല്ലാം ഒരു പ്രത്യേക ആശയവിനിമയ ഘടന എപ്പോഴും പ്രവർത്തനസജ്ജമാകുന്നതിന്റെ ഫലമാണ്. ശരീരം മുഴുവൻ തന്റെ പ്രവർത്തനങ്ങളെ വ്യാപരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന മനസ്സിന്റെ ഘടനയും തലച്ചോറിന്റെ ആശയവിനിമയ കേന്ദ്രവും മാനവരാശിക്ക് അത്ഭുതമാണ്. ഈ വിഷയപ്രപഞ്ചത്തിൽ സദാ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് ശരീരവും മനസ്സുമാണ്, ആത്മാവല്ല. പക്ഷേ ആത്മാവിനേ കൂടാതെ ശരീരം പ്രവർത്തിക്കില്ല. കർമ്മത്തിന്റെ ഫലം മനോബുദ്ധി തലത്തിൽ മാത്രമാണ്. വിജയം വരുമ്പോൾ ആഹ്ലാദിക്കുകയും പരാജയത്തിൽ ദുഖിക്കുകയും ചെയ്യുന്നത് സാധാരണക്കാരായ നമ്മളാണ്. ദിവ്യമായ അന്തരാത്മാവിന്റെ ഭാവം ബ്രഹ്മജ്ഞാനത്തിൽ കൂടി മാത്രമേ സാധിക്കുകയുള്ളൂ.

(തുടരും) •


## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 സെപ്റ്റംബർ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. രാമചന്ദ്രൻ. പി. (വേണു), മേലങ്ങത്ത്, ആലപ്പാട്ട് റോഡ്, കൊച്ചി 682016 | 10,000 |
| 2. ഡോ. ഹൃദയനാഥൻ സി., സുഹാസ് 29/ 1089, ജനത റോഡ്, വൈറ്റില, കൊച്ചി 682019 | 5,000 |
| 3. ശ്രീ. ജയ്കുമാർ, എസ്. എച്ച്. 1, ഗാലക്സി ലക്സർ, സെന്റ് സെബാസ്റ്റ്യൻ റോഡ് പൊന്നുരുന്നി, വൈറ്റില പി.ഒ, കൊച്ചി 682019 | 5,000 |
| 4. ശ്രീ. അശോക് കുമാർ. എം. വി., അശ്വതി, എൻ. എൻ.49, നേതാജി നഗർ കടവന്ത്ര, കൊച്ചി 682020 | 5,000 |
| 5. ശ്രീ. കണ്ണൻ. എം. ജെ, ഡി. ടി. പി. സി. സ്റ്റോൾ ടി.സി. നമ്പർ 3, ഡി. എച്ച് ഗ്രൗണ്ട് കൊച്ചി 682016 | 5,000 |








# പാതഞ്ജല യോഗദർശനം 1

കൈതപ്രം
വാസുദേവൻ നമ്പൂതിരി

ഈ വാക്കുകൾഉച്ചരിക്കുന്നതുതന്നെ പലരും തെറ്റായാണ്. കൂടുതലും പേർ പതാഞ്ജല എന്നും പതാഞ്ജലി എന്നും ഒക്കെയാണ് പറയുന്നത്. ഇംഗ്ലിഷിലെ എഴുത്ത് നോക്കി വായിച്ചായിരിക്കണം ഈ അസംബന്ധം വന്നിരിക്കുന്നത് കൂട്ടത്തിൽ പറയട്ടെ പാതഞ്ജല യോഗദർശനം, പതഞ്ജലിയുടെ യോഗദർശനം, യോഗസൂത്രം, അഷ്ടാംഗയോഗം ഇവയെല്ലാം ഒന്നു തന്നെ.

രഘുകുലത്തിൽ ജനിച്ച ശ്രീരാമനെ രാഘവൻ എന്നും വസുദേവന്റെ മകനെ വാസുദേവനെന്നും ഭൃഗുവിന്റെ കുലത്തിൽ ജനിച്ചവനെ ഭാർഗവനെന്നും പറയുന്നതുപോലെ പതഞ്ജലിയുടെ യോഗസൂത്രങ്ങളെ പാതഞ്ജലയോഗസൂത്രമെന്നും വിളിക്കുന്നു. പതഞ്ജലി മഹർഷിയാണ് അന്നുവരെ നിലവിലുണ്ടായിരുന്ന യോഗഗ്രന്ഥങ്ങളെ മുഴുവൻ പഠിച്ച് അപഗ്രഥിച്ച് ക്രോഡീകരിച്ച് സൂത്രരൂപത്തിൽ ഈ യോഗഗ്രന്ഥം രചിച്ചത്.

അല്പാക്ഷരം അസന്നിഗ്ധം, സാരവത്...... എന്നാണ് സൂത്രത്തിന്റെ ലക്ഷണം. വളരെ ചുരുങ്ങിയ വാക്കുകളിൽ , അർത്ഥത്തിൽ സംശയം വരാത്ത വിധത്തിൽ വളരെ സാരവത്തായതുമാത്രം ഭാഷാബന്ധമാക്കുന്നതാണ് സൂത്രഗ്രന്ഥങ്ങൾ.

ന്യായം,വൈശേഷികം,പൂർവ്വമീമാംസ,സാംഖ്യം, യോഗം എന്നീ ആറു ദർശനങ്ങളും സൂത്രരൂപത്തിലാണ് എഴുതപ്പെട്ടിട്ടുള്ളത്. ഇത് വൃത്തനിബദ്ധമല്ല എന്നർത്ഥം. ഒരു സൂത്രം ഒരു വാക്കു മാത്രമോ അനേകം വാക്കുകളോ ആകാം. കാണാപ്പാഠം പഠിക്കാൻ എളുപ്പമാണ് ഇത്തരം ഗ്രന്ഥങ്ങൾ. അതുകൊണ്ട് തന്നെ ഗ്രന്ഥാപേക്ഷയില്ലാതെ മനനം ചെയ്യാൻ കഴിയും. ഒരു സൂത്രത്തിന് അടുത്ത സൂത്രവുമായി ബന്ധവും ഉണ്ടാകും.

പതഞ്ജലി മുനിക്ക് ആ പേരുവന്നതിനെപ്പറ്റി ചില കഥകൾ പറയാറുണ്ട്. ഒരു കഥയിങ്ങനെ ഃ

ഭഗവാൻ വിഷ്ണു മനോഹരമായ ശിവതാണ്ഡവം കണ്ടുകൊണ്ട്, ആസ്വദിച്ചുകൊണ്ട് കിടക്കുകയായിരുന്നു. ആദിശേഷൻ അഥവാ അനന്തനാഗമാണ് വിഷ്ണുവിന്റെ മെത്ത. വിഷ്ണു നൃത്തത്തിൽ ലയിച്ചു. ശിവതാണ്ഡവത്തിന്റെ താളം വിഷ്ണുവിന്റെ ശരീരത്തിലും പ്രതിഫലിച്ചു. അതും ചലിക്കാൻ തുടങ്ങി. ഇതിന്റെയെല്ലാം ഭാരം താങ്ങിക്കൊണ്ട് ശേഷനും. ശ്വാസം മുട്ടുന്നിടം വരെ കാര്യങ്ങൾ എത്തി. അവസാനം ശേഷന് ആശ്വാസമേകിക്കൊണ്ട് നൃത്തമവസാനിച്ചു. പ്രഭോ! അങ്ങയുടെ ശരീരത്തെ ശിവതാണ്ഡവം ഇത്രയും സ്വാധീനിക്കാൻ കാരണമെന്താണ് ?

ആ താണ്ഡവത്തിന്റെ ഭംഗി, ശരീരത്തിന്റെ വഴക്കം, താളത്തിലെ ലയം, ചലനങ്ങളുടെ ഒഴുക്ക് ഇവയൊക്കെ നമ്മളെ അതിൽ ലയിപ്പിക്കും. ആ താളം നമ്മിലേക്കു പകരും.

ആദിശേഷനും ഒരു നർത്തകനാകാനുള്ള മോഹം ജനിച്ചു. അത് പ്രാർത്ഥനയായി വിഷ്ണുവിന്റെ മുന്നിൽ വെക്കുകയും ചെയ്തു.

വിഷ്ണു അതിനനുഗ്രഹിച്ചു. മാത്രമല്ല, ശിവഡമരുവിൽനിന്നുൽഭവിച്ച 14 ശിവസൂത്രങ്ങളെ അടിസ്ഥാനപ്പെടുത്തി വ്യാകരണഗ്രന്ഥമുണ്ടാക്കാനും, യോഗഗ്രന്ഥ രചനക്കും, വൈദ്യഗ്രന്ഥ രചനയ്ക്കും അനുഗ്രഹിച്ചു. ശേഷൻ, ഭൂമിയിൽ ജനിക്കുന്നതും പാർത്തിരുന്നു.

ശേഷൻ തന്റെ അമ്മയാരായിരിക്കും എന്ന് മനക്കണ്ണിൽ കണ്ടു. 'ഗോണിക' എന്ന ഒരു വൃദ്ധയായ യോഗിനി ആദിത്യഭഗവാനെ പ്രാർത്ഥിച്ചുകൊണ്ടു നിൽക്കുന്നത് ശേഷൻ ദർശിച്ചു. മഹാനും പണ്ഡിതനുമായ ഒരു പുത്രൻ ജനിക്കുമെന്ന് ഗോണികയ്ക്ക് സ്വപ്നമുണ്ടായിരുന്നു. പക്ഷെ പ്രായമായതിനാൽ ആ പ്രതീക്ഷ കൈവിട്ട മട്ടായിരുന്നു. ഗോണിക കൈനിറയെ ജലമെടുത്ത് പ്രത്യക്ഷദേവനായ സൂര്യന് അർഘ്യം കൊടുക്കുകയായിരുന്നു, കണ്ണടച്ച് ധ്യാനനിരതയായി നില്ക്കുകയായിരുന്നു. പെട്ടെന്ന് നിറകൈയിലൊരു പുഴുവിന്റെ ചലനമനുഭവപ്പെട്ടു. കണ്ണു തുറന്നു നോക്കിയപ്പോൾ അതൊരു പാമ്പിൻ കുഞ്ഞായിരുന്നു ശേഷൻ.

ഗോണിക ആ സർപ്പശിശുവിനെ കരയിൽ വെച്ചു. അത് ഒരു മനുഷ്യരൂപമെടുത്തു. പെട്ടെന്നു തന്നെ വളർന്നു വലുതായി. 'അമ്മേ' എന്നു വിളിച്ചു. 'മകനേ, പതഞ്ജലി' എന്ന് ആ അമ്മയും. അഞ്ജലി (കൈകുമ്പിൾ)യിൽ പതിച്ചതിനാൽ പതഞ്ജലി എന്ന പേർ വന്നു. ഗോണികാപുത്രനുമായി.

അഞ്ജലി എന്നാൽ കൂപ്പുകൈ എന്നും അർത്ഥമുണ്ട്. ഗോണികയുടെ അഞ്ജജലി അവനിൽ പതിച്ചതുകൊണ്ടും പതഞ്ജലി ഇന്ന് ലോകത്തിൽ യോഗയെ സ്നേഹിക്കുന്ന കോടിക്കണക്കിന് ജനങ്ങളുടെ കൂപ്പുകൈ പതഞ്ജലിയിൽ പതിച്ചുകൊണ്ടിരിക്കുന്നു. ഐക്യരാഷ്ട്രസഭ മുതൽ ഓരോ രാജ്യവും ഓരോ പ്രദേശവും ഓരോ വ്യക്തിയും അവരുടെ അഞ്ജലി ഈ യോഗിയുടെ നേരെ ചൊരിയുന്നു. ആ പേര് അന്വർത്ഥമായിരിക്കുന്നു.

യോഗാക്ലാസ്സ് ആരംഭിക്കുമ്പോൾ ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. അത് പതഞ്ജലിക്കുള്ള സ്തുതിയാണ്.

'യോഗേന ചിത്തസ്യ പദേന വാചാം
മലം ശരീരസ്യ ച വൈദ്യകേന
യോ പാകരോത്തം പ്രവരം മുനീനാം
പതഞ്ജലിം പ്രാഞ്ജലിരാഹതോസ്മി'

യോഗശാസ്ത്രത്തിലൂടെ മനസ്സിന്റെയും വ്യാകരണശാസ്ത്രംകൊണ്ട് ഭാഷയുടെയും വൈദ്യംകൊണ്ട് ശരീരത്തിന്റെയും മലം (ദുഷിപ്പുകൾ) നശിപ്പിച്ച മുനിശ്രേഷ്ഠനായ പതഞ്ജലിയെ ഞാൻ കൂപ്പുകൈയ്യോടെ നമസ്കരിക്കുന്നു എന്നു ശ്ലോകാർത്ഥം.

യോഗദർശനം കൂടാതെ വ്യാകരണഭാഷ്യവും ചരകസംഹിതയും അദ്ദേഹം രചിച്ചു. കൂടാതെ നാട്യശാസ്ത്രത്തിലും വിദഗ്ദ്ധനായി. നമ്മുടെയെല്ലാം ആരാധനാ പാത്രമാവാൻ യോഗ്യൻ തന്നെയാണ് പതഞ്ജലി മുനി •

കവിത

# അരികെ



വേണുഗോപാലൻ

കാലം മെല്ലെ കളിത്തേരിലെത്തിച്ച
വാസന്ത വേളയിൽ
നീയെനിക്കേകിയ സൗഹൃദം
ചാലിച്ച ചന്ദനം ചേർത്തു ഞാൻ
മാനസ വാതായനങ്ങളിൽ മെല്ലെ പതിച്ചിതാ.

ആർദ്രമാം ഹൃത്തിലേക്കാനയിച്ചെത്തിയ
സ്നേഹമാം കുഞ്ഞിളം കാറ്റിന്റെ കൈകളിൽ
ആലോലമാടി നീ അത്ഭുത ലോകത്തിന്നമ്പരം
പൂകുന്ന വേളയിൽ
നീട്ടിയ പൊൻമലർച്ചെണ്ടുമായ് ഞാനെന്റെ
കൂട്ടുകാരീ നിനക്കേകുന്നു സ്വാഗതം.

ഈ വഴിത്താരയിൽ നീ വാരിതൂകിയ
മിഴിയിതൾ പൂവിന്റെ തെളിയുന്ന വെൺമയിൽ
പതിയാത്ത നിഴലായ് മെല്ലെ നടന്നു ഞാൻ
ഒരു സ്വപ്ന ഭൂമിയിൽ പൂവിറുക്കാൻ.

പലനിറച്ചായങ്ങൾ തേച്ചു മിനുക്കിയ
പകലിന്റെ കാന്തിയിൽ നീ സ്മരിച്ചീടുക
ഒരു നിശാചന്ദ്രികക്കുള്ളിലൊളിക്കുന്ന
എൻ ഹൃദന്തത്തിന്റെ ബാക്കി പത്രം.

ഒരു നിറമാത്മാവിനെന്നും കൊടുത്തു ഞാൻ
ഒരു മന്ത്രമോതി നിറഞ്ഞു നിൽപ്പൂ
കാഴ്ചകൾമെല്ലെ തെളിയട്ടെ കൺകളിൽ
ഒരു ദീപനാളമായ് ഞാൻ തെളിയും

നേർത്തു പോകുന്ന നിൻമൊഴി മുത്തുകൾ
ചിറകാർന്നു യാത്രക്കൊരുങ്ങിടുമ്പോൾ
ഇല്ല ഞാനില്ല ഒരു മാത്രയെങ്കിലും
നിൻ കളിവാക്കിനു കൂട്ടിരിക്കാൻ.

കൂട്ടുകാരി നിനക്കേകുന്നു ഞാനിന്ന്
കാത്തുവച്ചതാം പൊൻമയിൽ പീലികൾ
ചേർത്തു വയ്ക്കുക ജീവനിലെപ്പോഴും
ഓർത്തു പോകുവാനെൻ മൊഴി പൂക്കളെ
നീ നിൽക്കുന്നു എൻമിഴി കുമ്പിളിൽ
സ്നേഹവായ്പ്പിനാൽ കണ്ണുനീർ തുള്ളികൾ •





തുടർച്ച

# ഔത്യം



മൃണാളിനി

ഇതൊക്കെ അവനോട് പറഞ്ഞെങ്കിലും അയാളുടെ മനസ്സ് ചഞ്ചലിതമായിരുന്നു. ഒരു താൽപര്യം അയാളുടെ മനസാക്ഷിയെ വക വയ്ക്കാതെ ഉൽപന്നമാവുകയായിരുന്നു. രണ്ടു പേരും മൂകരായിരുന്നു. ദാസപ്പന്റെ മനസ്സിൽ ഇരുട്ട്. രാമനുണ്ണിയുടെ മനസ്സിലാകട്ടെ കുളിർ കോരിയിടുന്ന ഒരു മധുര സ്വപ്നത്തിന്റെ ലാഞ്ചന. കുറെ നേരം ഒന്നിച്ചിരുന്ന ശേഷം അവർ രണ്ടായി പിരിഞ്ഞു പോയി.

ഇപ്പോൾ രാമനുണ്ണി താനറിയാതെ അവൾ വരുന്ന വഴിയിൽ കൂടെ നടന്നു. അവൾ കൂട്ടുകാരാരുമില്ലാതെ നടന്നു വന്നു. രാമനുണ്ണിയെ കണ്ടപ്പോൾ ദൂരെ നിന്നു തന്നെ ഒരു പുഞ്ചിരി മുഖത്തു ചാർത്തി. രാമനുണ്ണി കാണാത്ത മട്ടിൽ നടന്നു. അടുത്തെത്തിയപ്പോൾ അവൾ ചോദിച്ചു. ഇന്ന് കവിതയും സാഹിത്യവും ഒന്നുമില്ലേ. അയാൾ മുടിയിൽ കൈയോടിച്ച് വ്രീളാവിവശനായി നിന്നു. അവൾ വീണ്ടും മൊഴിഞ്ഞു. എനിക്ക് രാമനുണ്ണ്യേട്ടന്റെ കവിതകൾ ഇഷ്ടപ്പെടും. അയാൾക്ക് ഒന്നും പറയാനില്ലായിരുന്നു. പോട്ടെ എന്ന് ചോദിച്ച് അയാൾ മുന്നോട്ട് പോയി. അയാൾക്ക് പലവിധ വികാരങ്ങളുടെ വേലിയേറ്റം നടന്നു. ദാസപ്പന്റെ മുഖം ഓർമ്മ വരും അത് മങ്ങി തങ്കമണിയുടെ രൂപം മനസ്സിൽ നിർലജ്ജമായി അങ്കുരിക്കും.

പ്രശ്നം കുഴഞ്ഞ മട്ടായി. രാമനുണ്ണിക്ക് കയ്ച്ചിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ. അയാൾ ദാസപ്പന്റെ അടുത്ത് കൃത്യമായി പോകും. കുറ്റബോധത്തിന്റെ അന്തസംഘർഷം മൂലം അവനോട് സംസാരിക്കാതെ പ്രകൃതിയുടെ ദൃശ്യഭംഗി നോക്കിയിരിക്കും. ദാസപ്പൻ മൂകനായി പോയി. നീയിപ്പോൾ കഥയോ കവിതയോ ഒന്നും എഴുതിയില്ലേ. ''ആർക്കു വേണ്ടി?'' ഒരു മറു ചോദ്യത്തിൽ ദാസപ്പൻ ഒതുക്കി. പിന്നെ അവൻ ചോദിച്ചു. നീയിപ്പോൾ അവളെ കാണാറുണ്ടോ? ''ചിലപ്പോൾ വഴിയിൽ വച്ച് കാണാറുണ്ട്. അയാൾ നയത്തോടെ പറഞ്ഞു. എന്റെ ചങ്കാണടാ അവൾക്ക് പറിച്ച് നൽകിയത്. അത് അവൾ ഒരു നോക്ക് നോക്കാതെ കീറിക്കളഞ്ഞു. ഞാനിനി എന്ത് കവിതയെഴുതാൻ എന്ത് കഥയെഴുതാൻ''. രാമനുണ്ണി എങ്ങിനെ അവനെ ആശ്വസിപ്പിക്കും എന്നറിയാതെ വിവശനായി. ''നീ ഇനിയും എഴുതണം. അത് കൈയ്യിൽ പൊതിഞ്ഞു സൂക്ഷിച്ചാൽ പോരാ പ്രസിദ്ധീകരിക്കണം. നിനക്ക് വലിയൊരു ഭാവിയുണ്ട്'' വിരസതയോടെ ഞാൻ പോകുന്നു എന്ന് പറഞ്ഞ് ദാസപ്പനെണീററു. രാമനുണ്ണി കുറെ നേരം കൂടി അവിടെയിരുന്നു വെയില് മങ്ങിയപ്പോൾ എഴുന്നേറ്റു.

ദിവസങ്ങൾ കൊഴിഞ്ഞു. രാമനുണ്ണിയും തങ്കമണിയും തമ്മിലുള്ള അടുപ്പം മുറുകി. രണ്ടു വീട്ടുകാരും അറിഞ്ഞു. അവർക്ക് വലിയ വിരോധമില്ലായെന്ന സ്ഥിതിയായി. രാമനുണ്ണി പണ്ടേ ഗൾഫിൽ ഒരു ജോലിക്ക് ശ്രമിച്ചുകൊണ്ടിരുന്നു. അത് കിട്ടാറായി. ദാസപ്പൻ വായനശാലയിൽ അഭയം പ്രാപിച്ചു.

കാര്യങ്ങൾ ഇവിടെവരെ എത്തിയപ്പോഴാണ് രഘുനാഥ് അവിടെ അവതരിച്ചത്. രഘുനാഥ് ആരെന്നുള്ളതല്ലേ? തങ്കമണിയുടെ അച്ഛന്റെ ഭാതൃസഹോദരിയുടെ മകനാണ്. പട്ടണപ്പരിഷ്കാരി. ഏറ്റവും പുതിയ രീതിയിലുള്ള വസ്ത്രധാരണം. പുതിയ സ്റ്റൈലിലുള്ള മുടി. ഷേവ് ചെയ്ത് മിനുക്കിയ മുഖം. ആരെയും ആകർഷിക്കുന്ന വിധത്തിലുള്ള ആകാരഭംഗി. പോരാത്തതിന് പുതിയ മോഡലിലുള്ള ബുള്ളറ്റ് വണ്ടി. ഗ്രാമപ്രദേശത്തുകാർ ഇങ്ങിനെ ഒരു വണ്ടി ആദ്യമായാണ് കാണുന്നത്. അവിടെയുള്ള ഒരേയൊരു ബുള്ളറ്റ് പ്രധാന വഴിയിൽ ടയർ റീട്രേഡിംഗ് ചെയ്യുന്ന ബുള്ളറ്റ് രാജുവിന്റെതാണ്.

ഏതായാലും രഘുനാഥ് ബുള്ളററിന്റെ പുറകിൽ വലിയ ബാഗും തോളത്ത് ബാക്ക് പാക്കുമായി വന്നു. അയാൾ ആ പഴയ നാട്ടുമ്പുറത്ത് നഗരത്തിന്റെ പൊലിമയുമായി എത്തി. നഗരത്തിൽ ജനിച്ചു വളർന്നു ജീവിച്ച അയാൾ പുതിയ വണ്ടിയിൽ ഒരു നീണ്ട യാത്ര നടത്താനും ഗ്രാമത്തിന്റെ ശാലീനത ആസ്വാദിക്കുവാനുമാണ് വന്നത്. അയാളുടെ അമ്മ നേരത്തെ തന്നെ തങ്കമണിയുടെ അച്ഛനെ വിളിച്ച് കുറച്ച് ദിവസം അയാൾക്ക് താമസം ഏർപ്പാടാക്കിയിരുന്നു. വളരെ ആദരവോടെ അവരെല്ലാം അയാളെ സ്വീകരിച്ചു. അയാൾക്ക് ഉപയോഗിക്കാൻ പ്രത്യേകം മുറി ഒരുക്കിയിരുന്നു. തങ്കമണിക്കായിരുന്നു അതിന്റെ ചുമതല. അയാളോട് അവൾ അൽപം അകലം പാലിച്ചു. പരിചയക്കുറവ് മൂലമുള്ള സങ്കോചം ആയി



ആശംസകളോടെ കുടുംബാംഗങ്ങൾ

രുന്നു കാരണം. പക്ഷേ അയാൾ കൗതുകപൂർവ്വം അവളെ നോക്കി. പേരും മറ്റും ചോദിച്ചു. അവൾ ലജ്ജയോടെ ഉത്തരം പറഞ്ഞു. അയാളെ സൽക്കരിക്കുവാൻ അവളുടെ അമ്മ അവളെ നിയോഗിച്ചു. അമ്മയും തത്രപ്പാടോടെ അടുക്കളയിൽ പരിശ്രമിച്ചു. തങ്കമണി ചായയും ഭക്ഷണവിഭവങ്ങളും വിളമ്പി. അയാൾ കൗതുകത്തോടെ അവളെ വീക്ഷിച്ചുകൊണ്ടിരുന്നു. അവൾക്ക് സങ്കോചം അധികരിച്ചു. തങ്കമണിയ്ക്ക് ഇനി മേൽപ്പോട്ട് പഠിക്കാൻ പ്ലാനുണ്ടോ അയാൾ പെട്ടെന്ന് ചോദിച്ചു. അപ്രതീക്ഷിതമായ ചോദ്യം കേട്ട് അവൾ കൈമലർത്തി. അവൾ അതിനെപ്പറ്റി ചിന്തിച്ചിട്ടു പോലുമില്ലായിരുന്നു. ''പഠിക്കണം മുകളിലേയ്ക്ക് പഠിക്കണം'' അയാൾ ഗൗരവത്തോടെ പറഞ്ഞു. നാരായണൻ നായർ അമ്മാമനായിരുന്നെങ്കിലും വളരെ വിനീതനായിട്ടാണ് പെരുമാറിയത്. പട്ടണത്തിലൊക്കെ ജനിച്ചു വളർന്ന കുട്ടിയല്ലേ. ഒന്നും അപ്രിയമാകരുതല്ലോ. ചായസൽക്കാരം കഴിഞ്ഞ് രഘുനാഥൻ എഴുന്നേറ്റു. ''എനിക്കൊന്നു കുളിക്കണം. ഇവിടെ അടുത്ത് പുഴയുണ്ടോ?'' പുഴ കുറച്ചകലെയാണ്. ഇപ്പോൾ പോകണ്ട മോനെ. വീട്ടിൽ കുളിക്കാം. ''ശരി'' മുറിയോടനുബന്ധിച്ച് ചായ്പിൽ കുളിമുറിയുള്ള ബെഡ്റൂമാണ് അതിഥിക്ക് കരുതിയിരുന്നത്. അയാൾ തന്റെ ബാഗ്ഗേജും തോൾ സഞ്ചിയും എടുത്ത് അങ്ങോട്ട് നീങ്ങി. ചുരുക്കിപ്പറഞ്ഞാൽ ഒരു അവധിക്കാലം അയാൾ അവിടെ ചെലവഴിക്കാൻ വന്നതായിരുന്നു. അയാൾ എംബിഎ പാസായി ഉയർന്ന ഉദ്യോഗത്തിൽ ചേരാൻ കമ്പനി കൊടുക്കുന്ന അവധിയിൽ – ജോയിനിംഗ് ടൈം – ആയിരുന്നു. തങ്കമണിയ്ക്ക് എന്തെന്നില്ലാത്ത അനുഭൂതിയായിരുന്നു. രാമനുണ്ണ്യേട്ടനെപ്പറ്റി ഓർക്കുമ്പോൾ കുറ്റബോധം തോന്നാൻ തുടങ്ങി. അസൗകര്യമായ ചിന്തകൾ മനസ്സിൽ നിന്ന് ആട്ടിപ്പായിച്ചു. അവൾ അയാളെ വിസ്മരിച്ചു.

